# Merry Christmas & Blessed New Year



# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Dn Vinoy (Abraham) Kalappurackal
St. Mary's Church, Yavanarkulam
26 December 2019, 09.15 am



Dn Nidheesh (George) Thalachira
St. Thomas Church, Deepthigiri
26 December 2019, 2.30 pm



Dn Ribin (Francis) Pezhakkattil
Providence Church, Velloonny
28 December 2019, 09.15 am



Dn Nidhin (James) Alackathadathil
St. Sebastian's Church, Elappedika
30 December 2019, 2.30 pm





Dn Vipin (Mathew) Kalappurackal, Dn Jithin (Joseph) Edachilath, Dn Akhil (Joseph) Kunnath
St.Sebastian's Church, Chennalode $1^{st}$ January 2020, 09.15 am



Dn Prince (Abraham) Thekkethil
St. Sebastian's Church, Karimbil
31 December 2019, 09.30 am



Dn Giphin (Joseph) Muttappallil
St. Mary's Forane Church,Thariode
$4^{th}$ January 2020, 9.30 am



Dn Jofin (Sebastian) Mulakodiyankal
St. Antony's Church, Kottathara
$4^{th}$ January 2020, 2.30 pm



Dn Arun (Devasia) Madathiparambil
St. Sebastian's Church, Poroor
$23^{rd}$ January 2020, 9.30 am

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ഡിസംബർ - 2019 ലക്കം 12**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................................ 11

സർക്കുലർ ........................................................................ 17

ഇടയലേഖനം ...................................................................... 21

രൂപതാകച്ചേരി വാർത്തകൾ ..................................... 24

*Common Programme* ........................................................ 26

വൈദികരുടെ മാസധ്യാനം ......................................... 27

സെമിനാരി വാർത്തകൾ ............................................ 30

ബൈബിൾ അപ്പോസ്തലേറ്റ് ........................................ 31

മതബോധനരംഗം .............................................................. 33

ചെറുപുഷ്പ മിഷൻലീഗ് ............................................. 39

*Department of Youth Ministry* ................................... 51

കെ.സി.വൈ.എം ................................................................. 56

കുടുംബപ്രേഷിതത്വം ....................................................... 62

സീയോൻ വാർത്തകൾ ................................................ 64

ജീസസ് യൂത്ത് ................................................................. 66

സാമൂഹ്യ സേവനരംഗം (WSSS) .................................. 69

ബയോവിൻ അഗ്രോ റിസർച്ച് ..................................... 75

നീലഗിരി ഡവലപ്മെന്റ്................................................. 78

*Mary Matha Arts & Science College* ........................ 80

വിദ്യാഭ്യാസ മേഖല ............................................................ 83

കത്തോലിക്കാ കോൺഗ്രസ്സ് ........................................ 86

അറിയിപ്പ് ........................................................................... 92

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................... 94

ബിഷപ്സ് പ്രോഗ്രാം ......................................................... 95

Prot. No. 0167/2019

# സർക്കുലർ

**2019 ഒക്ടോബർ 03 മുതൽ 14 വരെ റോമിൽ നടന്ന സീറോമലബാർ സഭയിലെ മെത്രാന്മാരുടെ ആദ് ലിമിന സന്ദർശനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി** പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2019 ഒക്ടോബർ 03 മുതൽ 14 വരെ തീയതികളിൽ സീറോ മലബാർ സഭയിലെ പിതാക്കന്മാരുടെ ആദ് ലിമിന അപ്പസ്തലോരും സന്ദർശനം റോമിൽ നടന്നു. 'ആദ് ലിമിന അപ്പസ്തലോരും' എന്ന ലത്തീൻ പ്രയോഗം തന്നെ അർത്ഥമാക്കുന്നത് അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ റോമിൽ രക്തസാക്ഷിത്വം വരിച്ച പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ അടുത്തേക്കു ചെല്ലുന്നു എന്നാണ്.

ഒക്ടോബർ 3-ാം തീയതി രാവിലെ 8 മണിക്ക് വി.പത്രോസിന്റെ കബറിടത്തിങ്കൽ എല്ലാ പിതാക്കന്മാരും കൂടി അർപ്പിച്ച വിശുദ്ധ കുർബാനയോടുകൂടിയാണ് സന്ദർശനം ആരംഭിച്ചത്. ആദ് ലിമിന സന്ദർശന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പരി. പിതാവ് ഫ്രാൻസീസ് പാപ്പായുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ഒക്ടോബർ 3-ാം തീയതി രാവിലെ 10.30 മുതൽ 12.30 വരെ നടന്ന പാപ്പായുമൊത്തുള്ള സംഭാഷണം വളരെ ഹൃദ്യവും സഫലവുമായിരുന്നു. വത്തിക്കാൻ കൊട്ടാരത്തിലെ കൺസിസ്റ്ററി ഹാളിലാണ് പാപ്പാ ഞങ്ങളെ സ്വീകരിച്ചത്. ഹാളിൽ രണ്ടുവശത്തായി ഓരോ വരിയിൽ ഞങ്ങൾ ഇരുന്നു. പാപ്പാ വന്നപ്പോൾ അദ്ദേഹത്തിന്റെ കസേര ഞങ്ങളിൽ നിന്ന് അൽപ്പം അകലെയാണെന്നു കണ്ട് തർജ്ജമ ചെയ്യാൻ വന്നിരുന്ന അച്ചനോടു കസേര കുറച്ചുകൂടി അടുപ്പിച്ചിടാൻ പറഞ്ഞു. മാർപാപ്പയും കസേര അടുപ്പിച്ചിടാൻ സഹായിച്ചു. പരിശുദ്ധ പിതാവും തർജ്ജമക്കാരനും ഞങ്ങൾ 48 പിതാക്കന്മാരും അല്ലാതെ മറ്റാരും ആ ഹാളിൽ ഉണ്ടായിരുന്നില്ല.

ആദ്യമേ തന്നെ പരി. പിതാവ് സഭയ്ക്ക് പൊതുവെയും നമ്മുടെ സഭയ്ക്ക് പ്രത്യേകമായും ചെയ്യുന്ന നന്മകൾക്കു നന്ദി പറഞ്ഞുകൊണ്ട്

ഞാൻ സംസാരിച്ചു. പിന്നീട് ഗൾഫ് നാടുകളിലെ നമ്മുടെ ജനങ്ങൾക്ക് സഭയുടെ പാരമ്പര്യമനുസരിച്ചുള്ള അജപാലനം നാം നിയോഗിക്കുന്ന വൈദികർ വഴി ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിതരണമെന്ന് പരി. പിതാവിനോട് അഭ്യർത്ഥിച്ചു. തുടർന്ന് മാർപാപ്പായുടെ ആവശ്യ പ്രകാരം അഭിവന്ദ്യ മൂലക്കാട്ടു പിതാവിനെ മോഡറേറ്ററായി നിശ്ചയിച്ചു. സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച പിതാക്കന്മാരെ മൂലക്കാട്ട് പിതാവ് ആശയാവതരണത്തിനു ക്ഷണിച്ചു. ഓരോരുത്തരെ കേട്ടശേഷം പാപ്പാ മറുപടി പറഞ്ഞുകൊണ്ടിരുന്നു.

പരി. പിതാവുമായുള്ള സംഭാഷണത്തിൽ നിന്നും രൂപപ്പെട്ട പ്രധാന ആശയങ്ങളും കർമ്മപദ്ധതികളും താഴെപ്പറയുന്നവയാണ്:

1. വൈദികർക്കു തങ്ങളുടെ വിളിയെയും ദൗത്യത്തെയുംകുറിച്ച് ആഴമായ ബോധ്യങ്ങളുണ്ടാകാൻ വേണ്ടതു ചെയ്യുക. വൈദികർക്കുള്ള പാപ്പായുടെ സന്ദേശത്തെക്കുറിച്ചു ചോദിച്ചപ്പോൾ 2019 ആഗസ്റ്റ് 4 നു താൻ വൈദികർക്ക് എഴുതിയ കത്ത് പരി. പിതാവ് ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. നാലു പ്രധാന ചിന്തകൾ പാപ്പാ പങ്കുവച്ചു. വൈദികർ ദൈവത്തോടു നിരന്തരബന്ധത്തിലായിരിക്കണം, വൈദികർ തങ്ങളുടെ മെത്രാന്മാരോടും നല്ല ബന്ധത്തിലായിരിക്കണം, അതിനായി മെത്രാന്മാർ വൈദികരെ തികഞ്ഞ കരുതലോടെ കാണുകയും സ്നേഹിക്കുകയും വേണം, വൈദികർ തമ്മിലും ഊഷ്മളമായ സ്നേഹബന്ധങ്ങൾ ഉണ്ടായിരിക്കണം, വൈദികർക്ക് അല്മായരോടും നല്ല ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയണം. ആഴമാർന്ന സമർപ്പണമനോഭാവത്തോടെ അവർ ശുശ്രൂഷ ചെയ്യണം.

2. ഗൾഫ് നാടുകളിലെ സീറോമലബാർ വിശ്വാസികൾക്കു സഭാപാരമ്പര്യങ്ങൾക്കനുസൃതമായി അജപാലന ശുശ്രൂഷകൾ ലഭിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു താൻ കളമൊരുക്കിക്കൊണ്ടിരിക്കുകയാണ് എന്ന് മാർപാപ്പ പറഞ്ഞു.

3. പൗരസ്ത്യ കത്തോലിക്കാ സഭകൾക്കുവേണ്ടി ഒരു പ്രത്യേക സിനഡ് നടത്തണമെന്നുള്ള ഞങ്ങളുടെ ആവശ്യത്തിന് പാപ്പാ അനുകൂലമായ മറുപടി നൽകി.

4. റോമിൽ പത്തുസ്ഥലങ്ങളിൽ സീറോമലബാർ സമൂഹങ്ങൾക്കു വി.കുർബാനയും മറ്റു തിരുക്കർമ്മങ്ങളും നടക്കുന്നുണ്ട്. അവയെല്ലാം ക്രോഡീകരിക്കുന്നതിന് ഒരു ദൈവാലയവും വൈദികമന്ദിരവും റോമൻ വികാരിയേറ്റിൽ നിന്ന് അനുവദിച്ചു കിട്ടിയാൽ നന്നായിരുന്നു എന്ന

ആവശ്യത്തിന്, ഈ വിഷയം പിന്നീട് തന്റെ ശ്രദ്ധയിൽപ്പെടുത്തണ മെന്ന് പാപ്പാ അപ്പസ്തോലിക് വിസിറ്റേറ്ററായ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിനോട് പറഞ്ഞു.

5. സീറോമലബാർ സഭയ്ക്ക് ഇന്ത്യ മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സ്വാതന്ത്ര്യത്തെ പരാമർശിച്ച് ശരിയായ പ്രേഷിത പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് പാപ്പാ പറഞ്ഞു. പ്രേഷിത പ്രവർത്തനം എന്താണെന്ന് മാർപാപ്പ വ്യക്തമാക്കി: "എങ്ങനെയെങ്കിലും ക്രൈസ്തവരുടെ എണ്ണം വർദ്ധിപ്പിക്കുകയല്ല; നല്ല ക്രൈസ്തവജീവിത മാതൃകവഴി ജനങ്ങളെ ക്രിസ്തുവിലേയ്ക്ക് ആകർഷിക്കുകയാണ് വേണ്ടത്". സഹനവും രക്തസാക്ഷിത്വവും മിഷൻ പ്രവർത്തനത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണെന്ന് പരി. പിതാവ് കൂട്ടിച്ചേർത്തു.

6. അവസാനമായി, ഞങ്ങളുടെ ആദ് ലിമിനയുടെ നാളുകളിൽ തന്നെ റോമിൽ നടക്കുന്ന ആമസോൺ സിനഡിനെക്കുറിച്ച് പാപ്പായോട് ഞങ്ങൾ ചോദിച്ചു. സിനഡിന്റെ ലക്ഷ്യങ്ങൾ സംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റായ വാർത്തകൾ വരുന്നുണ്ടെന്ന് മാർപാപ്പാ പറഞ്ഞു. സിനഡിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് മാർപാപ്പ ഞങ്ങളോട് ആവശ്യപ്പെട്ടു. വളരെ ഹൃദ്യമായ അനുഭവമാണ് മാർപാപ്പായുമായുള്ള കൂടിക്കാഴ്ചയിൽ ഞങ്ങൾക്കെല്ലാവർക്കുമുണ്ടായത്.

*Legion of Christ* സന്യാസസമൂഹത്തിന്റെ നേതൃത്വത്തിലുള്ള റോമിലെ മാത്തർ എക്ലേസിയെ ഇന്റർനാഷണൽ സെമിനാരിയിലായി രുന്നു എല്ലാ മെത്രാന്മാരും താമസിച്ചത്. ഏഷ്യയിൽ നിന്നും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നും വൈദികപരിശീലനം നേടുന്ന വിദ്യാർത്ഥികളാണ് ഈ സെമിനാരിയിൽ ഉള്ളത്. കേരളത്തിൽ നിന്നു തന്നെ 25 വൈദികവിദ്യാർത്ഥികൾ ഇവിടെ താമസിച്ചു പഠിക്കുന്നുണ്ട്.

ആദ് ലിമിന സന്ദർശനം ഞങ്ങൾ മെത്രാന്മാർക്ക് എല്ലാവർക്കും വലിയ ദൈവാനുഗ്രഹത്തിന്റെ അനുഭവമായിരുന്നു. ആഗസ്റ്റ് സിനഡിൽ ഉണ്ടായ വർദ്ധിച്ച കൂട്ടായ്മയും ഐക്യവും വളർത്താൻ ആദ് ലിമിന യിലെ പരിപാടികൾ വളരെ സഹായകമായി. പരി. പിതാവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം നടന്ന പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യലായത്തിലെ സന്ദർശനം ഏറെ ഫലദായകമായിരുന്നു. അടുത്ത കാലത്ത് നമ്മുടെ സഭയ്ക്കു വേണ്ടി ഈ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ലെയനാർദോ സാന്ദ്രി എടുത്ത തീരുമാനങ്ങൾക്ക് ഞങ്ങൾ നന്ദി രേഖപ്പെടുത്തി. ആഗസ്റ്റ് സിനഡിന്റെ വിജയത്തിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. വർദ്ധിതമായ ഐക്യത്തിലും സമാധാന

ത്തിലും സഭ മുന്നേറണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുകയും ചെയ്തു. റോമിലെ മറ്റു കാര്യാലയങ്ങളും പിതാക്കന്മാർ സന്ദർശിച്ച് ആശയവിനിമയം നടത്തുകയുണ്ടായി. ഒക്ടോബർ 11-ാം തീയതിയോടുകൂടി കാര്യാലയ സന്ദർശനങ്ങൾ സമാപിച്ചു.

റോമിലെ വിവിധ കോൺഗ്രിഗേഷനുകളുടെയും പൊന്തിഫിക്കൽ കൗൺസിലുകളുടെയും ഓഫീസുകൾ സന്ദർശിക്കാൻ പോയ വേളയിൽ ഞങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കിതന്നത് The Work of the Church എന്ന ഒരു സമൂഹത്തിലെ വൈദികരാണ്. റോമിലെത്തുന്ന മെത്രാന്മാർക്ക്, അവർ ഏതുരാജ്യക്കാരായാലും, സന്മനസ്സോടെ ഇവർ ചെയ്തുവരുന്ന ശുശ്രൂഷകളെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല.

റോമിൽ നാലു മേജർ ബസിലിക്കകൾ ഉണ്ട്: വി.പത്രോസിന്റേത്, സെന്റ് ജോൺ ലാറ്ററൻ, മേരി മേജർ, വി. പൗലോസിന്റേത്. ഇവയിൽ മൂന്നിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ചേർന്ന് സഭയുടെ നിയോഗങ്ങൾക്കായി വി.കുർബാന അർപ്പിച്ചു. മേരി മേജർ ബസിലിക്കയിൽ മറിയം ത്രേസ്യാമ്മയുടെ നാമകരണത്തിനു തലേ ദിവസം ആഘോഷമായ ജാഗരണ പ്രാർത്ഥന നടത്തി. വിശുദ്ധരുടെ നാമകരണപരിപാടികൾ നടത്തുന്ന കാര്യാലയത്തിന്റെ പ്രീഫെക്ട് കാർഡിനൽ ജ്യോവാന്നി ബെച്യു ആയിരുന്നു കാർമ്മികൻ.

ആദ് ലിമിന സന്ദർശനത്തിനു ശേഷം മെത്രാന്മാർ എല്ലാവരും ഒക്ടോബർ 13-ാം തീയതി വി.പത്രോസിന്റെ ചത്വരത്തിൽ നടന്ന നാമകരണ നടപടിയിൽ സംബന്ധിച്ചു. അന്ന് ഫ്രാൻസീസ് പാപ്പാ മറ്റു നാലു പേരോടൊപ്പം നമ്മുടെ മറിയം ത്രേസ്യാമ്മയേയും വിശുദ്ധ പദവിയിലേക്കുയർത്തി. വി.കുർബാനയോടുകൂടി നടന്ന ചടങ്ങിൽ കേന്ദ്രസർക്കാറിന്റെ പ്രതിനിധികളായി മന്ത്രി ശ്രീ. വി.മുരളീധരനും മണിപ്പൂർ മന്ത്രിസഭയിലെ ശ്രീ. ശ്യാം കുമാറും ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ശ്രീ. സിബി ജോർജും സംബന്ധിച്ചിരുന്നു. മറിയം ത്രേസ്യാമ്മയോടൊപ്പം കാർഡിനൽ ജോൺ ഹെൻറി ന്യൂമാനും വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നാമകരണത്തിനു പിറ്റേന്ന് റോമിലെ വി. അനസ്താസിയായുടെ ബസിലിക്കായിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ചേർന്ന് കൃതജ്ഞതാബലിയർപ്പിച്ചു.

സീറോ മലബാർ വിശ്വാസിസമൂഹത്തിനു വേണ്ടി റോമിൽ സ്ഥാപിതമായ ഇടവകയുടെ രജതജൂബിലിയാഘോഷങ്ങളുടെ സമാപന സമ്മേളനം ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച *ദിവീനോ അമോറെ* എന്ന മാതാവിന്റെ തീർത്ഥാടന കേന്ദ്രത്തിൽ വച്ചു നടന്നു.

അന്നേ ദിവസം നടത്തപ്പെട്ട വി.കുർബാനയിലും പൊതുസമ്മേളന ത്തിലും എല്ലാ മെത്രാന്മാരും സംബന്ധിച്ചു.

ആദ് ലിമിന സന്ദർശന ദിവസങ്ങളിൽ നടന്ന മറ്റൊരു പ്രധാന പ്പെട്ട സംഭവമാണ് നമ്മുടെ പ്രൊക്യൂരയുടെ ആശീർവ്വാദം. Domus Mar Thoma (മാർ തോമാ ഭവൻ) എന്നാണ് പ്രൊക്യൂരയുടെ പേര്. ഇവി ടെയും മെത്രാന്മാർ എല്ലാവരും ചേർന്നുള്ള വി.കുർബാന ഉണ്ടായിരുന്നു. കുർബാനയ്ക്കുശേഷം കർദ്ദിനാൾ *സാന്ദ്രി ദോമൂസ് മാർതോമ്മ* ഉദ്ഘാ ടനം ചെയ്തു. അദ്ദേഹവും ഞാനും ചേർന്ന് ആശീർവാദകർമ്മം നിർവ്വ ഹിച്ചു. ഉച്ചഭക്ഷണത്തോടെ സമാപിച്ച ചടങ്ങിൽ വത്തിക്കാനിലേയും റോമിലെയും പല വിശിഷ്ട വ്യക്തികളും വൈദികരും സമർപ്പിത ശ്രേഷ്ഠരും അല്മായപ്രതിനിധികളും സംബന്ധിച്ചു. നമ്മുടെ സഭയുടെ റോമിലെ ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് ഈ ഭവനം പല വിധത്തിലും ഉപകരിക്കും. ഇതിന്റെ നിർമ്മാണവും സംവിധാനവും അനേകരുടെ നിര ന്തരവും കഠിനവുമായ പരിശ്രമത്തിന്റെ ഫലമാണ്. യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററും നമ്മുടെ സഭയുടെ റോമിലെ പ്രൊക്യു റേറ്ററുമായ അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്തു പിതാവിന്റെ നേതൃത്വം പ്രത്യേകം പ്രശംസ അർഹിക്കുന്നു. ഇപ്രകാരം ഒരു പൊതുഭവനം റോമിൽ ലഭിച്ചതിൽ നമുക്കു നന്ദിപറയാം. സഭാമക്കൾ ഏവരും നൽകിയ സംഭാവനകളാണ് ഈ സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്കു സഹായകമായത്. എല്ലാവർക്കും നന്ദി പറയുന്നു.

ആദ് ലിമിന സന്ദർശനം പിതാക്കന്മാർക്ക് മാനസികവും ആത്മീ യവുമായ ഒരു വിരുന്നനുഭവമായിരുന്നു. സാർവ്വത്രികസഭയുടെ പ്രവർത്തനങ്ങൾ മനനം ചെയ്ത് വീക്ഷണങ്ങൾ വിശാലമാക്കാൻ പിതാക്കന്മാർക്കു സാധിച്ചു. അസ്സീസിയിലേക്കുള്ള ഒരു ദിവസത്തെ തീർത്ഥാടനം നവമായ ആത്മീയോൽക്കർഷത്തിന് ഏറെ ഉപകരിച്ചു. വി. ഫ്രാൻസീസിന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ദൈവാ ലയത്തിൽ ഞങ്ങൾ ഒരുമിച്ചു വി.കുർബാന അർപ്പിച്ചു. ഫ്രാൻസിസ്കൻ കൊൺവെൻചൽ ആശ്രമത്തിലെ വൈദികസഹോദരന്മാർ ഞങ്ങൾക്ക് ചെയ്തുതന്ന സഹായങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ആദ് ലിമിന സന്ദർശനവും അനുബന്ധപരിപാടികളും ഒക്ടോബർ 14 നു സമാപിച്ചു.

റോമിലെ പ്രധാന പരിപാടികളുടെ വാർത്തകൾ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും നിങ്ങൾ അറിഞ്ഞിരുന്നു വല്ലോ. കൂടുതൽ വിശ്വാസതീക്ഷ്ണതയോടും സഭയോടുള്ള പ്രതിബദ്ധ തയോടുംകൂടി നമ്മുടെ ശുശ്രൂഷകൾ തുടരാൻ കാരുണ്യവാനായ

കർത്താവ് നാമെല്ലാവരെയും അനുഗ്രഹിക്കട്ടെ. പരി. അമ്മയുടെയും പുതുതായി നാമകരണം ചെയ്യപ്പെട്ട വിശുദ്ധ മറിയം ത്രേസ്യാമ്മയുടെയും മാദ്ധ്യസ്ഥ്യസഹായം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും ലഭിക്കുമാറാകട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർ മാസം 1-ാം തീയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- ഈ സർക്കുലർ ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സന്ന്യസ്തരുടെയും അല്മായസഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. സർക്കുലർ മുഴുവനായും ദൈവാലയത്തിൽ വായിക്കാവുന്നതുമാണ്.**

# സർക്കുലർ

***Circular Letter No. 14/2019***
***Prot. No. 22509/2019***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

കേരള സംസ്ഥാന തലത്തിൽ സിവിൽ സർവീസിലേക്കുള്ള നിയമനങ്ങൾ ഇനി മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) എന്ന പുതിയ സംവിധാനത്തിലൂടെ പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ പെടുന്നവർക്ക് മാത്രമായിരിക്കും എന്ന കാര്യം ഇതിനോടകം തന്നെ നിങ്ങളിൽ പലരും അറിഞ്ഞു കാണുമല്ലോ. സർക്കാർ ഉദ്യോഗസ്ഥരെ പല വിഭാഗത്തിൽ പെടുത്തിയിട്ടുള്ളതിനാൽ പ്രധാനപ്പെട്ട പല തസ്തികകളിലേക്കും ഈ പരീക്ഷ പാസാകുന്ന വരാണ് നിയമിക്കപ്പെടുന്നത്. ഭാവിയിൽ അവരിൽ ചിലരെങ്കിലും ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് അഥവാ ഐ.എ.എസ് ലേക്ക് ശുപാർശ ചെയ്യപ്പെടാൻ സാധ്യതയുണ്ട്. ഏതാനും വർഷങ്ങൾ ക്കുശേഷം കെ.എ.എസ് ലൂടെ നിയമിക്കപ്പെടുന്ന തസ്തികകളുടെ എണ്ണം കൂടാനുള്ള സാധ്യതയുമുണ്ട്. അതോടൊപ്പം തന്നെ പി എസ് സി വഴി നിയമനം മറ്റ് തസ്തികകളിലേക്കും നടത്തും. ചുരുക്കത്തിൽ ഈ രണ്ട് മാർഗ്ഗത്തിലൂടെ അല്ലാതെ കേരളത്തിൽ ഇനി സർക്കാർ ജോലി ലഭിക്കാൻ പ്രയാസമായിരിക്കും. അതുകൊണ്ട്, നമ്മുടെ യുവതിയുവാക്കൾ ഈ സാഹചര്യം ഗൗരവപരമായി കണക്കിലെടു ക്കുകയും പരീക്ഷകൾക്ക് സമയത്ത് തന്നെ രജിസ്റ്റർ ചെയ്ത് നന്നായി പഠിച്ച് പരീക്ഷയെഴുതി പാസായി ഉയർന്ന റാങ്കിൽപെട്ട് നിയമനത്തിന് യോഗ്യത നേടേണ്ടതാണ്.

ഈ രണ്ട് പരീക്ഷകൾക്കും സർക്കാർ ഇതിനകം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് താല്പര്യമുള്ള എല്ലാവരും അടിയന്തരമായി അവ പരിശോധിച്ച് ഉടൻതന്നെ പേര് രജിസ്റ്റർ ചെയ്ത് പരീക്ഷയെഴുതാൻ തയ്യാറെടുക്കണം. വിശദവിവരങ്ങൾ ഈ സർക്കുലറിനോടൊപ്പമുള്ള വിശദീകരണക്കുറിപ്പിൽ ലഭ്യമാണ്. താൽപര്യമുള്ളവർക്ക് രൂപതാ കേന്ദ്രത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ഹെൽപ്പ് ഡെസ്കിൽ നിന്ന് ഇക്കാര്യങ്ങൾക്കുള്ള സഹായവും ലഭ്യമാണ്. ബഹുമാനപ്പെട്ട

വൈദികരും സന്യസ്തരും സംഘടനാ നേതാക്കളും ഇക്കാര്യം യുവതി യുവാക്കളെയും മാതാപിതാക്കളെയും ബോധ്യപ്പെടുത്തുകയും പറഞ്ഞു മനസ്സിലാക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം എന്ന് ഓർമിപ്പിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഡിസംബർ മാസം 1-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

---

## KERALA ADMINISTRATIVE SERVICE (KAS) – 2019

*കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) പരീക്ഷ 2019*
*പരീക്ഷ നടത്തുന്നത്*: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
* പോസ്റ്റ് KAS Officer (Junior Time Scale) Trainee Stream1, 2 & 3
(സംസ്ഥാനതലത്തിലുള്ള സിവിൽ സർവ്വീസ് പോസ്റ്റുകളിലേക്ക്)
**യോഗ്യത:** ഏതെങ്കിലും വിഷയത്തിൽ ബിരുദം.

**പരീക്ഷകൾ**

- ♦ പ്രാഥമിക പരീക്ഷ – OMR Sheets based – സ്ക്രീനിംഗ് ടെസ്റ്റ് – ഇത് പാസായാൽ മാത്രമേ പ്രധാന പരീക്ഷ എഴുതാൻ സാധിക്കൂ. പ്രാഥമിക പരീക്ഷ പാസാകുന്നവരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കാൻ വിളിപ്പിക്കും. പിന്നീട് പ്രധാന പരീക്ഷയ്ക്ക് യോഗ്യരായവരുടെ പേരുകൾ പ്രസിദ്ധീകരിക്കും.
- ♦ പ്രധാന പരീക്ഷ – Descriptive – 100 മാർക്കിന്റെ മൂന്ന് പേപ്പറുകൾ – 2 മണിക്കൂർ വീതം ഓരോ പേപ്പറിനും.

- ഇന്റർവ്യൂ - പരമാവധി മാർക്ക് 50, പ്രധാന പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കുകളുടെ അടിസ്ഥാനത്തിൽ നിയമനം.

**പ്രധാന തീയതികൾ**

- അപേക്ഷ നൽകേണ്ട തീയതി - നവംബർ 1 മുതൽ ഡിസംബർ 4 വരെ
- പരീക്ഷ തീയതി - 2020 ഫെബ്രുവരി
- അഡ്മിറ്റ് കാർഡ് റിലീസിംഗ്, റിസൽട്ട് എന്നിവയുടെ തീയതികൾ നിശ്ചയിച്ചിട്ടില്ല.

**അപേക്ഷകൾ ലഭ്യമായ സൈറ്റുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- Kerala.psc.gov.in, thulasi.psc.kerala.gov.in
- അപേക്ഷിക്കുന്നതിന് മുമ്പ് സൈറ്റിൽ രജിസ്റ്റർ ചെയ്യണം.
- രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന User ID, Password എന്നിവ സൂക്ഷിച്ച് വെക്കണം.
- അപേക്ഷിക്കുന്നതിന് മുമ്പ് നിർദ്ദേശങ്ങൾ നന്നായി വായിച്ചു നോക്കണം. അപേക്ഷ നൽകിയ ശേഷം പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിച്ച് വെക്കണം.
- കൃത്യമായി നിർദ്ദിഷ്ട രൂപത്തിൽ അപേക്ഷ നൽകിയില്ലെങ്കിൽ നിരാകരിക്കപ്പെടും.
- അപേക്ഷിക്കുന്ന സമയത്ത് നൽകുന്ന മൊബൈൽ നമ്പറും ഇ-മെയിൽ ഐഡിയും മാറ്റാൻ പാടുള്ളതല്ല.
- അപേക്ഷയോടൊപ്പം നൽകുന്ന ഫോട്ടോ ഏറ്റവും പുതിയത് ആയിരിക്കണം.
- നാം തെരഞ്ഞെടുക്കുന്ന ഭാഷയിൽ (മലയാളം, തമിഴ്, കന്നഡ) പരീക്ഷ എഴുതാൻ സാധിക്കും.

**അഡ്മിഷൻ കാർഡ്**

പരീക്ഷയുടെ 15 ദിവസം മുമ്പ് അഡ്മിഷൻ കാർഡ് റിലീസ് ചെയ്യും. പരീക്ഷക്ക് കറുപ്പ്, നീല നിറമുള്ള പേനകൾ മാത്രം ഉപയോഗിക്കുക. ഐഡന്റിറ്റി പ്രൂഫ്, അഡ്മിഷൻ കാർഡ് എന്നിവ നിർബന്ധമായും പരീക്ഷക്ക് കൊണ്ടുപോവുക.

ഡിഗ്രി കഴിഞ്ഞ് പിജി ചെയ്യുന്നവരോ വീട്ടിലിരിക്കുന്നവരോ മറ്റ് താത്ക്കാലിക തൊഴിലിലേർപ്പിട്ടിരിക്കുന്നവരും മാനന്തവാടി രൂപതാംഗങ്ങളുമായ നമ്മുടെ യുവജനങ്ങളോട് ഈ പരീക്ഷ എഴുതാൻ ആവശ്യ

പ്പെടുന്നത് നല്ലതായിരിക്കും. പരീക്ഷ എഴുതാൻ താൽപര്യമുള്ളവർക്ക് രജിസ്ട്രേഷൻ മുതലുള്ള എല്ലാക്കാര്യങ്ങളും ക്രമീകരിക്കാൻ സഹായം നൽകുന്നതാണ്. സാധ്യമെങ്കിൽ പരീക്ഷക്ക് ഒരുങ്ങുന്നതിനും (എണ്ണമനുസരിച്ച്) സഹായിക്കാൻ സാധിക്കും. സഹായം ആവശ്യമുള്ള മാനന്തവാടി രൂപതാംഗങ്ങളോട് 9744667206 എന്ന നമ്പറിൽ വാട്ട്സാപ്പ് വഴി ബന്ധപ്പെടാൻ പറയുക.

## KERALA PSC LDC – 2020

കേരള PSC നടത്തുന്ന ലോവർ ഡിവിഷൻ ക്ലർക്ക് പോസ്റ്റിലേക്കുള്ള പരീക്ഷയുടെ നോട്ടിഫിക്കേഷൻ വന്നിട്ടുണ്ട്. പി.എസ്.സി. സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഈ പരീക്ഷയ്ക്കുള്ള അപേക്ഷ നൽകാവുന്നതാണ്. വിവിധ വകുപ്പുകളിലുള്ള ലോവർ ഡിവിഷൻ ക്ലർക്ക് പോസ്റ്റിലേക്കാണ് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത്. വേക്കൻസി എണ്ണം കണക്കാക്കിയിട്ടില്ല.

**യോഗ്യത:** പത്താം ക്ലാസ്സ്

**പ്രായപരിധി:** 18–36 വയസ്സ് (2 ജനുവരി 1983 നും 1 ജനുവരി 2001 നുമിടയിൽ ജനിച്ചവർ)

**ശമ്പളവ്യവസ്ഥ:** 19000 മുതൽ 43600 വരെ

എങ്ങനെയാണ് അപേക്ഷിക്കേണ്ടത്?

- പി.എസ്.സി. യുടെ ഔദ്യോഗിക വെബ്സൈറ്റ് http://wwwkeralapsc. gov.in/home-2 സന്ദർശിക്കുക
- രജിസ്റ്റർ ചെയ്യാത്തവർ രജിസ്റ്റർ ചെയ്യുക
- തുടർന്ന് അപേക്ഷാഫോം പൂരിപ്പിക്കുക
- ഏറ്റവും പുതിയ ഫോട്ടോയും ഒപ്പും അപ്ലോഡ് ചെയ്യുക
- അപേക്ഷ സമർപ്പിക്കുക

**പരീക്ഷയുടെ വിഷയങ്ങൾ:** പത്താം ക്ലാസ്സിലെ വിഷയങ്ങൾക്ക് തുല്യമായിരിക്കും.

**പരീക്ഷയുടെ തീയതിയും സമയവും:** പിന്നീട് പ്രഖ്യാപിക്കും

**അപേക്ഷിക്കേണ്ട അവസാന തീയതി:** ഡിസംബർ 18, 2019

നമ്മുടെ രൂപതയിലെ പത്താം ക്ലാസ്സ് കഴിഞ്ഞ് (മറ്റ് ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളും തടസ്സമല്ല) താൽക്കാലിക ജോലികൾ ചെയ്യുന്നവരും ജോലി ഇല്ലാത്തവരുമായ എല്ലാവരേയും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സഹായിക്കുക. സഹായം ആവശ്യമുള്ള മാനന്തവാടി രൂപതാംഗങ്ങളോട് 9744667206 എന്ന നമ്പറിൽ വാട്ട്സാപ്പ് വഴി ബന്ധപ്പെടാൻ പറയുക.



# ഇടയലേഖനം



***Pastoral Letter No. 01/2019***
***Prot. No.22510/2019***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും പ്രത്യേകമായി കൈക്കാരന്മാർ, ഇടവക പൊതുയോഗാംഗങ്ങൾ, പ്രതിനിധിയോഗാംഗങ്ങൾ, വിശ്വാസപരിശീല കാദ്ധ്യാപകർ, സംഘടനാഭാരവാഹികൾ, കുടുംബകൂട്ടായ്മാ ഭാരവാഹികൾ എന്നിവർക്ക് എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കർത്താവിന്റെ ജനനതിരുനാളിന് ഒരുക്കമായുള്ള 25 നോമ്പിലാണല്ലോ നമ്മൾ. ആരാധനക്രമ വർഷത്തിന്റെ തിരിവനുസരിച്ച് ഈ കാലഘട്ടത്തെ നമ്മൾ മംഗളവാർത്തക്കാലം എന്ന് വിളിക്കുന്നു. രക്ഷകനെ കാത്ത് ആയിരക്കണക്കിന് വർഷങ്ങൾ ആകാംക്ഷയോടെ തള്ളിവിട്ട മനുഷ്യകുലത്തിന് രക്ഷകൻ പിറക്കുമെന്ന അറിയിപ്പിന്റെ കാലമായതിനാലാണ്, ഇതിന് നമ്മൾ മംഗളവാർത്ത അല്ലെങ്കിൽ "സുവിശേഷം" എന്ന് വിളിക്കുന്നത്. ആദത്തിന്റെയും ഹവ്വയുടെയും അനുസരണക്കേട് മൂലം അലങ്കോലപ്പെട്ട മനുഷ്യജീവിതത്തെ പറുദീസയുടെ പൂർവ്വ അവസ്ഥയിലേക്ക് എത്തിക്കുക എന്ന വലിയ ദൗത്യമായിരുന്നല്ലോ രക്ഷകനുണ്ടായിരുന്നത്. അതിനായി അവിടുന്ന് നമ്മെപോലൊരു മനുഷ്യനായി അവതരിച്ച് പരിപൂർണ്ണമായ അനുസരണത്തിലൂടെ കടന്നു പോവുകയും സ്നേഹത്തിന്റെയും ത്യാഗത്തിന്റേതുമായ മാർഗ്ഗം മാത്രമാണ് ഈ ലോകത്തെ വീണ്ടും സ്വർഗ്ഗ സമാനമാക്കാനുള്ള മാർഗ്ഗം എന്ന് പഠിപ്പിക്കുകയും ചെയ്തു. അതേ അനുസരണത്തിന്റെ മുൻ മാതൃകകൾ ആണ് വി. യൗസേപ്പും വി.മറിയവും. തങ്ങളുടെ ജീവിതം വലിയ അപകടത്തിലാണെന്ന് മനസ്സിലാക്കിയിട്ടും ദൈവേഷ്ടത്തോട് കീഴ്‌വഴങ്ങിയവരാണവർ. അതുകൊണ്ടാണ് നമുക്ക് രക്ഷകനെ ലഭിച്ചത്. രക്ഷകന്റെ ജനനം

അറിയിച്ചുകൊണ്ട് മറിയത്തിന് മുൻപിൽ വന്നു നിന്ന് ഗബ്രിയേൽ ദൂതൻ ഇപ്രകാരം പറഞ്ഞു; "നന്മ നിറഞ്ഞവളേ സ്വസ്തി കർത്താവ് നിന്നോടുകൂടെ ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി. എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്നവൾ ചിന്തിച്ചു ദൂതൻ അവളോടു പറഞ്ഞു മറിയമേ നീ ഭയപ്പെടേണ്ടാ ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, നീ അവന് യേശു എന്ന് പേരിടണം... മറിയം ദൂതനോട് പറഞ്ഞു ഇതെങ്ങനെ സംഭവിക്കും ഞാൻ പുരുഷനെ അറിയു ന്നില്ലല്ലോ? ദൂതൻ മറുപടി പറഞ്ഞു പരിശുദ്ധാത്മാവ് നിന്റെ മേൽ വരും അത്യുതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയം പറഞ്ഞു: ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ. അപ്പോൾ ദൂതൻ അവളുടെ മുൻപിൽ നിന്നും മറഞ്ഞു". (ലൂക്ക 1:28-38).

നമ്മൾ ആഘോഷിക്കുന്നതിനായി ഒരുങ്ങുന്ന ക്രിസ്തുമസ് ലോകത്തിന് ശാന്തിയുടെയും സമാധാനത്തിന്റേയും കൂട്ടായ്മയുടെയും അവസരമായി മാറണം. അതിനായിട്ടാണല്ലോ ഓരോ ക്രൈസ്തവ വിശ്വാസിയും ഈ ലോകത്തിൽ ആയിരിക്കുന്നത്. അഴിമതിയും കൈക്കൂലിയും അക്രമവും സ്വാർത്ഥതയും കൊടികുത്തി വാഴുന്ന ഈ ലോകത്തിൽ ക്രിസ്തുമസ് എന്ന സ്നേഹദൂതിന്റെ വാഹകരായി നമുക്ക് മാറാം. പൗലോസിനെ കാഴ്ചപ്പാടിൽ ക്രിസ്തു ശിരസായിരിക്കുന്ന ഭൗതികശരീരം ആണ് സഭ. സഭാംഗങ്ങൾ ഓരോരുത്തരും ശരീരത്തിലെ അവയവങ്ങളാണ് മറ്റു വാക്കുകളിൽ സ്വർഗ്ഗസ്ഥനായ ക്രിസ്തുവിന്റെ തുടർച്ചയാണ് ഈ സഭ. ഇന്ന് രക്ഷകന്റെ ദൗത്യം നിറവേറ്റേണ്ടത് നമ്മളാണ്. അതിനായി ഈ നോമ്പുകാലത്ത് നമ്മുടെ ശരീരത്തെയും മനസ്സിനെയും നല്ലവണ്ണം ഒരുക്കേണ്ടതുണ്ട്. ദൈവം ആയിരുന്നിട്ടും ആ ദൈവത്വം പിടിച്ചു വയ്ക്കേണ്ട ഒരു കാര്യമായി കരുതാതെ മനുഷ്യന്റെ നിലയിലേക്ക് ഇറങ്ങി വന്ന രക്ഷകനെപ്പോലെ എളിയ മനസുള്ളവരായി മാറുമ്പോഴാണ് ആ ഒരുക്കം പൂർണ്ണതയിൽ എത്തുന്നത്. അപ്പോൾ നമ്മുടെ മനസ്സിലും ഹൃദയത്തിലും അതിലൂടെ നമ്മുടെ ചുറ്റുമുള്ള വരിലും രക്ഷകൻ ജനിക്കും. അതിനായി നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. സമാഗതമാകുന്ന ക്രിസ്തുമസ് മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും നേരുന്നു. ക്രിസ്മസിനെ തുടർന്ന് ഒരു

പുതിയ വർഷത്തിലേക്കും നമ്മൾ പ്രവേശിക്കുകയാണല്ലോ. പോയവർഷത്തെ വിജയങ്ങളും പരാജയങ്ങളും വിശകലനം ചെയ്ത് വിലയിരുത്തി ആത്മധൈര്യത്തോടെയും ദൈവാശ്രയബോധത്തോടെയും പുതിയ വർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. 2020 നിങ്ങൾക്ക് ഏവർക്കും ദൈവാനുഗ്രഹത്തിന്റെ വർഷമാകട്ടെ?

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 നവംബർ മാസം 26 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഡിസംബർ മാസം 8-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഡിസംബർ 24 ന് ബഹു. അഗസ്റ്റിൻ കീലേത്തച്ചന്റെയും ഡിസംബർ 25 ന് ബഹു. ലെയോപോൾഡ് മഠത്തിനകം അച്ചന്റെയും ചരമ ദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർക്കാം.

**ബൈബിൾ ഞായർ**

ഡിസംബർ 29 ഞായറാഴ്ച ബൈബിൾ ഞായറായി കേരളസഭ ആചരിക്കുകയാണല്ലോ. ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ഡിസംബർ മാസത്തിൽ ബൈബിൾ വായിക്കുവാനും ധ്യാനിക്കുവാനും പ്രോത്സാഹനം നൽകാം. ഡിസംബർ 29 ഞായറാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച കെ.സി.ബി.സി.യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാൻ രൂപതാകേന്ദ്രത്തിൽ എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലിറ്റർജിയിൽ Lincentiate നേടി തിരിച്ചെത്തിയിരിക്കുന്ന ബഹു. സാന്റോ അമ്പലത്തറ അച്ചന് രൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. പുതിയ പ്രവർത്തനമേഖലയിൽ അച്ചന് എല്ലാ വിജയങ്ങളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

കഴിഞ്ഞ പ്രവർത്തനവർഷത്തെ ഏറ്റവും നല്ല രൂപതകൾക്കുള്ള മിഷൻലീഗ് സംസ്ഥാനതല Gold Star പുരസ്കാരം മാനന്തവാടി രൂപത കരസ്ഥമാക്കി. മിഷൻ സ്റ്റാർ പുരസ്കാരം നേടിയ ബത്തേരി മേഖലയ്ക്കും മേഖലാ ഡയറക്ടർ ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചനും മേഖല ഭാരവാഹികൾക്കും മികച്ച ശാഖകൾക്കുള്ള മിഷൻ സിൽവർ സ്റ്റാർ പുരസ്കാരം നേടിയ പൂളപ്പാടം, കയ്യൂന്നി ശാഖകൾക്കും ശാഖാ ഡയറക്ടർമാരായ ബഹു. തോമസ് പരുന്തനോലിൽ അച്ചനും ബഹു. തോമസ് മണക്കുന്നേൽ അച്ചനും ശാഖാ ഭാരവാഹികൾക്കും

മതാദ്ധ്യാപകർ, മിഷൻലീഗ് അംഗങ്ങൾ എന്നിവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 6 വരെ രൂപതാകച്ചേരി അവധിയായിരിക്കും

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## DISASTER FUND

| DISASTER FUND RECEIVED FROM PARISHES | |
|---|---|
| **PARISH NAME** | **AMOUNT** |
| PATHIRIPPADAM | 60,880 |
| PUTHUSSERIKKADAVU | 1,6500 |
| KANIYAMBETTA | 8,810 |
| | **86,190** |

| Common Programmes in the year 2020 | | |
|---|---|---|
| **Date** | **Programme** | **Venue** |
| January 29 Wednesday | New Priests' Reception | Bishop's House |
| February 2 Sunday | Appointment of New Priests | |
| February 07 Friday | Consultors' & Finance Council Meting | Bishop's House |
| March 05 Thursday | Presbyteral Council | Bishop's House |
| March 09 Monday | Religious Superiors' Meet | Pastoral Centre |
| March 11 Wednesday - March 13 Friday | Junior Priests' Meet | Pastoral Centre |
| March 14 Saturday | Pastoral Council | Pastoral Centre |
| March 18 Wednesday | Priests' Conference | Pastoral Centre |
| March 21 Saturday | Meeting of Office Bearers of Associations | Pastoral Centre |
| April 06 Monday | Death Anniversary of Bishop Emmanuel Pothanamuzhy | Cathedral |
| April 07 Tuesday | Minor Orders | MMC |
| May 02 Saturday | Diocesan Day | Pastoral Centre |
| May 5 Tuesday - May 7 Thursday | Major Seminarians' Gathering | MMC |
| May 11 Monday | Vestition of Major Seminarians | MMC |
| May 13 Wednesday | Minor Seminary Interview | MMC |
| May 16 Saturday | WSSS General Body Meeting | WSSS |
| May 17 Sunday | Transfer of Priests | |
| May 26 Tuesday | Golden & Silver Jubilee of Priests | Bishop's House |
| May 27 Wednesday | Meeting of Forane Vicars | Bishop's House |
| July 01 Wednesday | Manimooly - Joint Curia Meeting | Manimooly |
| September 13 Sunday - 18 Friday | Priests' Retreat | Pastoral Centre |
| September 20 Sunday - 25 Friday | Priests' Retreat | Pastoral Centre |
| October 10 Saturday | Pastoral Council meeting | Pastoral Centre |
| November 01 Sunday | Benefactors' Day | MMC |
| November 04 Wednesday | Presbyteral Council | Bishop's House |
| November 16 Monday | Deacons and Parents Meet | Bishop's House |
| November 19 Thursday | Home Day | MMC |
| December 09 Wednesday | Consultors' & Finance Council Meeting | Bishop's House |
| December 10 Thursday | Priests' Conference | Pastoral Centre |

# വൈദികരുടെ മാസധ്യാനം

## നീലഗിരി മേഖല

6-11-19 ന് വൈദികരുടെ മാസധ്യാനം ബോസ്പാറ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വെച്ച് നടന്നു. ഇടവക വികാരി ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ ഏവരേയും സ്വാഗതം ചെയ്തു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് "പുരോഹിതന്റെ ധർമ്മം" എന്ന വിഷയത്തെ ആസ്പദമാക്കി വിശുദ്ധീകരിക്കുക, പഠിപ്പിക്കുക, നയിക്കുക, വചനവായന, വചനം പഠിപ്പിക്കുക, വചനത്തിന് അധിഷ്ഠിതമായ ജീവിതം നയിക്കുക തുടങ്ങിയ ധ്യാനചിന്തകൾ പങ്കുവച്ചു. അതിനുശേഷം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ നിലഗീരി മേഖലയിലെ ദൈവജനവും വൈദികരും അഭിമുഖീകരിക്കുന്ന ഇടവകാ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ബഹു. തോമസ് മണക്കുന്നേൽ അച്ചൻ അഭിവന്ദ്യ പിതാവിന് നന്ദി അർപ്പിച്ചു. ബഹു. സജി പുതുക്കുളങ്ങര അച്ചൻ ആരാധന നയിച്ചു. തുടർന്ന് നടന്ന മീറ്റിംഗിൽ റീജണൽ ഡയറക്ടർ മണക്കുന്നേൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു.

വിവിധ ഭക്തസംഘടനകളുടെ ഡയറക്ടർമാർ സംഘടനാ പ്രവർത്തനങ്ങളെകുറിച്ച് വിലയിരുത്തി സംസാരിച്ചു. കയ്യൂന്നി ശാഖയ്ക്ക് CML 2018-19 പ്രവർത്തനവർഷത്തിൽ സംസ്ഥാനത്തെ മികച്ച ശാഖയ്ക്കുള്ള സിൽവർസ്റ്റാർ പുരസ്കാരം ലഭിച്ചു. ഇടവക വികാരി തോമസ് മണക്കുന്നേൽ അച്ചന് വൈദികർ അനുമോദനം അർപ്പിച്ചു. NDS നീലഗിരി റീജണൽ സെന്ററിന്റെ വെഞ്ചരിപ്പ് നവംബർ 19 ന് 11 am ന് നടത്തപ്പെടുന്നതാണ് എന്ന് NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ അറിയിച്ചു. മാതൃവേദി - മേഖല പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ബഹു. ഫാ. സജി പുതുക്കുളങ്ങര സംസാരിച്ചു. രൂപതാ സാഹിത്യമത്സരം നവംബർ 9 ന് അരുൾനിലയത്ത് വച്ചു നടത്തപ്പെടുന്നതാണ്. 2018-19 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഇടവകകൾ I st കയ്യൂന്നി, II nd മൺവയൽ, III rd കൽപ്ര, രൂപതാതലത്തിൽ ഒന്നാം സ്ഥാനം കയ്യൂന്നി. കെ.സി.വൈ.എം. - നവംബർ 19 ന് പേൾ 2019 രൂപതാ കലാമത്സരം മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടത്തപ്പെടുന്നതാണെന്ന് മേഖലാ ഡയറക്ടർ ബഹു. റോബിൻ അച്ചൻ അറിയിച്ചു. സോണൽ പാസ്റ്റർ ബഹു. ജെയിംസ് മാങ്കോട്ടിൽ അച്ചന്റെ നേതൃത്വത്തിൽ നവംബർ 10 ന് അരുൾനിലയത്തു വച്ചു ഇടവക തലത്തിലുള്ള പ്രാർത്ഥനാക്കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനായി ഞായറാഴ്ച 2.00 pm ന് വി. കുർബാന

അർപ്പിക്കാമെന്ന് തീരുമാനമെടുത്തു. മതബോധനം – നവംബർ 24 ന് +1 വിദ്യാർത്ഥി സംഗമം ദ്വാരകയിൽ വച്ച് നടക്കുന്നതാണെന്ന് മേഖലാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ അറിയിച്ചു. നീലഗിരി മേഖലയിലെ വൈദീകർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, കൈക്കാരന്മാർ, സെക്രട്ടറി, കപ്യാർ എന്നിവർക്കായി Safe Enviornment Seminar ഗൂഡല്ലൂർ വച്ച് ഡിസംബർ 15 ന് ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. ബഹു. ഫാ. സജി ഇളയിടത്ത് എല്ലാവർക്കും നന്ദി അർപ്പിച്ചു. അടുത്ത മാസധ്യാനം നീലഗിരി റീജനൽ സെന്ററിൽ വച്ച് ഡിസംബർ 10 ന് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
റീജണൽ സെക്രട്ടറി

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയുടെ വൈദീക കൂട്ടായ്മ നവംബർ 2 ന് നെടുമ്പാല പള്ളിയിൽ വെച്ച് നടന്നു. ഫാ. ജിമ്മി ഓലിക്കലിന്റെ സ്വാഗത പ്രസംഗത്തോടെ ധ്യാനം ആരംഭിച്ചു. റവ. ഫാ. റിജോ മുണ്ടടിശ്ശേരി CST ധ്യാന ചിന്തയും ആരാധനയും നടത്തി. തുടർന്ന് വൈദീകർ ഒന്നു ചേർന്ന് സെമിത്തേരിയിൽ പരേതരെ അനുസ്മരിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പിന്നീട് നടന്ന പൊതുമീറ്റിംഗിൽ ബഹു. ജോസ് വടയാപറമ്പിൽ ദ്വാരകയിൽ വെച്ച് നവംബർ 29 നും 30 നും നടക്കുന്ന കൈക്കാരന്മാരുടെ ധ്യാനത്തെക്കുറിച്ചും എല്ലാ സംഘടനകളുടെയും ഒരുമാസത്തെ പ്രവർത്തനത്തെ കുറിച്ചും വിലയിരുത്തി സംസാരിച്ചു. നവംബർ 09–ന് നടക്കുന്ന അൾത്താരബാലികാബാലന്മാരുടെ മീറ്റിംഗിനെക്കുറിച്ചും ഡിസംബർ 09 ന് നടക്കുന്ന തിരുബാലസംഖ്യ മത്സരത്തെക്കുറിച്ചും ഓലിക്കലച്ചനും, ഒക്ടോബർ 18 ന് എടപ്പെട്ടിയിൽ നടന്ന മാതൃസംഘം അർദ്ധവാർഷികത്തെക്കുറിച്ച് നെല്ലിക്കുന്നേലച്ചനും, രൂപതാ മേഖലാ യുവജനപ്രസ്ഥാനത്തിന്റെ ശാക്തീകരണത്തെക്കുറിച്ച് വാത്തേലിയച്ചനും പോക്സോ നിയമത്തെക്കുറിച്ച് കൊച്ചറയ്ക്കലച്ചനും സംസാരിച്ചു. വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം ഫാ.ടോണി താന്നിക്കൽ എല്ലാവർക്കും നന്ദി പറയുകയും ഡിസംബർ 10 ന് ചാരിറ്റിയിൽ വച്ച് നടക്കാൻ പോകുന്ന മാസധ്യാന കൂട്ടായ്മയിലേക്ക് എല്ലാവരേയും ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി**
സെക്രട്ടറി

## ബത്തേരി ഫൊറോന

നവംബർ മാസത്തെ ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം തോമാട്ടുചാൽ സെന്റ് തോമസ് പള്ളിയിൽ വച്ചു നടന്നു. ഇടവക വികാരി ഫാ. ഡെന്നീസ് പൂവത്തിങ്കൽ ഏവരേയും സ്വാഗതം ചെയ്തു. ഫാ.മാത്യു കപ്പൂച്ചിൻ ധ്യാനചിന്തകൾ പങ്കുവെച്ചു. നിയമാ.10:8–10 അടിസ്ഥാനപ്പെടുത്തി ആരാണ് പുരോഹിതനെന്നും, അവന്റെ ധർമ്മവും ഓഹരിയുമെന്താണെന്നും അച്ചൻ ഓർമിപ്പിച്ചു. ക്രിസ്തു കേന്ദ്രീകൃതമായി സമർപ്പണ മനോഭാവത്തോടെ വിശ്വാസ്യത യോടെ വചനത്തിൽ ആഴപ്പെട്ട് നല്ല ബന്ധങ്ങൾ തീർത്ത് നല്ല പുരോ ഹിതനാകണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയ്ക്ക് ഫൊറോന വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ നേതൃത്വം നൽകി. മിഷൻലീഗ് രൂപതാ കലോത്സവത്തിൽ ബത്തേരി മേഖലയെ ഒന്നാം സ്ഥാനത്തെത്താൻ സഹായിച്ച ജോബി മുക്കാട്ടുകാവുങ്കലച്ച നേയും ടീം അംഗങ്ങളേയും വൈദീകർ അനുമോദിച്ചു. ഡിസംബർ മാസം 27 നു തിരുബാലസഖ്യ മേഖലാ മത്സരവും മേഖലാ ക്യാമ്പും നടത്താൻ തീരുമാനിച്ചു. മതബോധനം നവംബർ 24 ന് നടക്കുന്ന രൂപതാ പ്ലസ് വൺ സംഗമത്തിന് കുട്ടികളെ പറഞ്ഞു വിടണമെന്നും, മേഖലാ പ്ലസ് ടു സംഗമം ജനുവരി 5 ന് ബത്തേരി അസംപ്ഷൻ ഫൊറോന പള്ളിയിൽ വച്ച് നടത്തുമെന്നും പത്താം ക്ലാസ് ഡിപ്ലോമ പരീക്ഷക്കായുള്ള രജിസ്ട്രേഷൻ ഓൺലൈനായി ചെയ്യണമെന്നും മതാ ദ്ധ്യാപക ദിനം മനോഹരമായി ആചരിക്കണമെന്നും ഡയറക്ടർ ചാക്കോ മേപ്പുറത്തച്ചൻ ഓർമിപ്പിച്ചു. ഇനിയും ഓൺലൈൻ അക്കൗണ്ടിംഗ് തുടങ്ങാത്ത ഇടവകകൾ ഉടനെ അതിനുവേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്യണമെന്ന് രൂപതയിൽ നിന്നുമറിയിച്ചതായി ഫൊറോനാ വികാരി അറിയിച്ചു. ഇനിയും രൂപത സേഫ് എൻവിയോൺമെന്റ് സമിതിയുടെ Church Parsonnel ലിസ്റ്റ് അയച്ചു കൊടുക്കാത്തവർ ഉടൻ അയക്കണ മെന്ന് അച്ചൻ ഓർമ്മപ്പെടുത്തി. അടുത്ത മാസധ്യാനം വടക്കനാട് പള്ളി യിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. അനീഷ് ആലുങ്കൽ**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

## അൾത്താര ബാലൻമാരുടെ ക്യാമ്പ്

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

മൗണ്ട്മേരി കോളേജിൽ നിന്നും ആഗതമാകുന്ന ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുന്നു. അച്ചന്റെ എല്ലാ സഹായസഹകര ണങ്ങൾക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു. ഈ വർഷം 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വൈദീകജീവിതത്തിലേക്ക് കടന്നുവരാൻ താൽപര്യമുള്ള അൾത്താരസംഘത്തിൽ അംഗങ്ങളായവരോ അല്ലാത്ത വരോ ആയ ആൺകുട്ടികൾക്കുവേണ്ടി ഒരു ക്യാമ്പ് നമ്മുടെ രൂപത യുടെ വൊക്കേഷൻ ബ്യൂറോയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് സംഘടിപ്പിക്കുന്നു. വൈദീകജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്ര ഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും. 2019 ഡിസംബർ 22 ഞായർ വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 24 ചൊവ്വ രാവിലെ 10 മണിക്ക് ക്യാമ്പ് അവസാ നിക്കും. നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്ന ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും കുട്ടി കളെ പറഞ്ഞുവിടുമല്ലോ. അച്ചന്റെ ഇടവകയിൽ നിന്നും 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വൈദികരാകാൻ താൽപര്യമുള്ള പരമാവധി കുട്ടികളെ പറഞ്ഞയയ്ക്കണേ.

**NB:** 1. ക്യാമ്പിന് രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയായിരിക്കും.

2. കുർബാന പുസ്തകം, പേന, നോട്ട് ബുക്ക്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

3. ക്യാമ്പിന് വരുന്ന കുട്ടികളുടെ വിവരം താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിലേക്ക് 2019 ഡിസംബർ 22ന് മുമ്പ് വിളിച്ചറിയിക്കുമല്ലോ.

**ഫാ.ബിജു തുരുത്തേൽ**
വൊക്കേഷൻ പ്രൊമോട്ടർ
ഫോൺ: 9495511616

**ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ
ഫോൺ: 9447882293

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, മൈനർ സെമിനാരി

# ബൈബിൾ അപ്പോസ്തലേറ്റ്

സ്നേഹമുള്ള അച്ചന്മാരേ,

ലോഗോസ് 2019 ന് നൽകിയ എല്ലാ സഹായ സഹകരണങ്ങൾക്കും ഹൃദയപൂർവ്വകമായ നന്ദി. ലോഗോസ് 2019 – ലെ വിജയികൾക്ക് എല്ലാവിധ അനുമോദനങ്ങൾ. നവംമ്പർ 10 ന് നടന്ന സംസ്ഥാന മത്സരത്തിൽ നമ്മുടെ രൂപതയിൽ നിന്നും E-ഗ്രൂപ്പിലെ സിസിലി ജോർജ്ജ് തേക്കുംകാട്ടിൽ – കൽപ്പറ്റ ഇടവക, സംസ്ഥാന സെമിഫൈനൽ മത്സരത്തിന് അർഹത നേടി.

രൂപതാതല വിജയികൾക്കുള്ള ക്യാഷ് അവാർഡ്, ട്രോഫി, സർട്ടിഫിക്കറ്റ് എന്നിവ 2019 ഡിസംബർ –14 ശനിയാഴ്ച 12 pm – ന് വിതരണം ചെയ്യുന്നതാണ്. സമ്മാനാർഹരായവർ ദ്വാരക പാസ്റ്ററൽ സെന്ററിൽ എത്തി സമ്മാനങ്ങൾ കൈപ്പറ്റുവാൻ ശ്രദ്ധിക്കുമല്ലോ. വികാരിയച്ചന്മാർ അവരെ ഒന്നു പറഞ്ഞയക്കണേ.

**ലോഗോസ് ക്വിസ്സ് രൂപതാതല വിജയികളുടെ ലിസ്റ്റ്**

**Group - A**

| **പേര്, വീട്ടുപേര്** | **ഇടവക** | **മാർക്ക്** | **സ്ഥാനം** |
|---|---|---|---|
| ആൻമരിയ ചിറമുഖത്ത് | പോരൂർ | 89 | I |
| നേഹൽ ചന്ദ്രത്തിൽ | പാടിച്ചിറ | 87 | II |
| അനീറ്റ കാഞ്ഞിരക്കാട്ട് | പടമല | 80 | III |

**Group - B**

| | | | |
|---|---|---|---|
| ഐറിൻ കടകേലിൽ | പനംചിറ | 86 | I |
| ആൻമരിയ മഞ്ഞളിയിൽ | അരിഞ്ചേർമല | 85 | II |
| ഹെനിൻ കടകേലിൽ | പനംചിറ | 84 | III |

**Group - C**

| | | | |
|---|---|---|---|
| സി. ടെസി മരിയ SH | SH Provincial House | 94 | I |
| സജിത്ത് മംഗലത്ത് | ചുങ്കക്കുന്ന് | 93 | II |
| അഞ്ജന ചെറുതറപ്പേൽ | കയ്യൂന്നി | 92 | III |

**Group - D**

| | | | |
|---|---|---|---|
| ജിഷ ചിറമുഖത്ത് | പോരൂർ | 97 | I |
| ദീപ വടക്കേത്തോട്ടം | കയ്യൂന്നി | 96 | II |
| തോമസ് പുതുമനക്കുഴി | പാലേമാട് | 95 | III |

**Group- E**

| | | | |
|---|---|---|---|
| സിസിലി ജോർജ്ജ് തേക്കുംകാട്ടിൽ | കൽപ്പറ്റ | 97 | I |
| ചിന്നമ്മ മംഗലത്ത് | ചുങ്കക്കുന്ന് | 91 | II |
| ഓമന സൈമൺ | കുന്നൂർ | 90 | III |

**Group- F**

| | | | |
|---|---|---|---|
| തോമസ് മംഗലത്ത് | ചുങ്കക്കുന്ന് | 94 | I |
| റോസമ്മ കൊച്ചറയ്ക്കൽ | വാഴവറ്റ | 93 | II |
| അൽഫോൻസ കൊട്ടാരപള്ളി | ഒലിവുമല | 90 | III |

**Family**

| | | | |
|---|---|---|---|
| മംഗലത്ത് | ചുങ്കക്കുന്ന് | 92.33 | I |
| കടകേലിൽ | പനംചിറ | 76.33 | II |
| അരുമയിൽ | ചോക്കാട് | 75.33 | III |

**ഫാ. പോൾ വാഴപ്പിള്ളി**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## HM, PP Conference - December 7

ഈ അദ്ധ്യായന വർഷത്തെ രണ്ടാമത്തെ HM, PP Conference ഡിസംബർ 7-ാം തീയതി രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ ചോദ്യപേപ്പറിന്റെ വില കൊണ്ടുവരണം. അതോടോപ്പം ഡിപ്ലോമ online ചെയ്തതിന്റെ list ഉം സ്കോളർഷിപ്പ് ഫോമും (IV,VII) കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് (in English Capital Letters) ഓഫീസിൽ ഏൽപ്പിക്കണം. HCC Hall Ticket കൈപ്പറ്റുകയും വേണം.

## Plus Two വിദ്യാർത്ഥി സംഗമം

നവംബർ 10-ാം തീയതി മാനന്തവാടി ഫൊറോനയിലും (കണിയാരം), നവംബർ 17-ാം തീയതി തരിയോട് ഫൊറോനയിലും (തരിയോട്) Plus Two വിദ്യാർത്ഥികളുടെ സംഗമം നടത്തപ്പെട്ടു. Plus Two സംഗമത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ.ഫാ.നോബിൾ പാറക്കലിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ മേഖലാ ഡയറക്ടർ ബഹു. ജോജോ കുടക്കച്ചിറ അച്ചനും കണിയാരം ഫൊറോന വികാരി ബഹു. പോൾ മുണ്ടോളിക്കൽ അച്ചനും, അസ്സി. വികാരി ജോർജുകുട്ടി കണിപ്പിള്ളി അച്ചനും സെക്രട്ടറി റോജസ് സാറിനും സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി. തരിയോട് മേഖലാ ഡയറക്ർ ബഹു. സെബാസ്റ്റ്യൻ ഇലവനപ്പാറ അച്ചനും തരിയോട് ഫൊറോനാ വികാരി ബഹു. ജെയിംസ് കുന്നത്തേട്ട് അച്ചനും, അസ്സി. വികാരി ബഹു. സന്തോഷ് ഒറവാറന്തറ അച്ചനും, മേഖലാ സെക്രട്ടറി വിൻസെന്റ് പാറയിൽ സാറിനും സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും നന്ദി.

**ഡിസംബർ മാസത്തിൽ Plus Two സംഗമം നടക്കുന്ന ഫൊറോനകൾ താഴെ കൊടുക്കുന്നു.**

| | | |
|---|---|---|
| ഡിസംബർ 1 | - | ദ്വാരക |
| ഡിസംബർ 29 | - | കൽപ്പറ്റ |
| ജനുവരി 5 | - | ബത്തേരി |

ഇനിയും പ്ലസ് ടു സംഗമത്തിൽ പങ്കെടുക്കാത്ത കുട്ടികൾ നമ്മുടെ ഇടവകയിൽ ഉണ്ടെങ്കിൽ ഈ സ്ഥലങ്ങളിൽ വിട്ട് പങ്കെടുപ്പിക്കാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കണം.

**Plus Two പ്രതിഭാസംഗമം**

പ്ലസ് ടു വിദ്യാർത്ഥികളുടെ ഫൊറോനാതല പ്രതിഭാസംഗമം നടത്തി രൂപതാതല സംഗമത്തിനുള്ള കുട്ടികളുടെ പേര് നവംബർ 30ന് മുൻമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫൊറോനാതല പ്രതിഭാസംഗമത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് പെൺകുട്ടികളുടെയും രണ്ട് ആൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവയാണ് ഓഫീസിൽ തരേണ്ടത്. ഫൊറോന മതബോധന ഡയറക്ടേഴ്സും സെക്രട്ടറിമാരും ശ്രദ്ധിക്കുമല്ലോ.

**രൂപതാ തല പ്രതിഭാസംഗമം ഡിസംബർ 8 ന് ആയിരിക്കും.**

## HDC Project, Exam

HDC II year പഠിക്കുന്നവർക്ക് Project submit ചെയ്യേണ്ട അവസാന തീയതി ഡിസംബർ 31 ആയിരിക്കും. അവരുടെ എഴുത്തു പരീക്ഷ Feb 1 നും ആയിരിക്കും.

ജനുവരി 11-ന് നിലമ്പൂർ പള്ളിയിൽ HDC I[st] years ന് രണ്ടാമത്തെ ക്ലാസ്സ് നടക്കുന്നതായിരിക്കും.

2017-2019 ബാച്ച് HDC students ന്റെ ഒരു സംഗമവും Certificate വിതരണവും ദ്വാരകയിൽ വച്ച് നടത്തുന്നു. താഴെ പേരു കൊടുത്തിരിക്കുന്ന എല്ലാവരും HDC സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

1. JINESH VENNAMPADATHIL
2. ALPHONSA ANJITHA KUTTIYATH
3. SR. SERENE KOCHUTHAZHATHU SABS
4. SR. TESSY EDAKKARA SABS
5. SMITHA JOSEPH ARACKKAL
6. DONA JOSEPH POOTHAKUZHIYIL
7. MELHA ROSE SHABU MUTHIRAKKALAYIL
8. ANSU ELIZABETH VARKEY KAKKANATTU
9. SR. LEEMA ROSE SKD
10. SR. LEELAMMA SKD

11 JOMON GEORGE MECKAL

12. BLESSY BABY PANACHIKAL
13. ROSE MARY KADALIKKATTIL
14. ALEYAMMA (SR UDAYA CMC)
15. SR. NEETHU MARIA THOMAS SH VADAKKEDATH
16. SR. ANNS MARIA SH
17. LAYA MATHEW THUNDIPARAMBIL
18. SAJI AUGUSTINE PUTHUSSERIL
19. JINCY MATHEW MALEKUDY
20. RAMYA E JOSE CHITTOOPARAMBIL
21. SR. NIRMALA SKD
22. BIJUSH K GEORGE KAKKARAKUNNEL
23. MAYA JOSEPH THOPPIL
24. SHIJI P K THEVARKUNNEL
25. MELVIN JARARDH PERUMATTIKUNNEL
26. SHEMIN MATHEW VALIYAVEETTIL
27. JYOTHI THOMAS (MARIYAM) KIZHAKKENIRAPPIL
28. LAISAMMA POULOSE KAITHARATH
29. IVY SEBASTIAN VETTIKKAL
30. SHIBI KJ KUNJANAYIL
31. JOHN PJ PULLAPPILLIL
32. ANUSREE ROYAN VATTAMTHOTTIYIL
33. AISWARYA ROYAN VATTAMTHOTTIYIL
34. THUSHARA K JACOB OROPLACKAL
35. SR. MELVIA AMBARAYIL
36. ANCY K VARGHESE KANNAMPUZHA
37. ELIZABETH JOFI VADAKKEDATH
38. MK THRESSIA (SR THERES KURIAN SH)
39. SEEMA MT (SR. NAVYA SH)
40. JOHN PD PATHALIL
41. RAIJU KJ KOLLAMKUNNEL
42. ANJU AUGUSTINE (THRESYA) VELIYATH
43. LINCY DANIEL (MARIYAM) PONNARAKUNNEL
44. REEMA MR MUNDAMAKKAL
45. AMALJITH CJ CHOONDANAL

46. JISS GEORGE NELLOOR
47. MINOLD JOY VATTAKAVUNKAL
48. CHINCHU JOSEPH THEKKANAL
49. JINCY GEORGE KARUVALLITHARA
50. SHEENA JOSEPH MANGALATHKAROTT
51. SREEJA E P THENGADAYIL
52. SR. SANDRA GEORGE CMC
53. AUGUSTINE ABRAHAM MEMMATTE
54. ALPHONSA VETTUKALLEL
55. ANNA KADUKKAMTHOTTIYIL
56. K MOLLY GEORGE ELLICKAL
57. LISSY SHYJIL KUDAKAPPARAMBIL
58. MARIA (JISNA RAJU) NIRAPPUTHOTTIYIL
59. MARIAMMA MU THUNDIYIL
60. MINCY MOL K J EZHUTHUPALLICKAL
61. VINI JOFFIN KALAPPURAPUTHENPURACKAL
62. ANTO KURIAN ELLICKAL
63. LIDIYA JOSEPH PICHAKAPALLIL
64. SIYA ABRAHAM (ANNAMMA) MATTATHUMANAYIL
65. SR.ROSE MATHEW SH
66. ALPHONSA SUNNY MANJAKKUNNEL
67. TREESA MARY NJONDENMAKKAL
68. JYOTHISH JOSEPH ELANJIKAL
69. SAJEENA MATHEW PAYATTINAL
70. SOFIYA THOMAS MYLADUMPARA
71. SREEJA JOSEPH VIRIPPAMATTATHIL
72. SR. RINI THOMAS T SABS
73. PREETHI JOBIT KILIYAMPRAYIL
74. REGI SUNNY PAYYANATTU
75. CLINT JOSE PERUMBATHARA
76. SR. NEENU A J CMC
77. SR. SHINI JOSEPH CMC
78. SR.SIJIMOL KC CMC
79. SR. VIDHYA N D CMC

80. DEEPA CHACKO MAZHUVANCHARY
81. JESSY .K J .KODAKKATT
82. JINCY PRINCE KALAMBUKATTU
83. MARIAM (DOLLY) NELLIKATTIL
84. PHILOMINA MJ KALLAMMAKKAL
85. RINCY SHAJU MANIYANIPURATH
86. THRESSIA VV (SHALY) KOMETH
87. VIJI REJI THOOPPUMKARA
88. SR. ANILIT SKD
89. SR. JESNA MARIA SH
90. SR. ROSLIN THOMAS SCV
91. SR. DAISY SKD
92. NEETHU GEORGE THANNITTAMMAKKIL
93. SR. REENA SEBASTIAN SKD
94. JOBIN JOY THEGUMTHOTTATHIL
95. ABINA P S PARAKUNNEL
96. JESSY THOMAS VALUMMEL
97. SUNITHA K THOMAS PALATHINKAL
98. SOUMYA (SR SOUMYA FCC)
99. ANU SHAJI VADAKKEDATH
100. RAJANI PAYYAMPALLI
101. ROBIN MATHEW THUNDIYIL
102. LIJI PETER POOVELIL
103. SUJA JOHNY VANDANNUR
104. SR. JIYA ANNS CMC
105. SR. ANUPRIYA SHAJU SKD
106. SR. HELANA .JOY SKD
107. ATHIRA THOMAS KANNAMPALLIYIL
108. SIJONA JOSE KATTAMKOTTIL
109. SALJA JOSEPH CHIRAMMEL
110. SILVI M D MANJALAMALAYIL
111. JOLLY CB (PHILOMINA) ILLIKKAL
112. MANOJ N L NJALLAMPUZHA
113. BABY P GEORGE VATTATH

114. JISHA THOMAS THATTAMPARAMBIL
115. LUCY PHILIP KANJIRAPARA
116. SIMI P A MUNDACKAL
117. SUBIMOL JOSEPH PUTHENPURAKKAL
118. SUJA N N PURAPPUZHAYIL
119. TEESTA GEORGE THARAPPEL
120. TIMIYA PAUL EDASSERITHOTTATHIL
121. SR TESSY TOM SH
122. JESSY JOHNY KUPPAYIL
123. LEENA LUKOSE POOTHAKUZHIYIL
124. .REENA MJ PAROOKKARAN
125. SANTY A J KACHIRAYIL
126. LEENA MATHEW AYYAMKUZHAKKAL
127. NEENU BABY KIZHAKKEL
128. AMALA MD MOOLANIRAPPEL
129. REEBA AB APPANCHIRA
130. SR .LIZY K J SCV
131. ARUN ARANJANIYIL
132. S.R M ANGELINE ( JINSI SEBASTIAN)

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

മത്സരങ്ങളുടേയും വിധി നിർണ്ണയങ്ങളുടേയും ഒരു കാലഘട്ടവും കൂടി കഴിഞ്ഞു. ഒരിക്കൽ കൂടി സംസ്ഥാന മത്സരത്തിൽ തിളക്കമാർന്ന വിജയം നേടാൻ നമുക്ക് സാധിച്ചതിൽ ദൈവത്തിന് നന്ദിയും പ്രത്യക്ഷ മായും പരോക്ഷമായും സഹകരിച്ച നിങ്ങൾക്കെല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും. അതോടൊപ്പം മികച്ച പ്രവർത്തനത്തിന് രൂപത കൾക്കുള്ള സംസ്ഥാന സമിതിയുടെ മിഷൻ ഗോൾഡ് സ്റ്റാർ പുര സ്ക്കാരവും, ബത്തേരി മേഖലയ്ക്ക് മിഷൻ സ്റ്റാർ പുരസ്ക്കാരവും, കയ്യൂന്നി - പൂളപ്പാടം ശാഖകൾക്ക് സിൽവർ സ്റ്റാർ പുരസ്ക്കാരവും ലഭിച്ചു. ഇതൊക്കെ നമ്മുടെ കൂട്ടായ്മയുടെ വിജയമാണ്. കഴിഞ്ഞ വർഷ ങ്ങളിൽ രൂപതയെ നയിച്ച രൂപതാ ഡയറക്ടർ അച്ചന്മാരേയും, സിസ്റ്റേ ഴ്സിനേയും, അൽമായ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു. മേഖലാ, ശാഖാ തലങ്ങളിൽ മിഷൻലീഗിനെ വളർത്തിയ പ്രിയപ്പെട്ട അച്ചന്മാരേയും, സിസ്റ്റേഴ്സിനേയും, ഭാരവാഹികളേയും സ്നേഹ ത്തോടെ സ്മരിക്കുകയും തുടർന്നും സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

മത്സരങ്ങളും ആരവങ്ങളും കഴിഞ്ഞ് മിഷൻലീഗ് സംഘടന യുടെ വലിയ ലക്ഷ്യത്തിനുവേണ്ടി അദ്ധ്വാനിക്കുകയും പ്രാർത്ഥിക്കു കയും ചെയ്യേണ്ട മാസമാണ് ഡിസംബർ. സംഘടന ഡിസംബർ മാസ ത്തിൽ 'ദൈവവിളി' മാസമായി ആചരിക്കുന്നു. ദൈവവിളി വർഷത്തിന്റെ ചിന്തകൾ മനസ്സിൽ ധ്യാനിച്ച് ദൈവവിളി പ്രോത്സാഹനത്തിന് ഉതകുന്ന കാര്യങ്ങളിൽ സജീവ ശ്രദ്ധ പതിപ്പിക്കുമല്ലോ. ദൈവവിളി ക്യാമ്പുകൾ, സെമിനാറുകൾ, ദൈവവിളി പ്രോത്സാഹനത്തിനുതകുന്ന അഭിമുഖ ങ്ങൾ, മിഷൻ അനുഭവങ്ങൾ എന്നിവ ക്രമീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക. 10,11,12, ഡിഗ്രി വിദ്യാർത്ഥികൾക്ക് പ്രത്യേകമായ ദൈവവിളി ചിന്തകൾ നൽകുന്നത് ഉചിതമായിരിക്കും. ജീവിതാന്തസ്സിനെ കുറിച്ച് ചിന്തിക്കുവാനും അതിനായി പ്രാർത്ഥിക്കുവാനും അവരെ ഒരു ക്കുമല്ലോ. ഈ വർഷം നടത്തപ്പെടുന്ന ക്യാമ്പുകളിലേയ്ക്ക് കുട്ടികളെ

കണ്ടുവെയ്ക്കുകയും മാതാപിതാക്കളെ വിവരം ബോധ്യപ്പെടുത്തുകയും ചെയ്യുമല്ലോ. പ്രാർത്ഥിച്ചും പ്രവർത്തിച്ചും നമ്മുടെ സംഘടനയിൽ നിന്നും ഒത്തിരി ദൈവവിളികൾ ഉണ്ടാകുവാൻ നമുക്ക് ഒരുമിച്ച് പരി ശ്രമിക്കാം.

അതോടൊപ്പം തൂമഞ്ഞിന്റെ അകമ്പടിയോടെ ക്രിസ്തുമസ്സ് ഇതാ ആഗതമായി. ഓരോ ക്രിസ്തുമസ്സും ഈശോയെ ലോകത്തിന് പരിചയ പ്പെടുത്തുവാനുള്ള സന്ദർഭമാണ്. ഈ പ്രാവശ്യത്തെ ക്രിസ്തുമസ്സ് ഒരു ക്കവും കഴിഞ്ഞ വർഷത്തെപ്പോലെ ചില വ്യത്യസ്തമായ ചലഞ്ചുകളോ ടെയാണ് ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥനയിലൂടെയും പ്രവർത്തന ത്തിലൂടെയും നമ്മുടെ ജീവിതത്തിലും പരിസരങ്ങളിലും, മറ്റുള്ളവരിലും ക്രിസ്തുമസ്സ് ശോഭ പരത്താൻ നമുക്ക് സാധിക്കണം. അതിനായി 25 ദിനങ്ങൾ നീണ്ടുനിൽക്കുന്ന ക്രിസ്തുമസ്സ് സ്റ്റാർ ചലഞ്ച് നമ്മളെ സഹാ യിക്കും. വിശദവിവരങ്ങൾ വികാരിയച്ചന്മാർക്ക് മേഖലഭാരവാഹികൾ വഴി എത്തിച്ചു തരുന്നതാണ്. സ്നേഹ, ത്യാഗ സമ്പന്നമായ ക്രിസ്തു മസ്സ് ഏവർക്കും ആശംസിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഷിജു അച്ചൻ**

പ്രാർത്ഥനാ മലരുകൾ - 72 പരിശുദ്ധരാജ്ഞി

മിഷൻപ്രെയർ ബാങ്ക് - കല്യാൺ രൂപത (കൽപ്പറ്റ മേഖലയിലെ ശാഖ കൾ)

**ഏറ്റവും മികച്ച പ്രവർത്തന രൂപത**

2018-2019 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച പ്രവർത്തന രൂപതയായി (Mission Gold Star പുരസ്കാരം) ആയി മാനന്തവാടി രൂപത തിരഞ്ഞെടുക്കപ്പെട്ടു. രൂപതയുടെ വിജയത്തിനായി പ്രവർത്തിച്ച ശാഖാ, മേഖലാ, രൂപതാ ഭാരവാഹികളെയും പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാനതല അംഗീകാരം - മികച്ച മേഖല**

2018-2019 പ്രവർത്തന വർഷത്തെ മികച്ച മേഖലയായി (Mission Star പുരസ്കാരം) ബത്തേരി മേഖല തിരഞ്ഞെടുക്കപ്പെട്ടു. വിജയ ത്തിനായി പ്രവർത്തിച്ച ശാഖാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവു ങ്കൽ, ജോയിന്റ് ഡയറക്ടർ റവ. സി. ബ്രിജിറ്റ് SH, പ്രസിഡണ്ട് ശ്രീ.ജോഷി മുഞ്ഞനാട്ട്, സെക്രട്ടറി കുമാരി ആൻസി പൂവങ്കേരി തുട ങ്ങിയ എല്ലാ ഭാരവാഹികൾക്കും, ശാഖാ പ്രവർത്തകർക്കും ചെറു പുഷ്പമിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദന ങ്ങൾ..

**സംസ്ഥാനതല അംഗീകാരം - മികച്ച ശാഖകൾ**

2018-2019 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച ശാഖകളായി (Mission Silver Star പുരസ്കാരം) കയ്യൂന്നി, പൂളപ്പാടം ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടു. വിജയത്തിനായി പ്രവർത്തിച്ച ശാഖാ ഡയറക്ടേഴ്സ് റവ. ഫാ. തോമസ് മണക്കുന്നേൽ, റവ. ഫാ. തോമസ് പരുന്തനോലിൽ, ജോയിന്റ് ഡയറക്ടേഴ്സ് റവ. സി. ആൻമരിയ SH, റവ. സി. ആനി FCC, പ്രസിഡണ്ട്മാർ ആൽബിൻ പടിഞ്ഞാറയിൽ, റെജി വടക്കേടത്ത്, സെക്രട്ടറിമാർ അഞ്ജന ചെറുതറപ്പേൽ, വിൻസെന്റ് കുറ്റിയാങ്കൽ തുടങ്ങിയ എല്ലാ ഭാരവാഹികൾക്കും, ശാഖാ പ്രവർത്തകർക്കും ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ..

**'പ്രതിഭ' -സംസ്ഥാന കലോൽസവ പരിശീലനം**

സംസ്ഥാന കലോൽസവത്തിലേക്ക് യോഗ്യത നേടിയവർക്കുള്ള പരിശീലനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഫാ. ഷിജു ഐക്കരക്കാനായിൽ, സി. ആൻസി പോൾ SH, ശ്രീ.ഷാജി ചന്ദനപറമ്പിൽ, ശ്രീ. തോമസ് കല്ലറയ്ക്കൽ, അഡ്വ. ജിജിൽ കിഴക്കരക്കാട്ട് എന്നിവർ നേതൃത്വം നൽകി.

**സംസ്ഥാന മിഷൻ കലോത്സവം**

2019-2020 വർഷത്തെ മിഷൻ കലാമത്സരങ്ങൾ പാലാ രൂപതയിലെ രാമപുരം മാർ ആഗസ്തീനോസ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. സംസ്ഥാന വൈസ് ഡയറക്ടറും - മാനന്തവാടി രൂപത ഡയറക്ടറുമായ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ച് രാമപുരം ഇടവക വികാരി റവ. ഫാ. ജോർജ്ജ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്ത സംസ്ഥാന മിഷൻ കലോത്സവം സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം പതാക ഉയർത്തിയതോടെ ആരംഭിച്ചു. 12 സ്റ്റേജുകളിലായി കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുമായി 1000 - ൽ പരം മത്സരാർത്ഥികൾ പങ്കെടുത്തു.

**മാനന്തവാടി രൂപതയ്ക്ക് തിളക്കമാർന്ന വിജയം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ മാനന്തവാടി രൂപത രണ്ടാം സ്ഥാനത്തിന് യോഗ്യത നേടി. ഈ തിളക്കമാർന്ന വിജയത്തിനു പിന്നിൽ പ്രവർത്തിച്ച മത്സരാർത്ഥികളേയും പരിശീലനം നൽകിയവരേയും നന്ദിയോടെ ഓർത്തുകൊണ്ട് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**മുൻപേ നടന്നവർ:-** ചെറുപുഷ്പ മിഷൻലീഗിനെ മുൻ വർഷങ്ങളിൽ നയിച്ച വ്യക്തിത്വങ്ങളുടേയും, ടീം അംഗങ്ങളുടേയും സംഗമം 2019 ഡിസംബർ 14 ന് (ശനിയാഴ്ച) വൈകുന്നേരം 6.00 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നു. ബഹു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അച്ചൻ പങ്കെടുക്കുന്നു.

**ക്രിസ്തുമസ്സ് സ്റ്റാർ ചലഞ്ചും ക്രിസ്തുമസ്സ് ഡയറിയും**

ഈ വർഷവും ക്രിസ്തുമസ്സ് ഒരുക്കം ചില വ്യത്യസ്ത ചലഞ്ചുകളോടെയാണ് ക്രമീകരിച്ചിരിക്കുന്നത്. അംഗങ്ങൾക്ക് ചെയ്യാവുന്ന പ്രവർത്തനങ്ങളാണ് ചലഞ്ചായി ക്രമീകരിച്ചിരിക്കുന്നത്. ചലഞ്ചിന്റെ അനുഭവങ്ങൾ എഴുതിയ ക്രിസ്തുമസ്സ് ഡയറിയിൽ ഏറ്റവും മികച്ചത് ജനുവരി 12 ന് മുൻപ് രൂപത ഓഫീസിൽ എത്തിക്കണം. അവർക്ക് പ്രത്യേക സമ്മാനം ഉണ്ടാവും.

**ക്ലിക്ക് ഫോട്ടോഗ്രാഫി മത്സരം**

ദൈവവിളിയുമായി ബന്ധപ്പെട്ട ജീവിതക്കാഴ്ചകളാണ് മൊബൈലിൽ പകർത്തേണ്ടത്. ആറു മാസത്തിനുള്ളിൽ എടുത്ത ചിത്രമായിരിക്കണം. കൃത്രിമത്വം പാടില്ല, സ്വാഭാവിക സാഹചര്യത്തിൽ എടുത്തതായിരിക്കണം. ദൈവവിളിയെക്കുറിച്ചുള്ള ചിന്ത ജനിപ്പിക്കുന്നതായിരിക്കണം ചിത്രം. ഫോട്ടോയുമായി ബന്ധപ്പെട്ട വിവരങ്ങൾ (എടുത്ത സ്ഥലം, തീയതി, സന്ദർഭം തുടങ്ങിയവ) ഒരു ചെറുകുറിപ്പായി ഫോട്ടോയോടൊപ്പം അയക്കേണ്ടതാണ്. ഫോട്ടോയും വിവരണവും ശാഖാ ഡയറക്ടറുടെ അനുമതിയോടു കൂടി 9188241017 എന്ന ഓഫീസ് നമ്പറിലേക്ക് വാട്സാപ്പ് ചെയ്യുക. അവസാന തീയതി 06/12/2019.

**'ഗ്ലോറിയ 2019' - കരോൾ ഗാനമത്സരം:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടേയും മാനന്തവാടി രൂപതാ മീഡിയാ കമ്മീഷന്റെയും നേതൃത്വത്തിൽ 2019 ഡിസംബർ 21 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 1.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് 'ഗ്ലോറിയ 2019' -കരോൾ ഗാന മത്സരം നടത്തപ്പെടുന്നു. ഒന്നാം സമ്മാനം - 3001 രൂപ, രണ്ടാം സമ്മാനം - 2001 രൂപ, മൂന്നാം സമ്മാനം - 1001 രൂപ നിർദ്ദേശങ്ങൾ: ഒരു ടീമിൽ 7 പേരിൽ കൂടരുത്, മിഷൻലീഗ് അംഗങ്ങളായിരിക്കണം, ഒരു ശാഖയിൽ നിന്ന് ഒരു ടീമിന് പങ്കെടുക്കാം, മ്യൂസിക്ക് ഉപയോഗിക്കണം - വോക്കൽ ഇല്ലാത്ത കരോക്കെ അനുവദനീയം, വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. രജിസ്ട്രേഷൻ ഫീസ് 200 രൂപ. രജിസ്ട്രേഷന്റെ അവസാന തീയതി ഡിസംബർ 15. (രജിസ്റ്റർ ചെയ്യാൻ വിളിക്കുക - 9745735119, 9188241017.)

**രൂപതാ വാർഷികം:-** 2019 – 20 പ്രവർത്തനവർഷത്തെ രൂപതാ വാർഷികവും, ജപമാലസൈന്യ സംഗമവും, 2020- ൽ പൗരോഹിത്യ- സന്യാസ ജീവിതത്തിൽ 50, 25 വർഷങ്ങൾ പൂർത്തിയായവരുടേയും കൂടാതെ – കുടുംബ ജീവിതത്തിൽ 50, 25 വർഷങ്ങൾ പൂർത്തിയായ ദമ്പതിമാരുടേയും സംഗമവും 2020 ജനുവരി 2 വ്യാഴാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ കത്ത് വഴി അറിയിക്കുന്നതാണ്.

**ARE YOU READY – ദൈവിളി ക്യാമ്പ്**

ഈ വർഷം 8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന വൈദിക ജീവിതത്തിലേയ്ക്ക് കടന്നു വരാൻ താൽപര്യമുള്ള അൾത്താര സംഘത്തിൽ അംഗങ്ങളായവരോ അല്ലാത്തവരോ ആയ ആൺകുട്ടികൾക്കു വേണ്ടി ഒരു ക്യാമ്പ് നമ്മുടെ രൂപതയുടെ വൊക്കേഷൻ ബ്യൂറോയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് സംഘടിപ്പിക്കുന്നു. വൈദീക ജീവിതത്തിലേയ്ക്കു പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും. 2019 ഡിസംബർ 22 ഞായർ വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 24 ചൊവ്വ രാവിലെ 10 മണിക്ക് ക്യാമ്പ് അവസാനിക്കും. നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട്മേരി കോളേജിൽ വച്ച് നടത്തപ്പെടുന്ന ഈ ക്യാമ്പിൽ കുട്ടികളെ പങ്കെടുപ്പിക്കുമല്ലോ.

**വചനതാരം ക്വിസ്സ്:-** നമ്മുടെ 'വചനതാരം' പരിപാടി ഈ വർഷവും ഉണ്ട്. സുവിശേഷം മന:പാഠമാക്കുന്ന പ്രിയപ്പെട്ടവരുടെ സംഗമമാണിത്. ഈ വർഷം മുതൽ മേഖലാതലത്തിൽ ഒരു വചനതാര സംഗമവും, എഴുത്തു പരീക്ഷയും നടത്തിയാണ് നമ്മൾ രൂപതയിലേയ്ക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്. 2019 ഡിസംബർ 29 ഞായറാഴ്ച 2 മണി മുതൽ 3 വരെയാണ് മേഖലാതല മത്സരം. വി. മത്തായിയുടെ സുവിശേഷം 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളാണ് മന:പാഠമാക്കേണ്ടത്. മേഖലാ സമിതി മൂല്യനിർണ്ണയം നടത്തി രൂപതയ്ക്കു നൽകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ശതമാനം പേരെ രൂപതാകേന്ദ്രം ഫൈനൽ മത്സരത്തിനായി തെരഞ്ഞെടുക്കും. അവരുടെ പേരുവിവരം ശാഖകളെ അറിയിക്കുന്നതാണ്. മാതൃകാ ചോദ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

**മാതൃകാ ചോദ്യങ്ങൾ**

1. വചനം എഴുതുക: വി. മത്തായി. 19/14
2. 'സെബദീ പുത്രന്മാരുടെ അഭ്യർത്ഥന' (20:20 –28) ഈ ഭാഗത്തിലെ ആദ്യ വാക്യം എന്ത്?

3. വിട്ടുപോയ വാക്കു ചേർത്ത് വചനം പൂർത്തിയാക്കുക.
'ജനക്കൂട്ടം പറഞ്ഞു: ഇവൻ നസറത്തിൽ നിന്നുള്ള പ്രവാചകനായ യേശുവാണ്' (21/11)
4. താഴെ തന്നിരിക്കുന്ന വാക്കുകൾ ഉചിതമായ രീതിയിൽ വരുന്ന വചനം ഓർത്ത് എഴുതുക.
കല്ല്, വീഴുക, ധൂളി (21)
5. 'സ്വർഗ്ഗരാജ്യം, തന്റെ പുത്രനു വേണ്ടി വിവാഹ വിരുന്നൊരുക്കിയ രാജാവിനു സദൃശ്യം' തൊട്ടടുത്ത വചനമേത്? (22)
6. വചനം ക്രമത്തിലാക്കി എഴുതാം. (22: 40) 'സമസ്ത കൽപനകളിൽ രണ്ടു നിയമവും ഈ പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു.'
7. തെറ്റുണ്ട്. തിരുത്തി പൂർണ്ണമാക്കി എഴുതാം. (24:34) 'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഇതെല്ലാം സംഭവിക്കുന്നതുവരെ ഈ ജനം കടന്നു പോവുകയില്ല.'
8. താലന്തുകളുടെ ഉപമ. ഈ ഭാഗത്തെ അവസാന വാക്യമേത്? (25:30)

**SMART- 2020**

കഴിഞ്ഞ വർഷം നാം നടത്തിയ സ്മാർട്ട് ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ അവസാനഘട്ട പരിശീലനം - സമാപന സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 27 ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 28 ന് വൈകുന്നേരം 4 മണിക്ക് തീരുന്നതാണ്.

**രൂപതാ തല തിരുബാല സഖ്യ മത്സരം - 2020 ഫെബ്രുവരി 1 ശനി**

രൂപതാതല തിരുബാല സഖ്യ മത്സരം ഫെബ്രുവരി 1 ന് ദ്വാരകയിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സര നിബന്ധനകളും ഇനങ്ങളും മാർഗരേഖ പേജ് 42 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാല സഖ്യ അംഗങ്ങൾ.

**മത്സര ഇനങ്ങൾ : പൂമ്പാറ്റ-1**

1. ബൈബിൾ കഥ (5 മിനുട്സ് )
2. പ്രസംഗവിഷയം:-'എന്റെകുടുംബം സ്നേഹ കുടുംബം' (3 മിനുട്സ്)
3. സംഗീതം
4. കളറിംഗ്

**മത്സര ഇനങ്ങൾ: പൂമ്പാറ്റ-2**

1. പ്രസംഗ വിഷയം:- 'കുടുംബ പ്രാർത്ഥനയുടെപ്രാധാന്യം' (4 മിനുട്സ്)
2. സംഗീതം

3. ബൈബിൾ വായന–യോഹ 6, 7, 8

4. വചനം എഴുത്ത് - വി.യോഹന്നാന്റെ സുവിശേഷം

5. ചിത്രരചന

**പൊതുവായത്**

ആക്ഷൻ സോങ്ങ് –7 മിനിറ്റ്, 7 പേർ.

**കുഞ്ഞുമിഷനറിയുടെ ഡയറി:–** ഓരോ മിഷനറിയും മിഷൻലീഗ് പ്രവർത്തനത്തിൽ തനിക്ക് ലഭിച്ച അനുഭവങ്ങൾ വ്യക്തിപരമായി ഡയറിയിൽ എഴുതി സൂക്ഷിക്കുന്നു. അവയിൽ ഏറ്റവും മികച്ച ഡയറി കണ്ടെത്തി (ഡിസംബർ 15 ന് മുമ്പ്) അത് രൂപതയിൽ ഏൽപ്പിക്കുക. രൂപതാതലത്തിൽ ഏറ്റവും നല്ല ഡയറിക്ക് സമ്മാനം തരുന്നതാണ്.

ശാഖാ ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക് (ഓഫീസിൽ ഏൽപ്പിക്കേണ്ടവ)

1. കുഞ്ഞുമിഷനറിയുടെ ഡയറി. (മാർഗ്ഗരേഖ, പേജ്–45)
2. മിഷൻ പിരിവിന്റെ 25% തുക രൂപതാ വിഹിതമായി തരേണ്ടതാണ്.
3. സംസ്ഥാന വിഹിതമായി ഓരോ ശാഖയും 100 രൂപ തരണം.
4. കലണ്ടറിന്റെ തുക 1 ന് 5 രൂപ വീതം ഓഫീസിൽ ഏൽപ്പിക്കുക.
5. ശാഖകളിൽ നിന്ന് പലതുള്ളി, കാണിക്ക തുകകൾ തരാത്തവർ ഉടനേ ഏൽപ്പിക്കുക.

**ആദരാഞ്ജലികൾ**

ചെറുപുഷ്പമിഷൻലീഗിന്റെ സംസ്ഥാന പ്രസിഡണ്ടും രൂപതാ എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ. ബിനു മാങ്കൂട്ടത്തിന്റെ പിതാവിന്റെ നിര്യാണത്തിൽ രൂപത എക്സിക്യൂട്ടീവ് അനുശോചനം അറിയിച്ച് മൃതസംസ്കാര ചടങ്ങിൽ പങ്കുചേർന്ന് ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു.

**സംസ്ഥാന മത്സര ഫലങ്ങൾ**

| **പേര്, വീട്ടുപേര്** | **സ്ഥാനം** | **ശാഖ** |
|---|---|---|
| **സബ് ജൂണിയർ ആൺ – പ്രസംഗം** | | |
| ആൽഫിൻ കൊച്ചുവേലിക്കകത്ത് | A | കൊട്ടിയൂർ |
| ജിനോ നെല്ലിയാനിയിൽ | A | പറളിക്കുന്ന് |
| **സബ് ജൂണിയർ പെൺ – പ്രസംഗം** | | |
| അമൽ കരിക്കേടം | A | ബത്തേരി |
| എറ്റെല്ലാ പ്ലാക്കിയിൽ | A | പാടിച്ചിറ |

**ജൂണിയർ ആൺ – പ്രസംഗം**

| | | |
|---|---|---|
| ക്രിസ്ബിൻ കപ്യാരുമലയിൽ | IA | ദ്വാരക |
| ആകാശ് കുഴിമുള്ളിൽ | IIIA | ചെറുകാട്ടൂർ |

**ജൂണിയർ പെൺ – പ്രസംഗം**

| | | |
|---|---|---|
| അഞ്ജന കണങ്കൊമ്പിൽ | A | കല്ലോടി |
| മെറിൻ കപ്യാരുമലയിൽ | A | ദ്വാരക |

**സീനിയർ ആൺ – പ്രസംഗം**

| | | |
|---|---|---|
| അനു തോട്ടത്തിൽ | B | പാടിച്ചിറ |

**സീനിയർ പെൺ – പ്രസംഗം**

| | | |
|---|---|---|
| ജുവൽസ് കുടക്കച്ചിറ | A | യ്യമ്പള്ളി |
| അനുഷ മഠത്തിക്കുന്നേൽ | B | ചെറുകാട്ടൂർ |

**സൂപ്പർ സീനിയർ ആൺ – പ്രസംഗം**

| | | |
|---|---|---|
| ജെയിംസ് കൊച്ചുവേലിക്കകത്ത് | IIA | ചെറുകാട്ടൂർ |
| വിനോദ് ചെറുപറമ്പിൽ | A | തോമാട്ടുചാൽ |

**സൂപ്പർ സീനിയർ പെൺ – പ്രസംഗം**

| | | |
|---|---|---|
| ജിൻസി എഴങ്ങോട്ടിൽ | IIA | വിമലഗിരി |
| അനു വരിക്കാനായിൽ | A | വിളമ്പുകണ്ടം |

**സബ് ജൂണിയർ ആൺ – ബൈബിൾ വായന**

| | | |
|---|---|---|
| ഡെറിക് മാങ്കോട്ടിൽ | A | മഞ്ഞൂറ |
| ഐവിൻ വാതക്കോടത്ത് | A | നടവയൽ |

**സബ് ജൂണിയർ പെൺ – ബൈബിൾ വായന**

| | | |
|---|---|---|
| അൽന ചേറാടിയിൽ | A | തോമാട്ടുചാൽ |
| ആൻമേരി പുതിയേടത്ത് | A | കേണിച്ചിറ |

**സബ് ജൂണിയർ – നാടോടി നൃത്തം**

| | | |
|---|---|---|
| അലോണ അടയ്ക്കാമരതോട്ടത്തിൽ | A | ബത്തേരി |
| ആഞ്ചലിൻ മരിയ മുട്ടത്ത് | A | നടവയൽ |

**ജൂണിയർ – നാടോടി നൃത്തം**

| | | |
|---|---|---|
| അലീന പുതിയകുന്നേൽ | A | സീതാമൗണ്ട് |
| ആഷ്‌ലി മങ്ങാട്ടുകുന്നേൽ | A | പാടിച്ചിറ |

**സബ് ജൂണിയർ – കഥാപ്രസംഗം**

| | | |
|---|---|---|
| റോസ് മീറിയം കൊച്ചുവെമ്പിള്ളി | IIIA | ചുങ്കക്കുന്ന് |

**ജൂണിയർ – കഥാപ്രസംഗം**

| | | |
|---|---|---|
| അന്ന തടങ്ങഴി | A | ചുങ്കക്കുന്ന് |

**സീനിയർ– കഥാപ്രസംഗം**

| | | |
|---|---|---|
| വിജി മഞ്ഞിലാടി | IIA | അരുൾനിലയം |

**സബ് ജൂണിയർ ആൺ – സംഗീതം**

| | | |
|---|---|---|
| അജയ്യ് കൊട്ടാരത്തിൽ | IIIA | വാളേരി |
| ഡോൺ ജോസ് വയലുങ്കൽ | A | കൽപ്പറ്റ |

**സബ് ജൂണിയർ പെൺ – സംഗീതം**

| | | |
|---|---|---|
| എവ്‌ലിൻ വല്ലത്ത് | IIA | മരക്കടവ് |
| ബെത്സെയ്ബ നെല്ലിക്കുന്നേൽ | A | നടവയൽ |

**ജൂണിയർ ആൺ – സംഗീതം**

| | | |
|---|---|---|
| അജിൻ വയലിൽ | A | നടവയൽ |
| അലൻ തുണ്ടുപറമ്പിൽ | A | കൽപ്പറ്റ |

**ജൂണിയർ പെൺ – സംഗീതം**

| | | |
|---|---|---|
| ആഞ്ജലിൻ പൊയ്കയിൽ | A | കോട്ടത്തറ |
| ആഷ്‌ലി പടകൂട്ടിൽ | A | കല്ലോടി |

**സീനിയർ ആൺ – സംഗീതം**

| | | |
|---|---|---|
| സാംസനോവ് കല്ലുപുരയ്ക്കൽ | IIA | പുതിയിടംകുന്ന് |
| ഗോഡ്‌വിൻ മറ്റത്തിലാനിക്കൽ | A | യവനാർകുളം |

**സീനിയർ പെൺ – സംഗീതം**

| | | |
|---|---|---|
| ക്രിസ്റ്റീന വടക്കേക്കര | A | ഒറ്റപ്ലാവ് |
| ഹൃദ്യ പുതിയകുന്നത്ത് | A | ബത്തേരി |

**സൂപ്പർ സീനിയർ ആൺ – സംഗീതം**

| | | |
|---|---|---|
| സ്റ്റെഫിൻ മംഗലത്ത് | IIIA | ബത്തേരി |
| രാജേഷ് പനച്ചിക്കൽ | A | കൊട്ടിയൂർ |

**സൂപ്പർ സീനിയർ പെൺ – സംഗീതം**

| | | |
|---|---|---|
| ലിഞ്ചു ആലയ്ക്കൽ | A | ചാരിറ്റി |
| ആഷ്‌ലി ഓണിശ്ശേരി | A | തൃശ്ശിലേരി |

**ജൂണിയർ ആൺ – മിഷൻ ക്വിസ്സ്**

| | | |
|---|---|---|
| മിലൻ മുണ്ടക്കൽ | A | നടവയൽ |
| സാം വെള്ളിയാംകണ്ടത്തിൽ | A | കല്ലോടി |

**ജൂണിയർ പെൺ – മിഷൻ ക്വിസ്സ്**

| | | |
|---|---|---|
| നിധിയ പാറേക്കാലായിൽ | A | ചെറുകാട്ടൂർ |
| ദിയ കൊടിയംകുന്നേൽ | B | അമ്പലവയൽ |

**സീനിയർ ആൺ – മിഷൻ ക്വിസ്സ്**

| | | |
|---|---|---|
| അക്ഷയ് കപ്യാരുമലയിൽ | IIA | കാരയ്ക്കാമല |
| ട്രെബിൻ പൈനുങ്കൽ | A | തെനേരി |

**സീനിയർ പെൺ – മിഷൻ ക്വിസ്സ്**

| | | |
|---|---|---|
| അഞ്ജന ചെറുപറമ്പിൽ | IA | കയ്യൂന്നി |
| മെറീന നെല്ല്യാട്ടുപറമ്പിൽ | IIA | കയ്യൂന്നി |
| **സൂപ്പർ സീനിയർ ആൺ – മിഷൻ ക്വിസ്സ്** | | |
| ബെയ്സൽ പടിഞ്ഞാറെക്കുറ്റ് | A | ചെറുകാട്ടൂർ |
| ജോസ് ചക്കാലക്കൽ | A | വിമലഗിരി |
| **സൂപ്പർ സീനിയർ പെൺ– മിഷൻ ക്വിസ്സ്** | | |
| ദിയ കച്ചിറയിൽ | A | കുറ്റിമൂല |
| ലീന ചെമ്പക്കര | B | മൺവയൽ |
| പരിചമുട്ട് കളി | IIA | പാടിച്ചിറ |
| മാർഗ്ഗം കളി | A | ബത്തേരി |
| സമൂഹഗാനം | A | കൽപ്പറ്റ |
| മിഷൻ ആന്തം | A | കൽപ്പറ്റ |
| ബൈബിൾ ദൃശ്യാവതരണം | A | നടവയൽ |
| **ജൂണിയർ ആൺ– ഉപന്യാസം** | | |
| റിച്ചാർഡ് പൂവൻ | IIA | പയ്യമ്പള്ളി |
| സാം വെള്ളിയാംകണ്ടത്തിൽ | A | കല്ലോടി |
| **ജൂണിയർ പെൺ– ഉപന്യാസം** | | |
| ആൻസില കളത്തിപറമ്പിൽ | IIA | ദീപ്തിഗിരി |
| സാൻമരിയ താന്നിക്കൽ | A | കുഞ്ഞോം |
| **സീനിയർ ആൺ – ഉപന്യാസം** | | |
| അലൻ സോയി കൈതാരം | IIA | കണിയാരം |
| അഭിനവ് വെട്ടുപാറപ്പുറത്ത് | A | കാരയ്ക്കാമല |
| **സീനിയർ പെൺ – ഉപന്യാസം** | | |
| അഞ്ജന ചെറുതറപ്പേൽ | A | കയ്യൂന്നി |
| അലീന നെല്ലിക്കാലായിൽ | A | ശിശുമല |
| **സൂപ്പർ സീനിയർ ആൺ – ഉപന്യാസം** | | |
| ജിജിൽ ജോസഫ് കിഴക്കരക്കാട്ട് | IA | കുഞ്ഞോം |
| ജെയിംസ് കൊച്ചുവേലിക്കകത്ത് | A | കൊട്ടിയൂർ |
| **സൂപ്പർ സീനിയർ പെൺ – ഉപന്യാസം** | | |
| ജാൻസി സോയി കൈതാരം | IIA | കണിയാരം |
| ടീന വട്ടുകുളത്തിൽ | A | തരിയോട് |

**ജൂണിയർ ആൺ – കഥ**

| | | |
|---|---|---|
| ജോയൽ പുത്തൻപുരയ്ക്കൽ | B | പുൽപ്പള്ളി |
| **ജൂണിയർ പെൺ – കഥ** | | |
| മരിയശാലിമ മുണ്ടയ്ക്കൽ | A | പയ്യമ്പള്ളി |
| അലീറ്റ അറയ്ക്കൽ | A | വടപുറം |
| **സീനിയർ ആൺ – കഥ** | | |
| ജോതിസ്സ് അറയ്ക്കൽ | IIA | കേളകം |
| ഗോഡ്സൺ ഊരക്കാട്ടിൽ | A | കുഞ്ഞോം |
| **സീനിയർ പെൺ – കഥ** | | |
| നേഹ പുള്ളോലിക്കൽ | IIA | പറളിക്കുന്ന് |
| **സൂപ്പർ സീനിയർ ആൺ – കഥ** | | |
| ഷിനോജ് മാങ്കൂട്ടത്തിൽ | A | ബത്തേരി |
| ബിജു പുത്തൻപറമ്പിൽ | A | കുറുമണി |
| **സൂപ്പർ സീനിയർ പെൺ – കഥ** | | |
| ലിറ്റി ബിനീഷ് വണ്ടൂർ | IA | കണിയാരം |
| ജെയ്മോൾ പുതുപ്പള്ളിൽ | A | മുള്ളൻകൊല്ലി |
| **ജൂണിയർ ആൺ – കവിത** | | |
| റിച്ചാർഡ് പൂവൻ | B | പയ്യമ്പള്ളി |
| തോമസ് പുളിക്കൽ | C | ആടിക്കൊല്ലി |
| **ജൂണിയർ പെൺ – കവിത** | | |
| ഏയ്ഞ്ചലീന മുഞ്ഞനാട്ട് | B | നടവയൽ |
| ആഗ്നസ് പൊൻകല്ലിങ്കൽ | B | കാരക്കാമല |
| **സീനിയർ ആൺ – കവിത** | | |
| ക്രിസ്റ്റോ ജോസ് വടക്കേക്കര | IA | ഒറ്റപ്ലാവ് |
| ഡാനിഷ് തെക്കിനാലിൽ | IIIA | കല്ലോടി |
| **സീനിയർ പെൺ – കവിത** | | |
| മെറീന ക്രിസ്റ്റി കുരീക്കാട്ടിൽ | B | കല്ലോടി |
| ജിൽന പുതുപറമ്പിൽ | C | ശാന്തിഗിരി |
| **സൂപ്പർ സീനിയർ ആൺ – കവിത** | | |
| ജിജിൽ കിഴക്കരക്കാട്ട് | IIIB | കുഞ്ഞോം |
| ഷിനോജ് മാങ്കൂട്ടത്തിൽ | B | ബത്തേരി |

**സൂപ്പർ സീനിയർ പെൺ– കവിത**

| | | |
|---|---|---|
| മഞ്ചു ഇഞ്ചപ്ലാക്കൽ | IIIA | പുതിയിടംകുന്ന് |
| ലിറ്റി ബിനീഷ് വണ്ടന്നൂർ | A | കണിയാരം |
| **സബ് ജൂണിയർ – ജലഛായം** | | |
| ആൽഡ്രിൻ പൊട്ടനാനിയിൽ | IA | തെനേരി |
| ഇവാ മരിയ തെക്കേകുഴിപ്പള്ളി | IIA | ബത്തേരി |
| **ജൂണിയർ – ചിത്രരചന** | | |
| അഭിനന്ദ എടശ്ശേരിതോട്ടത്തിൽ | IIA | വാഴവറ്റ |
| ജൂസ്സിയ മരിയ കുഴിഞ്ഞാലിൽ | B | തവിഞ്ഞാൽ |
| **സീനിയർ – ചിത്രരചന** | | |
| ആൽസു കളർതൊട്ടിയിൽ | IA | നടവയൽ |
| അനിറ്റ് റോയി | IIA | മാളിയേയ്ക്കൽ |

ഉണ്ണീശോയുടെ തിരുപ്പിറവി ആഘോഷമാക്കുന്ന ഡിസംബർ മാസത്തിലേക്ക് നാമെത്തിയിരിക്കുന്നു. ഈ മാസം മുഴുവനും നമുക്ക് ഈശോയ്ക്കായി ഒരുങ്ങാം. പ്രാർത്ഥനയോടെ, കരുതലോടെ ഈശോയുടെ തിരുപ്പിറവിക്കായി കാത്തിരിക്കാം.

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

**അഞ്ചാമത് വാർഷികാഘോഷം**

മാനന്തവാടി രൂപതയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത്മിനിസ്ട്രി ആരംഭിച്ചിട്ട് അഞ്ച് വർഷം പൂർത്തിയാകുന്നു. കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ യുവജനശുശ്രൂഷയിലൂടെ യുവജന ങ്ങൾക്കും കുഞ്ഞുങ്ങൾക്കും നാളിതുവരെ ദൈവം നല്കിയിട്ടുള്ള നന്മകൾക്ക് നന്ദിപറയുവാനും വ്യത്യസ്ത യുവജന ശുശ്രൂഷകളെ പരിചയപ്പെടുവാനും നവംബർ 9 രണ്ടാം ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ അഞ്ചാമത്തെ വർഷത്തിൽ ആദ്യമായി വാർഷികാ ഘോഷം നടത്തി.

**ദിവ്യകാരുണ്യ ആരാധന**

പിന്നിട്ട അഞ്ച് വർഷങ്ങളിൽ യുവജന ശുശ്രൂഷയുടെ വീഥികളിൽ ദൈവീക പരിപാലനയ്ക്ക് നന്ദിയേകികൊണ്ട് വാർഷികാഘോഷത്തിന് ആരംഭം കുറിച്ചു. യൂത്ത്മിനിസ്ട്രി ഫുൾടൈംമർ ജെസ്ഫിൻ ജോസഫും, നീനു സജയും നേതൃത്വം വഹിച്ച ആരാധനയിൽ മാനന്തവാടി രൂപതയുടെ മ്യൂസിക് ബാന്റായ ജെ. ബാന്റിലെ പതിമൂന്ന് യുവജനങ്ങൾ ഗാനശുശ്രൂഷയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി.

**ജീസസ്സ് പ്രോഫഷണൽ കമ്മ്യൂണിറ്റി**

ക്രൈസ്തവ ആദ്ധ്യാത്മികതയിലും കരിയർ വിദ്യാഭ്യാസ ത്തിലും അടിസ്ഥാനമിട്ട് തൊഴിൽ ലക്ഷ്യത്തോടെ ജീവിക്കുവാനും സ്നേഹം, പ്രാർത്ഥന, കഠിനാദ്ധ്വാനം എന്നീ മൂല്യങ്ങളിൽ അടിയുറച്ച് യേശുവിനെ സ്വന്തമാക്കുവാനും ആഗ്രഹിക്കുന്ന കുട്ടികളുടെയും യുവജനങ്ങളുടെയും കൂട്ടായ്മയാണ് ജീസസ്സ് പ്രൊഫഷണൽ കമ്മ്യൂണിറ്റി.

ദൈവീക പദ്ധതി പ്രകാരം മാനന്തവാടി രൂപതയിൽ തുടങ്ങി മാനവസമൂഹത്തിന് മുഴുവൻ പ്രചോദനമേകിക്കൊണ്ട് ജീസസ്സ് പ്രൊഫഷണൽസ് എന്ന നൂതന സംരംഭത്തെ ശ്രീ.ഐസക്ക് തോമസ്സ് സാർ (അന്തർദേശീയ കരിയർ ഗൈഡൻസ് ട്രെയിനർ) പരിചയ

പ്പെടുത്തി. തുടർന്ന് ജെ.പി.കമ്മ്യൂണിറ്റിയുടെ മുഖചിത്രമായ ലോഗോ പ്രകാശനം ഡോ.വിപിൻ ജോസഫ് കുന്നത്ത് (മാനേജർ അറമയ ഇന്റർനാഷണൽ റെസിഡൻഷ്യൽ സ്കൂൾ) നിർവഹിച്ചു. തുടർന്ന് യുവജനശുശ്രൂഷകളെ ഹൃദയത്തിലേറ്റിയ മാർ ജോസഫ് പണ്ടാരശ്ശേരിയിൽ പിതാവ് (സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ) ഔദ്യോഗികമായി ഉദ്ഘാടനം നിർവഹിച്ച് പ്രഭാഷണം നടത്തി. യുവജനങ്ങൾ നവമാധ്യമ ലോകത്തിലെ തങ്ങളുടെ അറിവുകൾ സഭയുടെ വിശ്വാസപരമായ കാര്യങ്ങളിൽ പ്രയോജന പ്പെടുത്തണമെന്ന് സൂചിപ്പിച്ചുകൊണ്ട് കാർലോ അക്വറ്റസ് എന്ന യുവാവിന്റെ ജീവിതത്തെ പരിചയപ്പെടുത്തി. യേശുവിനോടൊത്ത് ജീവിക്കുക യേശുവിന് വേണ്ടി ജീവിക്കുക എപ്പോഴും യേശുവിനോ ടൊത്ത് ആയിരിക്കുക. അർത്ഥ സത്യങ്ങളും അസത്യങ്ങളും മാത്രം പറയുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങൾ കാർലോയെ ഒരു മാതൃകയാക്കി നന്മ പങ്കുവെക്കുന്ന സഭയുടെ പടയാളികളാകണം എന്നും പിതാവ് ഓർമ്മപ്പെടുത്തി. യുവജനങ്ങൾക്കും കുട്ടികൾക്കും നന്മയുടെ പരിസരങ്ങൾ കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിച്ചുനല്കണമെന്നും അതിനായി മാതാപിതാക്കളും സഭാശുശ്രൂഷകരും ശ്രദ്ധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജെ.പി.കമ്മ്യൂണിറ്റി എന്ന ഈ നൂതന സംരഭം മാനന്തവാടി രൂപതയിൽ ആരംഭിച്ചു. കേരളം മുഴുവനിലും ഇത് വ്യാപിക്കാനുള്ള ആശംസ അദ്ദേഹം നേരുകയും ചെയ്തു.

ജെ.പി കമ്മ്യൂണിറ്റിയെ ഹൃദയത്തിലും തങ്ങളുടെ സ്ഥാപനത്തിലും സ്വീകരിക്കാൻ തയ്യാറായ സ്കൂൾ പ്രിൻസിപ്പൽസ് ബ്രദർ.ജോർജ്ജ് സെന്റ് പാട്രിക്സ് സ്കൂൾ മാന്തവാടി, സി.ജിൻസി മരിയ സി.എം.സി ഇൻഫന്റ് ജീസസ്സ് കേണിച്ചിറ, മിസ്സിസ് അമല ജോസ് സെന്റ് മേരീസ് സ്കൂൾ പുൽപ്പള്ളി, സി.അർച്ചന എസ്.എ.ബി.എസ് സാൻജോ പബ്ലിക് സ്കൂൾ കണിയാരം തുടങ്ങിയവർക്ക് മെമന്റോ നല്കി അഭിവന്ദ്യ ജോസ് പണ്ടാരശ്ശേരി പിതാവ് ആദരിച്ചു.

**ലൈഫ് ട്രെയിനിംഗ്**

ഭാവി വാഗ്ദാനങ്ങളെ ക്രിസ്തുചൈതന്യത്തിലും മൂല്യങ്ങളിലും വളർത്തികൊണ്ടുവരുവാൻ ആറാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്കായി ഒരുക്കുന്ന ലൈഫ് ട്രെയിനിംഗ് പരിശീലനത്തിന്റെ അവതരണം 10.30 ന് ആരംഭിച്ചു. സെമി ക്ലാസ്സിക്കൽ നൃത്തങ്ങൾ, പഞ്ചാബി നൃത്തം, സ്കിറ്റ് തുടങ്ങിയ പ്രോഗ്രാമുകൾ 5 ബാച്ചിലെ 73 കുട്ടികൾ ചേർന്ന് നടത്തി.

ആദ്യ ബാച്ചിലെ വിദ്യാർത്ഥികളായ ജോയേൽ പി. ജോൺ, ആഷീഷ് ജോർജ്ജ്, അമൽജോസ് എന്നിവർ തങ്ങളുടെ ലൈഫ് ട്രെയിനിംഗ് അനുഭവങ്ങൾ വേദിയിൽ പങ്കുവെച്ചു. ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ പ്രതിനിധിയായി ശ്രീ. ജെയിംസ് പൂവൻ സാർ യൂത്ത് മിനിസ്ട്രിയെ കുറിച്ചും ലൈഫ് ട്രെയിനിംഗ് പ്രോഗ്രാമിനെ കുറിച്ചും ഈ പരിശീലനത്തിലൂടെ കടന്നുപോകുമ്പോൾ കുടുംബത്തിലും മക്കളിലും വരുന്ന മാറ്റത്തെക്കുറിച്ചും തന്റെ ജീവിതാനുഭവത്തിലൂടെ പങ്കുവെച്ചു.

**ദ ഡാൻസ്**

നൃത്തം എന്ന കലാരൂപത്തിലൂടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനേയും ഐക്യത്തിൽ കോർത്തിണക്കി താളലയത്തോടും മൂല്യബോധത്തോടും കൂടെ കുഞ്ഞുങ്ങളെ ജീവിക്കുവാൻ പരിശീലിപ്പിക്കുക, ജീവിതത്തിന് ക്രമം വരുത്തുക എന്നുള്ള ആശയമാണ് ദ ഡാൻസ് പരിപാടിയിലൂടെ വിഭാവനം ചെയ്യുന്നത്. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ഈ പ്രോഗ്രാമിന്റെ ആശയം അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് ഇൻഫന്റ് ജീസസ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കേണിച്ചിറയിലെ 66 വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ 21 മിനിറ്റ് നീളുന്ന ആശയ സംമ്പുഷ്ടമായ നൃത്തം അവതരിപ്പിച്ചു. തുടർന്ന് സെന്റ് പാട്രിക് സ്കൂൾ പ്രൻസിപ്പൽ ബ്രദർ ജോർജ്ജ് ലോഗോ പ്രകാശനം ചെയ്ത് സംസാരിച്ചു.

**യൂത്ത് മിനിസ്ട്രി പൊതു സമ്മേളനം**

ഏറ്റവും വ്യത്യസ്തമായ രീതിയിൽ, നൂതനമായ ശൈലിയിൽ, ആത്മാവിന്റെ പ്രചോദനമനുസരിച്ച് കാലത്തിനനുയോജ്യമായ രീതിയിൽ മാനന്തവാടി രൂപതയിൽ യുവജന ശുശ്രൂഷ ആരംഭിച്ചിട്ട് 5 വർഷം പൂർത്തിയാകുന്നു. ഈ അഞ്ചാമത്തെ വർഷത്തിൽ ആദ്യമായി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ പൊതുസമ്മേളനം നവംബർ 9-ാം തിയതി നടത്തപ്പെട്ടു. പൊതുസമ്മേളനത്തിന് യുവജനശുശ്രൂഷയുടെ സന്തതസഹചാരിയും ആത്മീയപിതാവുമായ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ സ്വാഗതം ആശംസിച്ചു. അഞ്ചാമത് വാർഷികാഘോഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു. കതിരിൽ വളം വയ്ക്കാതെ ചുട്ടയിലെ ശീലം പഠിപ്പിക്കുന്ന ഒരു ശൈലി, ഒപ്പം തുടർച്ചയായ ഒരു സഹ ഗമനം കുട്ടികളുടെ പരി ശീലനത്തിൽ വേണമെന്ന് ഊന്നിപ്പറഞ്ഞ് ഡിപാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയിലൂടെ ഇത് നടക്കുന്നതിനെ അനുമോദിച്ച് സംസാരി

ക്കുകയും ചെയ്തു. തുടർന്ന് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ യുവജന ശുശ്രൂഷയുടെ 5 വർഷത്തെ ദൈവകാരുണ്യത്തെ ഓർമ്മിച്ചെടുത്ത് വലം കൈയ്യായി പ്രവർത്തിച്ച ഓരോ നല്ല ജീവിതങ്ങളെയും ഓർത്ത് നന്ദി പറഞ്ഞുകൊണ്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ.പോൾ വാഴപ്പിള്ളി ലോഗോ രൂപകല്പന ചെയ്ത ജെസ്പിൻ ജോസഫിന് മെമന്റോ നല്കി ആദരിക്കുകയും യുവജന ശുശ്രൂഷക്ക് ഹൃദയം നിറഞ്ഞ ആശംസകൾ ഏകുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ, സെക്രട്ടറി ശ്രീ. സെബാസ്റ്റിൻ പാലംപറമ്പിൽ, കേരള അക്കാദമി പ്രിൻസിപ്പൽ മിസിസ്സ് ഗ്രേസി ചിറ്റിലപ്പിള്ളി ടീച്ചർ, മുൻ കെ.സി.വൈ.എം ആനിമേറ്റർ സി.ലിൻസ എഫ്.സി.സി എന്നിവർ യൂത്ത് മിനിസ്ട്രിക്ക് ഹൃദ്യമായ ആശംസകൾ നല്കി സംസാരിച്ചു. യൂത്ത് മിനിസ്ട്രിയുടെ ആദ്യ ഫുൾടൈംമർ മിസിസ്സ് ലിൻഷ മരിയ മാർട്ടിൻ തന്റെ അനുഭവവും സ്നേഹവും പങ്കുവെച്ചു. ചരിത്ര താളുകളിൽ എഴുതി ചേർക്കപ്പെടേണ്ട അഞ്ചാമത് വാർഷികാ ഘോഷത്തിന് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഓഫീസ് സെക്രട്ടറി സി.ലിൻസി എസ്.സി.വി. നന്ദി അർപ്പിച്ചു.

**ജെ.ബാന്റ്**

ഉച്ചഭക്ഷണത്തിന് ശേഷം മാനന്തവാടി രൂപതയുടെ മ്യൂസിക് ബാന്റായ ജെ.ബാന്റിന്റെ നേതൃത്വത്തിൽ ഭക്തി ഗാനങ്ങൾ ആലപിച്ചു. 13 യുവജനങ്ങൾ അംഗങ്ങളായ ജെ.ബാന്റ് തങ്ങളുടെ പരിശീലനം പൂർത്തിയാക്കി ഔദ്യോഗികമായി പരിപാടി അവതരിപ്പിച്ചത് വാർഷികാഘോഷത്തിനാണ്. ഇതിൽ ഗാനങ്ങൾ പാടിയവർ വിപിൻ തോമാട്ടുചാൽ, ജോബിൻ പുതുശ്ശേരി, അഥുൽ കല്ലോടി, ഷെറിൻ വടക്കനാട്, അഥുൽ ചെറുകാട്ടൂർ, അലീന തോമാട്ടുചാൽ, ഷീനു തോമാട്ടുചാൽ , ആൻമരിയ ബത്തേരി, സോന നടവയൽ, റോസ്മേരി നടവയൽ തുടങ്ങിയവരും വാദ്യോപകരണങ്ങൾ വായിച്ചവർ നീരജ് നടവയൽ ഗിത്താർ, ടിൻസ് ഒണ്ടയങ്ങാടി ട്രംസ്സ്, ഹെബിൻ ബെന്നി കുഞ്ഞോം ഓർഗൺ തുടങ്ങിയ യുവജന സുഹൃത്തുക്കളുമാണ്.

**യുവർനെയ്ബർ അസോസിയേഷൻ പൊതുസമ്മേളനം**

ആരാണ് നിന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് ഉത്തരമായി പ്രവർത്തിക്കുന്ന ജീവകാരുണ്യ രജിസ്റ്റേഡ് സൊസൈറ്റി യുവർ നെയ്ബർ അസോസിയേഷൻ പ്രത്യേകിച്ച് ഭാവിതലമുറയെ മുന്നിൽ കണ്ടുകൊണ്ട് കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ഉപയുക്തവും നവീനവുമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന ഈ സൊസൈറ്റിയുടെ അഞ്ചാമത് വർഷത്തിന്റെ പൊതുസമ്മേളനം പ്രാർത്ഥനയോടെ ആരംഭിച്ചു. സമ്മേളനത്തിന് യുവർനെയ്ബർ അസോസിയേഷൻ സെക്രട്ടറി ഫാ.ലാൽ ജേക്കബ്

പൈനുങ്കൽ സ്വാഗതം ആശംസിച്ചു. യുവർ നെയ്ബർ അസോസിയേഷൻ ട്രഷറർ സി.ലിൻസി. എസ്.സി.വി അഞ്ച് വർഷത്തെ റിപ്പോർട്ട് അവതരണം നടത്തി. മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ.ഡോ. അബ്രഹം നെല്ലിക്കൽ അധ്യക്ഷ ഭാഷണത്തിലൂടെ വൈവിധ്യമാർന്ന പ്രവർത്തന ശൈലികളെ അനുമോദിക്കുകയും സമഗ്രമായ യുവജന ശുശ്രൂഷകൾ ഈ സൊസൈറ്റിയിലൂടെ അനേകർക്ക് ലഭ്യമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. ഹരിത നഗരസഭയായ ബത്തേരി നഗര സഭയുടെ ആചാര്യനും അദ്ധ്യക്ഷനുമായ ശ്രീമാൻ റ്റി.എൽ.സാബു യുവർനെയ്ബർ അസോസിയേഷൻ അഞ്ചാമത് വാർഷികാഘോഷം തിരി തെളിച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഫുൾടൈയ്മർ ആയി പ്രവർത്തിച്ച അൽജോസ്, ടെർമിൻ എന്നിവർക്ക് വികാരി ജനറാൾ മെമന്റോ നല്കി ആദരിച്ചു. തുടർന്ന് ഡോ.ലിജോ കുറിയേടത്ത് എൻ.പി.ജി.ആർ.സി നാഷണൽ ചീഫ് സെക്രട്ടറി യുവർ നെയ്ബർ അസോസിയേഷന്റെ ലോഗോ പ്രകാശനം ചെയ്ത് സംസാരിച്ചു. തുടർന്ന് നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ.ബിനോയി കാശാംകുറ്റി റേഡിയോ മാറ്റൊലിയുടെ ഡയറക്ടറായ ഫാ.ബിജോ കറുകപ്പിള്ളി എന്നിവർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് അകൈതവമായ ആശംസകളർപ്പിച്ച് സംസാരിച്ചു. സി.ആൻസി തോമസ്സ് സി.എം.സി നന്ദിയുടെ വാക്കുകൾ ദൈവത്തിനും വിശിഷ്ടാതിഥികൾക്കും സദസ്സിനും അർപ്പിച്ച് സംസാരിച്ചു.

**ഹൃദയത്തിന്റെ നന്ദി**

യൂത്ത് മിനിസ്ട്രിയുടെയും യുവർനെയ്ബർ അസോസിയേഷന്റെയും അഞ്ചാമത് വാർഷികാഘോഷം പൂർത്തിയാകുമ്പോൾ അഭിവന്ദ്യ പിതാക്കന്മാർക്കും വിശിഷ്ടാതിഥികൾക്കും സാന്നിധ്യമേകി സഹകരിച്ച മുഴുവൻ വൈദീകർക്കും, സമർപ്പിതർക്കും പ്രത്യേകിച്ച് വിൻസെൻഷ്യൻ കോൺഗ്രിഗേഷനും, സി.എം.സി കോൺഗ്രിഗേഷനും, സംഘടനാ ഭാരവാഹികൾക്കും ഇടവകാ പ്രതിനിധികൾക്കും, കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി യുവജന ശുശ്രൂഷയെ ഹൃദയത്തിലേറ്റി സഹായിച്ച എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, യുവജനങ്ങൾക്കും, കുഞ്ഞുങ്ങൾക്കും യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും ഹൃദ്യമായ നന്ദി.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**റെഡി – 2019**

കെ.സി.വൈ.എം. രജത ജുബലിയോടനുബന്ധിച്ച് മേഖല ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗ് നവംബർ 7 ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. കഴിഞ്ഞ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. 25 വർഷം കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നല്കിയ ഭാരവാഹികളുടെയും നിലവിലുള്ള രൂപത, മേഖല ഭാരവാഹികളുടെയും സംയുക്ത കൂട്ടായ്മ നവംബർ 23-ാം തീയതി നടത്താനും കെ.സി.വൈ.എം. രജത ജുബലി ആഘോഷവും സമാപന സമ്മേളനവും നവംബർ 30-ാം തീയതി നടത്താനും തീരുമാനിച്ചു.

**പേൾ 2019 കലാമത്സരം**

ഈ വർഷത്തെ കലാമത്സരങ്ങൾ നവംബർ 9 ന് ന്യൂമാൻസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. മത്സരത്തിന് മുൻപായി നടന്ന പൊതു സമ്മേളനത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത സെക്രട്ടറി കുമാരി ചിപ്പി കളമ്പാട്ട് സ്വാഗതം ആശംസിച്ചു. WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം നിർവ്വഹിച്ചു. രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി. വൈസ് പ്രസിഡണ്ട് കുമാരി അലീന ജോയ് നന്ദിയും പറഞ്ഞു. നാല് സ്റ്റേജുകളിലായി മത്സരങ്ങൾ സംഘടിപ്പിച്ചു. എല്ലാ മേഖലകളുടെയും സജീവ പങ്കാളിത്തംകൊണ്ടും സഹകരണങ്ങൾക്കൊണ്ടും പേൾ കലാമത്സരം മികവുറ്റതായിത്തീർന്നു. കലാമത്സരത്തിന് തിരശ്ശീല വീണപ്പോൾ 133 പോയിന്റ് നേടി നടവയൽ മേഖല ഒന്നാം സ്ഥാനവും 129 പോയിന്റ് നേടി മാനന്തവാടി മേഖല രണ്ടാം സ്ഥാനവും 127 പോയിന്റ് നേടി ദ്വാരക മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ന്യൂമാൻസ് കോളേജ് പ്രിൻസിപ്പലും കെ.സി.വൈ.എം. മാനന്തവാടി മേഖല ഡയറക്ടറുമായ റവ. ഫാ. മാത്യു മലയിൽ, രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, രൂപതാ ആനിമേറ്റർ സി. സാലി CMC എന്നിവർ ചേർന്ന് സർട്ടിഫിക്കറ്റുകളും

ട്രോഫികളും വിതരണം ചെയ്തു. സെക്രട്ടറിയേറ്റ് അംഗങ്ങളായ ശ്രീ. റ്റിബിൻ പാറയ്ക്കൽ, ശ്രീ. ജിയോ മച്ചുക്കുഴിയിൽ എന്നിവരും സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ബിബിൻ ചെമ്പക്കര, ശ്രീ. ആന്റണി മങ്കടപ്ര, ശ്രീ. ജിജോ താന്നിവേലിൽ, ശ്രീ. ആൽഫിൻ അമ്പാറയിൽ, കുമാരി ടെസിൻ വയലിൻ, സിസ്റ്റർ സ്മിത SABS തുടങ്ങിയവർ നേതൃത്വം നല്കി. മത്സരങ്ങൾക്ക് വിധി നിർണ്ണയം നടത്തിയ ജഡ്ജസിനും, ഓഫീസ് വർക്കുകൾക്ക് സഹായിച്ച സി. ആഗ്നസ് CMC ക്കും, സി.യാൻസി SH എന്നിവർക്കും, പേൾ കലാമത്സരം വിജയിപ്പിക്കാൻ അക്ഷീണം പ്രയത്നിച്ച യൂണിറ്റ്, മേഖല ഡയറക്ടമാർ, ആനിമേറ്റേഴ്സ് എന്നിവരെയും കലാമത്സര വേദികൾക്കായ് സ്ഥലവും സൗകര്യങ്ങളും നല്കിയ ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ മാത്യു മലയിലച്ചനും സ്റ്റാഫ് അംഗങ്ങൾക്കും, മത്സരത്തിൽ പങ്കെടുത്ത മുഴുവൻ യുവജനങ്ങൾക്കും നന്ദി അർപ്പിക്കുന്നു.

**രൂപത കലോത്സവം വിജയികൾ**

**സാഹിത്യ മത്സരം**

| ക്രമ നമ്പർ പേര്, വീട്ടുപേര് | സ്ഥാനം | മേഖല | യൂണിറ്റ് |
|---|---|---|---|
| **പത്രവാർത്ത** | | | |
| 1. ഗ്രീവ്സ് മുരിയ്ക്കൽ | I A | മുള്ളൻക്കൊല്ലി | പാടിച്ചിറ |
| 2. നവനീത് വെള്ളിയാംകണ്ടത്തിൽ | II A | കല്ലോടി | കല്ലോടി |
| 3. സൗമ്യ പ്ലാപ്പറമ്പിൽ | II A | നടവയൽ | പനമരം |
| 4. ജോസി കോട്ടയ്ക്കൽ | III A | ചുങ്കക്കുന്ന് | ശാന്തിഗിരി |
| 5. റ്റിൻസി കൂട്ടുങ്കൽ | III A | പയ്യമ്പള്ളി | ഒണ്ടയങ്ങാടി |
| **നോട്ടീസ് രചന** | | | |
| 1. ജിബിൻ കൈനിക്കൽ | I B | പയ്യമ്പള്ളി | കാട്ടിക്കുളം |
| 2. അമിന്റാ കരിക്കേടത്ത് | II C | മുള്ളൻക്കൊല്ലി | ആടിക്കൊല്ലി |
| 3. അഞ്ജു പന്തനാനിക്കൽ | III C | മണിമൂളി | പാലേമാട് |
| **പോസ്റ്റർ രചന** | | | |
| 1. അജിത്ത് ഇടമറ്റത്തിൽ | I A | ബത്തേരി | വാകേരി |
| 2. ജോസൽ മാങ്കൂട്ടം | II C | നടവയൽ | നടവയൽ |
| 3. ശ്രുതി പുന്നാട്ടുകുഴി | II C | മാനന്തവാടി | പുതിയിടം |
| 4. ദിയ എൽസ ജോർജ് | III C | പയ്യമ്പള്ളി | ആറാട്ടുത്തറ |
| 5. മനു കോടിക്കുളം | III C | കല്ലോടി | പുതുശ്ശേരി |
| **കാർട്ടൂൺ രചന** | | | |
| 1. ജെസ്വിൻ പള്ളിക്കാത്തൊട്ടി | I A | തരിയോട് | തരിയോട് |
| 2. ജീവൻ പടയാറ്റിൽ | II B | നീലഗിരി | കയ്യൂന്നി |
| 3. ഷോബിൻ ഊരുവേലിൽ | III C | കൽപ്പറ്റ | തെനേരി |

**കൊളാഷ്**

| | | | | |
|---|---|---|---|---|
| 1. | കുര്യൻ നീലത്തുമുകിൽ | I B | മണിമൂളി | പാലേമാട് |
| 2. | ടോമിൻ പുത്തൻപുരയിൽ | II B | നടവയൽ | നടവയൽ |
| 3. | മരിയ പ്ലാച്ചേരിക്കുഴി | II B | ദ്വാരക | കൊമ്മയാട് |
| 4. | ഹെലൻ ഞൊണ്ടമാക്കൽ | III C | മുള്ളൻക്കൊല്ലി | പുൽപ്പള്ളി |

**മുദ്രാവാക്യ രചന**

| | | | | |
|---|---|---|---|---|
| 1. | റ്റിൻസി കിഴക്കേൽ | I A | ചുങ്കക്കുന്ന് | വെള്ളൂന്നി |
| 2. | ബിബിൻ കുപ്പയിൽ | II B | കൽപ്പറ്റ | പുഴമുടി |
| 3. | സാന്ദ്ര കളപ്പുരക്കൽ | III B | മാനന്തവാടി | പോരൂർ |

**കവിതാ രചന**

| | | | | |
|---|---|---|---|---|
| 1. | ലിറ്റി വിനീഷ് വണ്ടന്നൂർ | I A | മാനന്തവാടി | കണിയാരം |
| 2. | ജിജോ കൊച്ചുപുരയ്ക്കൽ | II A | ബത്തേരി | വാകേരി |
| 3. | അനീഷ ചീമ്പാറ | III B | മാനന്തവാടി | പുതിയിടം |
| 4. | ക്രിസ്റ്റോ വടക്കേക്കര | III B | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |

**കഥാ രചന**

| | | | | |
|---|---|---|---|---|
| 1. | സോബി തെക്കേൽ | I A | പയ്യമ്പള്ളി | തൃശ്ശിലേരി |
| 2. | സോണിയ കരിമന്തി | II A | കൽപ്പറ്റ | കൽപ്പറ്റ |
| 3. | ലിജി തകരപിള്ളി | III A | മണിമൂളി | പാലേമാട് |

**ഉപന്യാസം**

| | | | | |
|---|---|---|---|---|
| 1. | സൗമ്യ പ്ലാപ്പറമ്പിൽ | I A | നടവയൽ | പനമരം |
| 2. | അനു വരിക്കാനായിൽ | II A | ദ്വാരക | വിളമ്പുകണ്ടം |
| 3 | ബ്ലസി നടുപ്പറമ്പിൽ | III B | കല്ലോടി | പുതുശ്ശേരി |

**കലാമത്സരം**

**പ്രസംഗം**

| | | | | |
|---|---|---|---|---|
| 1. | അലൻ ജിയോ സോയി | I B | മാനന്തവാടി | കണിയാരം |
| 2. | ബ്രാവോ പുത്തൻപറമ്പിൽ | II B | ബത്തേരി | ബത്തേരി |
| 3. | എയ്ഞ്ചല ചക്കാലക്കുടി | III B | കല്ലോടി | കല്ലോടി |

**ലളിത ഗാനം – ആൺ**

| | | | | |
|---|---|---|---|---|
| 1. | റോമൽ | I B | നടവയൽ | വാളവയൽ |
| 2 | അജിത്ത് മഠത്തിൽ | II B | ദ്വാരക | വെള്ളമുണ്ട |
| 3 | ഗസൽ ജോളി ഒഴുകയിൽ | III B | മുള്ളൻക്കൊല്ലി | മരക്കടവ് |

**ലളിത ഗാനം – പെൺ**

| | | | | |
|---|---|---|---|---|
| 1 | സാന്ദ്ര താഴത്തുമുറി | I A | പയ്യമ്പള്ളി | തൃശ്ശിലേരി |
| 2. | ആൻ നിയ കച്ചിറയിൽ | II A | മാനന്തവാടി | കണിയാരം |
| 3. | ക്ലയർ മാടപ്പള്ളിക്കുന്നേൽ | III B | ദ്വാരക | ദ്വാരക |

**മിമിക്രി**

| | | | |
|---|---|---|---|
| 1. മിഥുൻ മോനിപ്പള്ളി | I B | പയ്യമ്പള്ളി | തൃശിലേരി |
| 2. ട്രീസ കണിപ്പറമ്പിൽ | II B | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| 3. ജിജോ കുരിക്കാട്ടിൽ | III C | കല്ലോടി | വാളേരി |

**മോണോആക്ട്**

| | | | |
|---|---|---|---|
| 1. സാന്ദ്ര നെല്ലൂർ | I A | നടവയൽ | ചുണ്ടക്കര |
| 2. ഐശ്വര്യ ജീരകശ്ശേരിയിൽ | II B | ബത്തേരി | ബത്തേരി |
| 3. അലീന മടത്താശ്ശേരി | III C | കല്ലോടി | മക്കിയാട് |

**നാടോടിനൃത്തം – ആൺ**

| | | | |
|---|---|---|---|
| 1. സരുൺ പയ്യംമ്പള്ളി | I C | ബത്തേരി | അമ്പലവയൽ |
| 2. അജയ്യ് പടനിലം | II | കല്ലോടി | മക്കിയാട് |

**നാടോടിനൃത്തം – പെൺ**

| | | | |
|---|---|---|---|
| 1. സാന്ദ്ര നെല്ലൂർ | I A | നടവയൽ | ചുണ്ടക്കര |
| 2. സ്റ്റെഫി തോപ്പിൽ | II B | ദ്വാരക | ചുള്ളിയാന |
| 3. അലിൻ മരിയ തെക്കിനാൽ | III B | കല്ലോടി | കല്ലോടി |

**ഫോട്ടോഗ്രാഫി**

| | | | |
|---|---|---|---|
| 1. അമൽ പാങ്കോട്ട് | I B | നടവയൽ | പനമരം |
| 2. ആഷ്വിൻ തുരുത്തേൽ | II B | ദ്വാരക | തോണിച്ചാൽ |
| 3. ഡോൺ മുണ്ടപ്ലാക്കൽ | III B | പയ്യംമ്പള്ളി | തൃശ്ശിലേരി |

**ക്വിസ്**

| | | | |
|---|---|---|---|
| 1. ജിതിൻ പ്ലാച്ചേരിക്കുഴി & ടീം | I B | ദ്വാരക | കൊമ്മയാട് |
| 2. അലീന മടത്താശ്ശേരി & ടീം | II B | കല്ലോടി | മക്കിയാട് |
| 3. റ്റിൻസി കൂട്ടുങ്കൽ & ടീം | III C | പയ്യംമ്പള്ളി | ഒണ്ടയങ്ങാടി |

**മൈം**

| | | | |
|---|---|---|---|
| 1. അമൽ മോളോത്ത് & ടീം | I B | ദ്വാരക | കൊമ്മയാട് |
| 2. അമിത്ത് റോയി കല്ലംമാക്കിൽ & ടീം | II B | പമ്പമ്പള്ളി | ആറാട്ടുത്തറ |
| 3. അയ്ജിൻ മംഗലത്ത് & ടീം | III B | തരിയോട് | മഞ്ഞൂറ |

**നാടൻപാട്ട്**

| | | | |
|---|---|---|---|
| 1. നിവേദിത പുത്തൻപുരയിൽ & ടീം | I A | മുള്ളൻക്കൊല്ലി | ആടിക്കൊല്ലി |
| 2. സോന പാറാനിയിൽ & ടീം | II A | മാനന്തവാടി | കണിയാരം |
| 3. ഷാനറ്റ് പാറക്കുൽേ & ടീം | III B | നടവയൽ | ചെറുകാട്ടൂർ |

**സംഘഗാനം**

| | | | |
|---|---|---|---|
| 1 റോസ് മേരി കോക്കാട്ട് & ടീം | I A | നടവയൽ | നടവയൽ |
| 2. സനു ഇല്ലിക്കൽ & ടീം | II A | പയ്യംമ്പള്ളി | കാട്ടിക്കുളം |
| 3. അയന ഒറവച്ചാലിൽ& ടീം | III B | ദ്വാരക | ദ്വാരക |
| 4. അമിത വേഴപറമ്പിൽ & ടീം | III B | മാനന്തവാടി | കണിയാരം |

**കെ.സി.വൈ.എം. ആന്തം**

| | | | |
|---|---|---|---|
| 1. സച്ചിൻ ആലപ്പുറത്ത് & ടീം | I A | മാനന്തവാടി | കണിയാരം |
| 2. അഡോണ പന്തലാക്കൽ & ടീം | II A | മുള്ളൻക്കൊല്ലി | ആടിക്കൊല്ലി |
| 3. അനഘ പാറപ്പുറത്ത് & ടീം | III B | നടവയൽ | നടവയൽ |

**മാർഗ്ഗംകളി**

| | | | |
|---|---|---|---|
| 1. ഡാരിയ കുര്യൻ പ്ലാക്കിയിൽ & ടീം | I A | മുള്ളൻക്കൊല്ലി | പാടിച്ചിറ |
| 2. അനുഗ്രഹ നിരപ്പേൽ & ടീം | II A | മാനന്തവാടി | കണിയാരം |
| 3. ഹിൽക്കിയ ഓളിപ്പറമ്പിൽ & ടീം | III B | തരിയോട് | തരിയോട് |

**പരിചമുട്ട്**

| | | | |
|---|---|---|---|
| 1. അലൻ വാളോംചാലിൽ & ടീം | I A | ചുങ്കക്കുന്ന് | പാൽച്ചുരം |
| 2. ജോമിറ്റ് ചിറപുറത്ത് & ടീം | II A | നടവയൽ | ചെറുകാട്ടൂർ |
| 3. മാത്യൂസ് തൊട്ടിയിൽ & ടീം | III B | തരിയോട് | തരിയോട് |

**തെരുവ് നാടകം**

| | | | |
|---|---|---|---|
| 1. മിഥുൻ മോനിപ്പള്ളി & ടീം | I A | പയ്യംമ്പള്ളി | തൃശ്ശിലേരി |
| 2. സ്റ്റെഫിൻ കിഴക്കേടത്ത് & ടീം | II B | ദ്വാരക | കൊമ്മയാട് |
| 3. അഭിനവ് പാലക്കലോടി & ടീം | III B | നടവയൽ | അരിഞ്ചേർമല |

**രജത ജൂബിലി വർഷ ക്രിസ്തുമസ് ബംബർ**

കെ.സി.വൈ.എം. രജത ജുബിലിയോടനുബന്ധിച്ച് ഭവന നിർമ്മാണ പദ്ധതി 2019–20 എന്ന പേരിൽ കുപ്പൺ, രൂപത നേതൃത്വം പുറത്തിറക്കിയിരിക്കുന്നു. എല്ലാ യൂണിറ്റുകളും ഈ സംരംഭം വിജയിപ്പിക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബർ 20 മുമ്പായി രസീറ്റ് ഓഫീസിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

NB: 25% രൂപത, 15% മേഖല, 10% യൂണിറ്റ്, 50% ഭവന പദ്ധതി

**ഡിസംബർ 14: ഉന്നത വിദ്യാഭ്യാസ – സാമ്പത്തിക ഗവേഷണ വിഭാഗം മീറ്റിംഗ്**

കെ.സി.വൈ.എം. സംസ്ഥാനതല പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ചിരിക്കുന്നതും ഉന്നത വിദ്യാഭ്യാസതലങ്ങളിൽ പഠിക്കുന്നവർക്കായി നടത്തുന്നതുമായ ട്രെയിനിംങ്ങ് പ്രോഗ്രാം മലബാർ രൂപതകളിലെ യുവജനങ്ങൾക്കായി മാനന്തവാടി രൂപതയിൽ വച്ച് ഡിസംബർ – 14 ന് നടത്തപ്പെടുന്നു. ഇടവകകളിലെ പി.ജി. കഴിഞ്ഞ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**യൂണിറ്റ്, മേഖല തെരഞ്ഞെടുപ്പ്**

2020 പ്രവർത്തന വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കേണ്ട ഭാരവാഹികളെ യൂണിറ്റുകളിൽ നവംബറിലും മേഖലകളിൽ ഡിസംബറിലും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. അർപ്പണ ബോധവും ധാർമ്മിക മൂല്യങ്ങളും സാമൂഹിക പ്രതിബദ്ധതയും വിശ്വാസാധിഷ്ഠിത ജീവിതവുമുള്ള യുവതീ യുവാക്കളെ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കുമല്ലോ. പുതിയ ഭാരവാഹികളുടെ ലിസ്റ്റ് ജനുവരി 5 ന് മുൻപായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. യൂണിറ്റ്, മേഖല വാർഷിക റിപ്പോർട്ടുകളും അന്നേ ദിവസം കൊണ്ടുവരുമല്ലോ.

**വാർഷിക സെനറ്റും രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

കെ.സി.വൈ.എം. സംഘടനയുടെ പരമാധികാര സഭയും, നയരൂപീകരണ സമിതിയുമായ രൂപത വാർഷിക സെനറ്റ് ജനുവരി 25 ന് നടക്കുന്നു. 2019 പ്രവർത്തന വർഷത്തിലെ മേഖലകളുടെയും രൂപതയുടെയും വാർഷിക റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെടുന്നു. 2020 വർഷത്തേയ്ക്കുള്ള പുതിയ ഭരണ സമിതിയെ പ്രസ്തുത മീറ്റിംഗിൽ തെരഞ്ഞെടുക്കുന്നതുമാണ്.

**ആദരാഞ്ജലികൾ**

നിത്യസൗഭാഗ്യത്തിലേക്ക് വിളിക്കപ്പെട്ട കെ.സി.വൈ.എം. വാളാട് യൂണിറ്റ് വൈസ് പ്രസിഡണ്ട് കുമാരി അഞ്ജുവിനും, വാകേരി യൂണിറ്റ് അംഗമായിരുന്ന ശ്രീ. അഖിൽ ജോസഫ് തേക്കുംകുഴിക്കും മിഷൻ ലീഗ് സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടത്തിലിന്റെ പിതാവ് ചാക്കോ മാങ്കൂട്ടത്തിലിനും കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 25 മുതൽ 28 വരെ നടന്ന MPC യിൽ 101 പേരും നവംബർ 11 മുതൽ 14 വരെ നടന്ന MPC യിൽ 95 പേരും പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ഡിസംബർ | 1-4 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ | 27-30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി | 10-13 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി | 26-29 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**മരിയൻ സിംഗിൾസ്**

നവംബർ മാസത്തിലെ മീറ്റിംഗിൽ 13 പേർ സംബന്ധിച്ചു. അടുത്ത മീറ്റിംഗ് ഡിസംബർ 21 ന്.

**പ്രോലൈഫ്**

രൂപതാ പ്രോ ലൈഫ് സമിതിയുടെ മീറ്റിംഗ് നവംബർ 17 ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. അടുത്ത വർഷം അവസാനമാകുമ്പോഴേക്കും ഫൊറോനാ തലത്തിലും ഇടവക തലത്തിലും യൂണിറ്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. പ്രോ ലൈഫ് ക്ലാസ്സുകൾ നടത്തിയിട്ടില്ലാത്ത ഇടവകകളിൽ ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ്.

**മാതൃവേദി**

**മാതൃവേദി വാർഷികം:** രൂപതാ മാതൃവേദിയുടെ വാർഷികം ഡിസംബർ 14 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയാണ്. പങ്കെടുക്കേണ്ടവർ: ആനിമേറ്റർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, കൗൺസിൽ അംഗങ്ങൾ, മേഖലാ രൂപതാ ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ. പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 7 ന് മുമ്പായി മേഖലാ ഭാരവാഹികളെ അറിയിക്കേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് 50 രൂപ വീതം

രജിസ്ട്രേഷൻ ഫീസ് ഉണ്ട്. (ആനിമേറ്റർക്ക് ഇല്ല). രൂപതാ വാർഷിക വിഹിതമായ 250 രൂപയും അന്ന് കൊണ്ടുവരേണ്ടതാണ്. രാവിലെ 9.30 ന് രജിസ്ട്രേഷൻ, ചായ, ജപമാല, 10 മണിക്ക് ക്ലാസ്സ്, 12 മണിക്ക് പൊതു സമ്മേളനം (മുഖ്യാതിഥി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം), സമ്മാനദാനം, 1.45 സമാപനം, ഉച്ചഭക്ഷണം. സംഭാവന കൂപ്പൺ നറുക്കെടുപ്പ്, സമ്മാനാർഹർക്കുള്ള സമ്മാനങ്ങൾ രൂപതാ വാർഷികദിനത്തിൽ നൽകുന്നതാണ്.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ( 1-11-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതിആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകൾ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി - കൺവെൻഷൻ (2-11-19)**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8.45 ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതിആരാധന എന്നിവയ്ക്ക് ശേഷം സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും റവ. ഫാ. വക്കച്ചൻ തട്ടുപറമ്പിൽ (കാനഡ) വി.ബലിയും അർപ്പിച്ചു. കുമ്പസാരത്തിനും സ്പിരിച്ചൽ ഷെയറിംഗിനും ധാരാളം പേർ പങ്കെടുത്തു. ലഘുഭക്ഷണത്തിനുശേഷം ദിവ്യകാരുണ്യ ആരാധനയ്ക്ക് ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് നേതൃത്വം നൽകി. 3.15 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി - പൊതുസ്പിരിച്ചൽ ഷെയറിംഗ് (9-11-19)**

വെള്ളിയാഴ്ച വൈകിട്ട് 4 മണി മുതൽ സ്പിരിച്ചൽ ഷെയറിംഗിനു ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30 ന് പൊതു സ്പിരിച്ചൽ ഷെയറിംഗ് ആരംഭിച്ചു. 50 പേർ പങ്കെടുത്തു.

**ജാഗരണം-മൂന്നാംവെള്ളി (15-11-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണക്കൊന്ത, ജപമാല, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തി. ബ്രദർ ജോസ് മാളോല, ബ്രദർ ബേബി നാക്കുഴിക്കാട്ട്, പൈലി തുറപ്പാട്ട് എന്നിവർ നേതൃത്വം നൽകി. സീയോൻ ധ്യാനകേന്ദ്ര അസി.ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലി അർപ്പിച്ചു. രാവിലെ 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ആന്തരികസൗഖ്യധ്യാനം (15-18)**

നാല് ദിവസത്തെ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനത്തിന് സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ബാബു മൂത്തേടം, റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**നാലാംശനി - രോഗസൗഖ്യ ശുശ്രൂഷാദിനം (23-11-19)**

രാവിലെ 9.30 ന് രോഗസൗഖ്യ ശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. സ്തുതി ആരാധന, കുരിശിന്റെ വഴി, വി.കുർബാന എന്നിവയ്ക്ക് ശേഷം തൈലാഭിഷേക പ്രാർത്ഥനയ്ക്ക് റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നൽകി.

**ഇടവക ധ്യാനം (19-11-19)**

19 മുതൽ 22 വരെ വിളമ്പുകണ്ടം ഇടവകയിലും 24 മുതൽ 27 വരെ കൊട്ടിയൂർ ഇടവകയിലും സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി.

**2019 ഡിസംബർ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 6-12-2019 ആദ്യവെള്ളി | - | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണം |
| 7-12-2019 ആദ്യശനി | - | ഏകദിനകൺവെൻഷൻ (ശിശുക്കൾ) |
| 13-12-2019 രണ്ടാം വെള്ളി | - | തൂവാനിസാ സംഗമം |
| 14-12-2019 രണ്ടാം ശനി | - | പൊതുസ്പിരിച്ചൽ ഷെയറിംഗ് |
| 20-12-2019 മൂന്നാം വെള്ളി | - | ജാഗരണപ്രാർത്ഥന |
| 20-23 വെള്ളി, തിങ്കൾ | - | ആന്തരികസൗഖ്യ ധ്യാനം |
| 27-12-2019 നാലാംശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഇടവക ധ്യാനങ്ങൾ (19-11-19)**

ഡിസംബർ 1-4 കബനിഗിരി, 5-8 വാളാട്, 9-13 കൽപ്പറ്റ (ലത്തീൻ), 15-18 പൂളപ്പാടം, 28-31 എടയൂർക്കുന്ന്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

പ്രിയ കൂട്ടുകാരേ,

സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുകയാണ്. ഉണ്ണീശോയുടെ എല്ലാ ദൈവാനുഗ്രഹങ്ങളും നമ്മിൽ ഏവരിലും നിറയട്ടെയെന്ന് നമുക്കു പരസ്പരം പ്രാർത്ഥിക്കാം. ഓരോ വർഷവും ക്രിസ്തുമസ്സ് നമുക്ക് ഈശോയുടെ ജനനത്തിന്റെ ഓർമ്മപുതുക്കുന്ന ദിവസമാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഓരോ ക്രിസ്ത്യാനിക്കും കൂടുതൽ ആഘോഷങ്ങളുള്ള തിരുനാളുകൂടിയാണ് ക്രിസ്തുമസ്സ്. ഡിസംബർ മാസമാകുമ്പോഴേക്കും നമ്മൾ നക്ഷത്രം തൂക്കുന്നു, നോമ്പു നോക്കുന്നു, ക്രിസ്തുമസ്സ് ഗാനങ്ങൾ ആലപിക്കുന്നു, പുൽക്കൂടു തയ്യാറാക്കുന്നു, കേക്കുകൾ മുറിക്കുന്നു, സമ്മാനങ്ങൾ കൈമാറുന്നു, രാത്രിയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പുതിയ ഒരു ക്രിസ്തു അനുഭവത്തിനായി നമ്മൾ വീണ്ടും ഒരുങ്ങുന്നു, സഹോദരങ്ങളുമായി സ്നേഹം പങ്കിടുന്നു. എല്ലായിടത്തും ആഘോഷങ്ങളുടെയും സന്തോഷത്തിന്റേയും നിറവ് ഈ ദിവസത്തിൽ എത്തിച്ചേരുന്നു. ഈശോയുടെ ജനനസമയത്ത് മാലാഖ ആട്ടിടയന്മാർക്ക് പ്രത്യക്ഷപ്പെട്ട് അരുൾചെയ്ത തിരുവചനഭാഗം ഈ അവസരത്തിൽ നമുക്ക് മനസ്സിൽ സൂക്ഷിക്കാം. ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു (ലൂക്കാ 2:10-11). നമ്മുടെ രക്ഷകൻ പിറന്നതിന്റെ ഓർമ്മയാചരിച്ചുകൊണ്ട്, ഈ രക്ഷ സ്വന്തമാക്കുവാൻ നമുക്കൊരുങ്ങാം. നമ്മുടെ വാക്കിലും പ്രവൃത്തിയിലുമെല്ലാം ഈശോ ഇന്നും ജനിക്കുവാൻ, അതുവഴി ഉണ്ണീശോയുടെ നല്ല മക്കളായി തീരുവാൻ നമുക്കു പ്രാർത്ഥിക്കാം, കൈകോർക്കാം. ഒപ്പം പുതുവത്സരത്തെ സ്വീകരിക്കുവാൻ നമുക്കൊരുങ്ങാം.

2019-ാം വർഷം കടന്നുപോയി. ഇതാ, പുതിയൊരു വർഷം ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നു. കഴിഞ്ഞ ഇന്നലകൾ മറക്കാനും പുതിയ സ്വപ്നങ്ങൾക്കു ജീവൻ നൽകാനുമായി 2020 വന്നുകഴിഞ്ഞു. ദൈവത്തോടു ചേർന്ന് നിന്ന് പഴയകാര്യങ്ങളിൽ നിന്ന് പഠിച്ച്, പുതിയ

ഭാവനകൾ സൃഷ്ടിക്കാനും, പുതിയ തീരുമാനങ്ങൾ എടുത്ത് മുന്നേറുവാനും നമുക്ക് പ്രാർത്ഥനയിലൂടെയും കൂട്ടായ്മയിലൂടെയും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും, നല്ലൊരു പുതുവർഷം ആശംസിക്കുകയും ചെയ്യുന്നു. ഈ ഡിസംബർ മാസത്തിൽ പ്രത്യേകമായി പ്രാർത്ഥന സമർപ്പിക്കേണ്ട ഒരു നിയോഗം, എല്ലാ രൂപതകളിലും മറ്റ് സന്യാസ ഭവനങ്ങളിലുമൊക്കെ പ്രഥമദിവ്യബലിയർപ്പണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ ഡീക്കന്മാർക്കും വേണ്ടിയാണ്. അവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. തിരുപ്പട്ടത്തിനായിട്ടുള്ള എല്ലാ ഒരുക്കങ്ങളും നന്നായി പൂർത്തീകരിക്കുവാനും, കൂടുതൽ ഈശോയോട് ചേർന്ന് വിശുദ്ധിയിൽ വളരാനും ഉള്ള കൃപയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം.

ജീസസ് യൂത്ത് ലീഡേഴ്സായ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷമുള്ള ഒരു കാര്യം, മുൻകാലങ്ങളിൽ നമ്മുടെ ഒപ്പം ഒരു ലീഡറായി ശുശ്രൂഷ ചെയ്യുകയും, ഒരു വർഷകാലത്തോളം കർത്താവിനുവേണ്ടി ഫുൾടൈമറായി ജീവിതം മാറ്റി വെക്കുകയും ചെയ്ത മുൻക്യാമ്പസ്സ് കോർഡിനേറ്റർ ഡീക്കൻ നിധീഷ് ജോർജ്ജ് തലച്ചിറ തന്റെ പ്രഥമദിവ്യബലിയർപ്പണത്തിനായി ഒരുങ്ങുന്നു എന്നതാണ്. ഈ അവസരത്തിൽ ഡീക്കനെ നമുക്ക് ഓർക്കാം. പ്രാർത്ഥിക്കാം. ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. കഴിഞ്ഞ മാസങ്ങളിൽ നടന്ന ശുശ്രൂഷകൾ / പ്രോഗ്രാമുകൾ നവംബർ 8-ലീഡേഴ്സ് ഗ്യാതറിംങ് 8-ാം തീയതി, രണ്ടാം വെള്ളിയാഴ്ച്ച വൈകുന്നേരം 7.30ന് ബഹുമാനപ്പെട്ട ജെയ്മോൻ കളമ്പുകാട്ട് അച്ചൻ വിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. കഴിഞ്ഞ മാസത്തിൽ തങ്ങൾക്കുണ്ടായ ദൈവാനുഭവം ഓരോ ലീഡേഴ്സും ഗ്രൂപ്പിൽ പങ്കുവെച്ചു. തുടർന്ന് 11.30 ന് ദിവ്യകാരുണ്യ ആരാധനയോടുകൂടി അവസാനിച്ചു.

**നവംബർ 9 – കരിയർ ലീഡർഷിപ്പ് പ്രോഗ്രാം**

രണ്ടാം ശനിയാഴ്ച്ച സെന്റ് മേരീസ് ദൈവാലയം, കണിയാമ്പറ്റയിൽ വെച്ച് നടത്തപ്പെട്ട കരിയർ ലീഡർഷിപ്പ് പ്രോഗ്രാം രാവിലെ 9.30 ന് ആരംഭിച്ച് 2.00 മണിക്ക് അവസാനിച്ചു. ഇടവകവികാരിയായ റവ.ഫാ. വിനോദ് പാക്കാനിക്കുഴിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ പ്രോഗ്രാമിൽ ആമസോൺ, ഗൂഗിൾ തുടങ്ങിയ കമ്പനികളിൽ നിന്നുള്ള വ്യക്തികൾ തങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്പർശനം അനുഭവിച്ച് ജീവിതം വിജയിച്ചതിന്റെ അനുഭവം പങ്കുവെച്ചു. നവംബർ 16 – Teens Meet (Rejoice) ഒക്ടോബർ മാസം ചേർത്തലയിൽ വെച്ചു നടത്തപ്പെട്ട

JOY - Conference ൽ സോണിൽ നിന്നും പങ്കെടുത്ത കുട്ടികൾക്കായി ഒരു ഫോളോ അപ്പ് പ്രോഗ്രാം നടവയൽ (കായക്കുന്ന്) ലാസലെറ്റ് ആശ്രമത്തിൽ വെച്ച് നടത്തപ്പെട്ടു. മദ്ധ്യസ്ഥപ്രാർത്ഥന മാനന്തവാടി സോൺ ജീസസ് യൂത്ത് മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയിലൂടെ നേതൃത്വത്തിൽ മാനന്തവാടി അമലോത്ഭവമാതാ (ലത്തീൻ) ദൈവാലയത്തിൽവെച്ച് എല്ലാ ബുധനാഴ്ച്ചയും വൈകുന്നേരം 7 മണി മുതൽ 9.30 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തപ്പെടുന്നു. നടക്കാനിരിക്കുന്ന വിവിധശുശ്രൂഷകൾ/ പ്രോഗ്രാമുകൾ ഡിസംബർ 13 – ലീഡേഴ്സ് ഗ്യാതറിംഗ് & ക്രിസ്തുമസ്സ് ആഘോഷം ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് ജീസസ് യൂത്ത് ലീഡേഴ്സ് ഒരുമിച്ചിരുന്നുള്ള മദ്ധ്യസ്ഥപ്രാർത്ഥന കൂട്ടായ്മ 13–ാം തീയതി രണ്ടാം വെള്ളിയാഴ്ച്ച വൈകുന്നേരം 6.00 ന് ആരംഭിച്ച് രാത്രി 11.30 ന് അവസാനിക്കുന്നു. അന്നേദിവസം ക്രിസ്തുമസ്സ് ആഘോഷവും എല്ലാ മിനിസ്ട്രികളുടെ മീറ്റിംങ്ങും ഉണ്ടായിരിക്കുന്നതാണ്. ഡിസംബർ 14 – ഏകദിന യുവജന ശുശ്രൂഷ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ദ്വാരക സീയോൻ വട്ടചാപ്പലിൽ വെച്ച് ഡിസംബർ 14–ാം തീയതി രണ്ടാം ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ യുവജനങ്ങൾക്കായി ഏകദിന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. രാവിലെ ജപമാലയോടുകൂടി ആരംഭിച്ച് ദിവ്യകാരുണ്യ ആശീർവ്വാദത്തോടുകൂടി അവസാനിക്കുന്നതാണ്. കുമ്പസാരം, ക്ലാസ്സ്, വിശുദ്ധ കുർബാന, ഗാനശുശ്രൂഷ, ദിവ്യകാരുണ്യആരാധന എന്നിവ ഉണ്ടായിരിക്കുന്നതാണ്. എല്ലാ യുവജനങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. Radiant 2019 ലീഡേഴ്സ് ട്രെയിനിംങ് പ്രോഗ്രാം മാനന്തവാടി സോൺ ജീസസ് യൂത്തിൽ നിലവിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവരും പുതിയതായി ജീസസ് യൂത്ത് കൂട്ടായ്മയിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവരുമായ യുവജനങ്ങൾക്കായി ഡിസംബർ 26–ാം തീയതി വ്യാഴാഴ്ച മുതൽ 29–ാം തീയതി ഞായറാഴ്ച്ച വരെ കാട്ടിക്കുളം ജയമാതാ ആശ്രമത്തിൽ വെച്ച് Radiant 2019 എന്ന പേരിൽ ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെടുന്നു.

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത്

### വയനാട് സോഷ്യൽ സർവ്വീസ്

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനാണ് തലശ്ശേരി, കണ്ണൂർ, മലബാർ, താമരശ്ശേരി, സുൽത്താൻ ബത്തേരി രൂപതകളിലെ പിതാക്കന്മാരും, കോട്ടയം അതിരൂപതാ സഹായമെത്രാനും അതാതു രൂപതകളിലെ സാമൂഹ്യസേവന വിഭാഗം ഡയറക്ടർമാർക്കൊപ്പം സന്ദർശനം നടത്തിയത്. തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട്, കണ്ണൂർ രൂപതാ ബിഷപ്പ് മാർ അലക്സ് ജോസഫ് വടക്കുംതല, ബത്തേരി രൂപതാ അദ്ധ്യക്ഷൻ ബിഷപ്പ് ജോസഫ് മാർ തോമസ്, കോട്ടയം രൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി, താമരശ്ശേരി രൂപതാ ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, തലശ്ശേരി രൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംബ്ലാനി, മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം എന്നീ പിതാക്കന്മാരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന ഒത്തുചേരൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടത്തിന്റെ അധ്യക്ഷതയിൽ തലശ്ശേരി അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബെന്നി ഇടയത്ത്, ജീവന കോഴിക്കോട് ഡയറക്ടർ റവ. ഫാ. ആൽഫ്രഡ് വടക്കേതുണ്ടിൽ, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ, കൈറോസ് ഡയറക്ടർ റവ. ഫാ. ഷാജു പീറ്റർ, താമരശ്ശേരി രൂപത സാമൂഹ്യ സേവന വിഭാഗം അസ്സോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ.ജോർജ്ജ് ചെമ്പരുത്തി, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിബിൻ തോമസ് കണ്ടോത്ത്, ബയോവിൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സാമൂഹ്യ വികസന മേഖലയിൽ സഭയുടെ ഇടപെടലുകളെ കുറിച്ച്

വിശദീകരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ ഒത്തു ചേരലിനു ശേഷം ടീം ബയോവിൻ അഗ്രോ റിസർച്ച് സന്ദർശിച്ചു.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS)**

സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ വഴിത്തിരിവ് കുറിച്ചുകൊണ്ട് NABARD - E SHAKTHI PROJECT നിലവിൽ വരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ 600 സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് ഇതിനോടകം അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 30 സംഘങ്ങൾക്ക് ഒരു ഫീൽഡ് ആനി മേറ്റർ എന്ന രീതിയിൽ പരിചയ സമ്പന്നരായ 20 പേരെ കണ്ടെത്തി 6–11–2019 ഫീൽഡ് ആനിമേറ്റർമാർക്കുള്ള പരിശീലനം കൽപ്പറ്റയിൽ വച്ച് നടന്നു NABARD - DDM ശ്രീമതി ജിഷ ഇ ശക്തിയുടെ പ്രസക്തിയെ കുറിച്ച് വിശദികരിച്ചു. ഓരോ സംഘങ്ങളുടേയും പ്രവർത്തനം കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിലൂടെ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സുതാര്യത കൈവരുമെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത.

SWS തലത്തിൽ എല്ലാ മാസവും നടത്തിവരുന്ന യോഗങ്ങൾ ഈ മാസം 28 യൂണിറ്റുകളിലായി നടന്നു. സീതാമൗണ്ട് യൂണിറ്റിൽ സ്ത്രീയും മാധ്യമവും എന്ന വിഷയത്തിൽ ADV. JOY ക്ലാസ്സെടുത്തു. ശശിമല യൂണിറ്റിൽ SR. Regin MSMI സ്ട്രെസ് മാനേജ്മെന്റ് എന്ന വിഷയത്തിൽ ക്ലാസ്സെടുത്ത് നൽകി. തവിഞ്ഞാൽ, പോരൂർ, കല്ലോടി യൂണിറ്റുകളിൽ ഇ – ശക്തി പദ്ധതിയുടെ പ്രവർത്തനങ്ങളെ കുറിച്ച് ആനിമേറ്റർ ഷീനയും, പയ്യംമ്പള്ളി, പടമല, എടയൂർക്കുന്ന് എന്നീ യൂണിറ്റുകളിൽ ആനിമേറ്റർ ആലീസ് സിസിൽ ഉം ക്ലാസ്സ് നൽകി.

**ജീവസ് ഇൻഷുറൻസ് (JEEVAS INSURANCE)**

ജീവസ് ഇൻഷുറൻസ് മെഡിക്കൽ പദ്ധതി മാനന്തവാടി രൂപത യുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതി യാണ്. രൂപതയിൽ 2030 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വമെടു ത്തിട്ടുണ്ട്. നാളിതുവരെ 342 ക്ലെയിമുകൾ കമ്പനിക്ക് നൽകി. 270 ക്ലെയി മുകൾ പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നുവരുന്നു. ഇതു വരെ 1879217 രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു. ജീവസിൽ ചേർന്നിരിക്കുന്നവരുടെ സംശയ നിവാരണത്തിന് WSSS ഓഫീസുമായി ബന്ധപ്പെടുക.

**DDU - GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽ പരമായി

കൂടുതൽ കഴിവുള്ളവർ ആക്കുന്നതിനുവേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന് ചേർന്ന് നടത്തിവരുന്ന DDU - GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗണിലെ പരിശീലന കേന്ദ്ര ത്തിൽ നടന്നുവരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രി യൽ എലെക്ട്രിഷ്യൻ, ബ്യൂട്ടീഷ്യൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്. പ്രഗൽഭരായ അധ്യാപകരുടെ ശിക്ഷണത്തിൽ പരി ശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തു മായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

കഴിഞ്ഞ മാസങ്ങളിലായി സംസ്ഥാനസർക്കാരിന്റെ മറ്റൊരു തൊഴിൽ പരിശീലന പരിപാടിയായ ASAP കോഴ്സിന്റെ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. അതുപോലെ തന്നെ പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യയുടെ ജന്മദിനമായ അന്ത്യോദയ ദിവസ് ആചരിക്കുകയും അന്നേ ദിവസം പ്രസ്തുത മീറ്റിംഗിൽ വയനാടിന്റെ യുവ കവി എന്നറിയ പ്പെടുന്ന ശ്രീ. ജിത്തു തമ്പുരാൻ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ കുട്ടി കളുടെ വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു. കുട്ടികളിലെ കല കായിക ഗുണങ്ങൾ വളർത്തിയെടുക്കുവാൻ സ്പോർട്സ് അതു പോലെ എല്ലാ മാസങ്ങളിലും സാഹിത്യ സമാജം എന്ന പേരിൽ കലാ മത്സരങ്ങൾ നടത്തിവരുന്നു.

DDU - GKY യുടെ അടുത്ത പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ വരുന്ന ഡിസംബർ മുതൽ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ, എലക്ട്രിഷ്യൻ, ബ്യൂട്ടീഷ്യൻ, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സു കളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി നൽകുന്നു. ആധുനിക സജ്ജീ കരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠന സമയങ്ങളിൽ കമ്പ്യൂട്ടർ / ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്ന താണ്.

### സേവ് എ ഫാമിലി പ്ലാൻ (SAFP)

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ ഈ മാസം ആലാറ്റിൽ, അമരക്കുനി, ആറാട്ടുതറ, ബാവലി, ദീപ്തിഗിരി, കുറു

ന്പാല, മുല്ലൻകൊല്ലി, വാകേരി, വഞ്ഞോട് ഇടവകകളിൽ ഇടവകാതല മീറ്റിംഗുകളും ഫാമിലി ആക്ഷൻ ടീം മീറ്റിംഗുകളും നടത്തി. മാനന്ത വാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയണുകളിലായി 96 ഭവനങ്ങളിൽ ആനി മേറ്റേഴ്സും കോർഡിനേറ്ററും സന്ദർശനം നടത്തി, അവരുടെ പുരോ ഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. ഈ മാസം പദ്ധതിയിൽ തങ്ങളുടെ കാലാവധി പൂർത്തിയാക്കിയ 20 കുടുംബങ്ങളുടെ പുരോഗമന റിപ്പോർട്ട് സമർപ്പിച്ചു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ചേർക്കുവാൻ എല്ലാ വരുടേയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവര ങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക. സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി പദ്ധതിയിൽ സഹായം ലഭിച്ച 25 ഭവനങ്ങളുടേയും നിർമ്മാണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു.

ഉപഭോക്താക്കൾക്കു ഈ മാസം ലഭിച്ച ധനസഹായങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഭവനനിർമ്മാണം | – | 11000 (SAFP) |
| മൃഗസംരക്ഷണം | – | 125000 (SAFP/LOCAL) |
| കൃഷി | – | 53500 (SAFP) |
| തയ്യൽ | – | 18000 (SAFP) |
| ചെറുകിട വ്യാപാരം | – | 20000 (SAFP) |
| പെൻഷൻ | – | 45600 (Government) |
| ചികിത്സാ സഹായം | – | 17500 (Government and local) |

### കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകര ണത്തിനും ആയി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ് മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

### സ്വാവലംബൻ

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ 2019–2020 ലെ അടയ്ക്കേണ്ട തുക സ്വീകരിച്ചു തുടങ്ങി. 2019 ഡിസംബർ 31 വരെ തുക സ്വീകരിക്കുന്നതാണ്.

### ക്ഷേമപദ്ധതികൾ

വിവിധ ക്ഷേമനിധികളിൽ അംഗത്വം എടുത്തിട്ടുള്ളവർ കൃത്യ മായും അംശാദായം അടയ്ക്കേണ്ടതാണ്. 12 മാസം കുടിശ്ശിക ആയാൽ

അംഗത്വം നഷ്ടപ്പെടുന്നതാണ്. മാപ്പപേക്ഷ, സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയാൽ മാത്രമേ അംഗത്വം പുനഃസ്ഥാപിക്കാൻ കഴിയൂ.

**പെൻഷൻ മസ്റ്ററിങ്**

പെൻഷൻ ലഭിക്കുന്നവരെല്ലാം ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് മസ്റ്ററിങ് ചെയ്യുന്നത്. ഇതിനായി വിവിധതരത്തിലുള്ള പെൻഷൻ വാങ്ങുന്നവർ അക്ഷയകേന്ദ്രത്തിൽ നേരിട്ട് പോയി വിരലടയാളം വഴിയോ, കണ്ണ് ഉപയോഗിച്ചോ മസ്റ്ററിങ് ചെയ്യാവുന്നതാണ്. ഇതിനായി ആധാർ കാർഡ് നിർബന്ധമാണ്. (പെൻഷൻ ID ഉണ്ടെങ്കിൽ ഉപകാരപ്രദം). നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നവംബർ 30 വരെ മസ്റ്ററിങ് നടത്താം.

**നവജീവൻ**

കേരളം കണ്ട അതിഭയാനകമായ പ്രകൃതി ദുരന്തമായിരുന്നു 2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയം. യു. എൻ വിദഗ്ദർ നൽകുന്ന കണക്ക് പ്രകാരം 31000 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. അനേകം ജീവനുകൾ നഷ്ടപ്പെട്ടു. പ്രളയസമയത്തും അതിനുശേഷവും നമ്മുടെ അതിജീവനത്തിന്റെ കഥ ലോകത്തെ അത്ഭുതപ്പെടുത്തിയതായി ദേശീയ അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 ലും സമാനമായ ദുരന്തം ആവർത്തിച്ചപ്പോൾ പലരീതിയിലുള്ള ശാസ്ത്രീയമായ മുൻകരുതലുകൾ എടുക്കാൻ കഴിഞ്ഞതിനാൽ ദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കാൻ ഒരു പരിധി വരെ കഴിഞ്ഞു.

കാലാവസ്ഥ വ്യതിയാനം മൂലം വരും വർഷങ്ങളിലും പ്രളയവും ഉരുൾപൊട്ടലും വരൾച്ചയും ഉണ്ടാകും എന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഈ ദുരന്തങ്ങളെ നേരിടുന്നതിനും, രക്ഷാപ്രവർത്തനങ്ങളും പുനരധിവാസപ്രവർത്തനങ്ങളും ഫലപ്രദമാക്കുന്നതിനും കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളെ സജ്ജരാക്കണം എന്നതാണ് ഈ മേഖലയിലെ വിദഗ്ധർ നൽകുന്ന ഉപദേശം.

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 32 ഗ്രാമപഞ്ചായത്തുകളിലെ 10 വാർഡുകൾ വീതം മൊത്തം 320 വാർഡുകളിലാണ് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്.

വയനാട് ജില്ലയിൽ എടവക, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകളിലെ 10 വാർഡുകളിലാണ് ഡബ്ല്യു എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

**പ്രധാന പ്രവർത്തനങ്ങൾ**

1. തിരഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിൽ പ്രകൃതി ദുരന്തം ഉണ്ടാക്കിയ നാശനഷ്ടങ്ങൾ വിലയിരുത്തുക.

2. വാർഡ് തല ദുരന്തനിവാരണ മാനേജ്മെന്റ് കമ്മറ്റി രൂപീകരണം.
3. വാർഡ് തലത്തിൽ വിവിധ വകുപ്പുകൾ ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ മനസ്സിലാക്കി പഞ്ചായത്തിന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തൽ.
4. ദുരന്തനിവാരണത്തെക്കുറിച്ചും പ്രതിരോധപ്രവർത്തനങ്ങളെകുറിച്ചും വാർഡിലെ ജനങ്ങൾക്കും പ്രാദേശിക നേതാക്കൾക്കും അവബോധം നൽകൽ.
5. വാർഡ് തലത്തിൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കൽ.
6. മഴ, കാറ്റ്, വരൾച്ച എന്നിവയെക്കുറിച്ചുള്ള പ്രവചനം കൃത്യമായി ജനങ്ങളിൽ എത്തിക്കൽ, ദുരന്ത മുഖത്തുനിന്നുള്ള ജനങ്ങളുടെ രക്ഷാപ്രവർത്തനം, പ്രാഥമിക ചികിത്സ നൽകൽ, ക്യാമ്പ് മാനേജ്മെന്റ് എന്നിവയിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകൽ.
7. ദുരന്തനിവാരണ അതിജീവനനയരൂപീകരണം, വാർഡ് തലത്തിൽ തയ്യാറാക്കൽ.
8. തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ കേന്ദ്രീകരിച്ച് അവബോധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, മോക്ഡ്രിൽ എന്നിവ സംഘടിപ്പിക്കൽ.
9. ദുരന്തങ്ങളെ മുൻകൂട്ടികാണുന്നതിനും, പ്രതിരോധിക്കുന്നതിനും ഉതകുന്ന നാട്ടറിവുകൾ ശേഖരിച്ച് ആലേഖനം ചെയ്യൽ.
10. ജനപങ്കാളിത്തത്തോടെ ദുരന്ത ഭൂപടം തയ്യാറാക്കൽ.

പടിഞ്ഞാറത്തറ, എടവക എന്നീ ഗ്രാമ പഞ്ചായത്തുകൾ സന്ദർശിക്കുകയും 5 വാർഡുകളിൽ ദുരന്ത ഭൂപടം നിർമ്മിക്കുകയും കഴിഞ്ഞ പ്രളയത്തിൽ വന്നുപോയ നാശനഷ്ടങ്ങൾ ജനപങ്കാളിത്തത്തോടെ വിലയിരുത്തുകയും ദുരന്ത നിവാരണസേനയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്തരീതിയിൽ പ്രാദേശിക കാലാവസ്ഥാഭേദങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷിരീതികളെ ജൈവകൃഷി എന്ന് പറയാം.

മണ്ണിന്റേയും വിളയുടേയും ഉത്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകളായിരിക്കണം ജൈവകൃഷിയിൽ അനുവർത്തിക്കേണ്ടത്. നിലവിൽ 15643 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽ തന്നെ 6649 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് പൂർത്തീകരിച്ച ജൈകൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. 2000ത്തോളം കർഷകർ പുതുതായി പദ്ധതിയിൽ അംഗങ്ങളാവാൻ കഴിഞ്ഞ ഒരു വർഷമായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് ബയോവിന്റെ ഈ മേഖലയിലെ പ്രവർത്തന മികവിന് കിട്ടുന്ന അംഗീകാരം തന്നെയാണ്.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉത്പ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷകഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫ¯1 ക്ലബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട 396 ഗ്രൂപ്പുകളിൽ റീജണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷകഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേയ്ക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 153 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**സെമിനാറുകൾ, പഠനക്ലാസ്സുകൾ**

UT2 / RA സർട്ടിഫിക്കേഷന്റെ ഓഡിറ്റിംഗുമായി ബന്ധപ്പെട്ട് രണ്ട് സർട്ടിഫിക്കേഷന്റേയും മാനദണ്ഡങ്ങൾ മുൻനിർത്തി 10 –ഓളം മേഖല

കളിലായി സെമിനാറുകളും ക്ലാസ്സുകളും നടന്നു. തെനേരി, കല്ലുവയൽ, കാട്ടിമൂല, കോട്ടാട്, ഒഴുക്കൻമൂല, കൽപ്ര എന്നിവിടങ്ങളിൽ പ്രധാന മായും സെമിനാറുകൾ സംഘടിപ്പിച്ചു.

**വൊഫ എക്സിക്യൂട്ടീവ് മീറ്റിംഗ്**

വൊഫയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്ന തിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി 2019 ഒക്ടോബർ മാസം ബയോവിൻ കോൺഫറൻസ് ഹാളിൽ വൊഫ എക്സിക്യൂട്ടീവ് യോഗം ചേർന്നു. ചികിത്സാ സഹായത്തിനായി സമർപ്പിക്കപ്പെട്ട 459 അപേക്ഷകൾ പരിശോധിക്കുകയും അപേക്ഷ സമർപ്പിച്ച 459 രോഗി കൾക്കും 5000 രൂപ വീതം സാമ്പത്തിക സഹായം നൽകാൻ തീരു മാനിക്കുകയും ചെയ്തു.

**ഭവന നിർമ്മാണ പുനരുദ്ധാരണ സാമ്പത്തിക സഹായം**

വൊഫയിൽ നിന്നുമുള്ള ഭവന നിർമ്മാണ പുനരുദ്ധാരണ സാമ്പ ത്തിക സഹായത്തിനുള്ള സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധി ക്കുകയും ഭവന സന്ദർശനം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ 52 അപേക്ഷകൾ പരിഗണിക്കുകയും 1790000 രൂപ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു.

**മെഡിക്കൽ സപ്പോർട്ട്**

കാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗങ്ങളാൽ ക്ലേശി തരായവരിൽ നിന്നും ലഭ്യമായ 171 അപേക്ഷകൾക്കും 5000 രൂപ തോതിൽ 855000 രൂപ വിതരണം ചെയ്യുകയുണ്ടായി.

**സ്റ്റാഫ് ഇൻഷുറൻസ്**

സ്റ്റാഫിനായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷൂറൻസിലേക്കു പുതുതായി നിയമിച്ച 4 സ്റ്റാഫിനെക്കൂടി ഉൾപ്പെടുത്തി 1.5 ലക്ഷം രൂപ കവറേജ് ലഭ്യമാകുംവിധം പദ്ധതി പൂർത്തീകരിച്ചു.

**പരിശീലന പരിപാടികൾ**

2019 ഒക്ടോബർ മാസം 15, 16 തിയതികളിലായി NAPP നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക്കിന്റെ നേതൃത്വത്തിൽ ബാംഗ്ലൂർ വെച്ച് സംഘടിപ്പിച്ച ഫെയർട്രേഡ് മാനദണ്ഡങ്ങൾ സംബന്ധിച്ച ചർച്ചകൾക്കും കാപ്പിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള സെമിനാ റിലും റവ. ഫാ. ബിനു പൈനുങ്കൽ, ശ്രീ. ഹരികൃഷ്ണൻ, ശ്രീ. അനിൽ ജോസ്, ശ്രീ. സെബാസ്റ്റ്യൻ പി. ജെ എന്നിവർ പങ്കെടുത്തു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഒക്ടോബർ മാസം ഉണക്ക കാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 22000 കിലോയും, കുരുമുളക് കിലോയ്ക്ക് 400 രൂപ

നിരക്കിൽ 1300 കിലോയും സംഭരിച്ചു. 45 രൂപ നിരക്കിൽ 2200 കിലോ ഞാലിപ്പൂവൻ വാഴക്കുല സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷക രിൽ നിന്നുമായി 141159.6 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 80 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധ നവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ സ്സിംഗ് സെന്റർ ഒക്ടോബർ മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക്, വാഴപ്പഴം തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 880 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പ്പന്ന ങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യു കയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

മാനന്തവാടി രൂപത, നീലഗിരി ജില്ലയിലെ സാമൂഹ്യ-ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**N.D.S. ഓഫീസ് വെഞ്ചരിപ്പ് റീജനൽ സെന്റർ ഉദ്ഘാടനവും**

N.D.S.ന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കി തീർക്കുന്നതിന്റെ ഭാഗമായി, ഗൂഡല്ലൂർ ടൗണിൽ അധികാരിവയലിൽ പണിത പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം 19/11/2019 ന് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. നീലഗിരി പ്രദേശത്തെ ആളുകൾക്ക് ഒരു റീജനൽ സെന്റർ എന്ന ചിരകാല സ്വപ്നം പൂർത്തിയാകുന്ന ശുഭമുഹൂർത്തത്തിന് സാക്ഷികളാകുവാൻ, നീലഗിരി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ആളുകൾ പങ്കെടുത്തു.

വൈദീകർ, സിസ്റ്റേഴ്സ്, ഇടവക പ്രതിനിധി N.D.S. യൂണിറ്റ് ഭാരവാഹികൾ SH.G ലീഡേഴ്സ്, കർഷകപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹിക മേഖലയിലെ പ്രമുഖർ എന്നിവരുടെ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായ സദസ്സിനെ N.D.S. ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ സ്വാഗതം ചെയ്തു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് സി.എം.ഐ. കോഴിക്കോട് പ്രൊവിൻഷ്യൽ റവ. ഫാ. തോമസ് തെക്കേൽ സി.എം.ഐ. ഉദ്ഘാടനം ചെയ്തു.

കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങളേയും സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾക്ക് കർഷകരെ ഒരുക്കുകയും ജനോപകാരപ്രദമായ ഗവൺമെന്റ് പദ്ധതികൾ N.D.S. ലൂടെ അതിവേഗം ലഭ്യമാക്കാൻ കഴിയട്ടെയെന്നു പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

ആശംസകൾ അർപ്പിച്ച WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അൽമായ പ്രതിനിധി മൈക്കിൾ മനോഹർ, എസ്. സുന്ദർലിംഗം (Revenew Depart.) എന്നിവർ നീലഗിരി റീജിയണിലെ സഭയുടെ പുത്തൻ സാധ്യതകളെകുറിച്ചും, തമിഴ് ഭാഷാ, സംസ്കാരം എന്നിവ അടിസ്ഥാനമാക്കി വളരുന്ന പുതിയ തലമുറയെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സൂചിപ്പിച്ചു.

N.D.S. WSSS, Biowin എന്നിവയെ പ്രതിനിധീകരിച്ച് 200-ഓളം ആളുകൾ പങ്കെടുത്ത യോഗം 12 മണിക്ക് ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

**F.P.O. പ്രോഗ്രാം**

N.D.S. തമിഴ്നാട് NABARD മായി ചേർന്ന് ആരംഭിക്കുന്ന Farmer Producer Organization വിദശീകരണ ചർച്ചകൾക്ക് വേണ്ടി നവം. 8 ന് കോയമ്പര ഓഫീസിൽ N.D.S.നെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ.ബിനോയ് കാശാംകുറ്റിയിൽ പങ്കെടുത്തു.

**യൂണിറ്റ് ഇവാലുവേഷൻ:** N.D.S.ന്റെ യൂണിറ്റ് തലപ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് വേണ്ടി ഒക്ടോബർ മാസം അവസാനത്തെ ശനിയാഴ്ച, എല്ലാ യൂണിറ്റുകളിലും ഇവാലുവേഷൻ നടന്നു.

പ്രവർത്തനമികവിന്റെ പുതിയ അധ്യായം തുടക്കം കുറിച്ച് മുന്നേറുന്ന സൊസൈറ്റിയുടെ പുതിയ അഡ്രസ്സ്

Address

N.D.S. Office, P.B. No: 43
Door No: 12/ 890 AI, Church hills
Adhikarivayal, Gudallur
The Nilgiris T.N. 643212
Email. ndsgudalur @gmail. com
Website : ndsgudalur.org

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur



N.D.S – ന്റെ പുതിയ ഓഫീസ് കെട്ടിടം

**October - November 2019**

Uploaded Fit India Movement -Plogging Run was organized in the college on 15th October.

Examination Clinic: An examination clinic was conducted on 17th october for I year students as they are facing the university examination for the first time. Amal Satheeshan, First BSc Chemistry, was honored in the class for winning the Silver Medal in the University wrestling competition.

On 18th October,15 of our first year students participated in the Speak for India Competition held at Brennen College, Thalassery. Sidharth B & Ardra K C of First BA English and Nirmal of First BSc physics were selected to participate in the Zonal level debate competition.

On 21st October, End semester examination started for III semester students and VI semester classes commenced.

On 23rd October Sidharth B (I BA English) & Sreeshma C R (IMsc Computer Science) participated in the District Level Power Quiz. They bagged first prize in the same.Two NCC cadets, Anupama Rajeev (III Chem)) and Don Benny (II Phy) were selected to participate in the Pre R D camp.

On 24th October students & staff joined in forming a human chain to protest against the decision of the Department of Forestry to plant Teak saplings in the forest land after felling the natural forest and causing deforestation. The programme was organized by the Municipality of Mananthavady.

Sneha Dineshan, Sujila PS, Aswani Ayanath (Research Scholars) participated in the National Seminar on 'Zoology - Interdisciplinary approaches 2019' conducted by Department of Zoology, Madapally Govt college at Vadakara on 24th &25th October 2019.

On 25th October Sidharth B, (I BA English) won II Prize in the District level elocution contest conducted by the Co-operative Department. Aparna D Nair, Dibin V P, Sona Jolly participated in the district level declamation contest on 'Patriotism & Nation building 2019-2020 conducted by Nehru Yuva Kendra Sangathan at Kalpetta.

On 28th October the College community observed vigilance awareness (anti-corruption) day and took a pledge.

On 30th October End semester examination for I Semester began.

On 31st October NSS Volunteers took a pledge on National Unity Day- the birth anniversary of Sardar Vallabhai Patel.

On 1st November Malayala Bhaasha Vaaraacharanam (one week observation of Malayalam Language) in connection with Keralapiravi was inaugurated with a group Mohiniyattam performance and other competitions.

Mary Matha Chess team won the Kannur University Inter Collegiate Chess Championship (women) and the Second runners up (Men) title. Anusha Jose (II Zoology) & Ashish Thomas Alex (III BCom) are selected for South Zone Inter University Chess Championship.

On 4th November "Examination clinic" was conducted by the Department of English for students appearing for University exam".

On 5th November End Semester Evaluation of activities was assessed by IQAC. It evaluated all the Criteria, Department, Clubs, Associations, Library and Office through a presentation and open discussion. Infrastructure Development Plan was presented by Dr Maria Martin Joseph (Principal).

On 12th November 15 students from our college participated in an interaction session with Dr Shahi Tharoor, held at Kalpetta. The programme was organized as a part of the 'Honour the contributions of Jamal Sahib, the founder of WMO institutions'.

On 13th November Col. C.S.B. Moorthy, CO, 5(k) Bn. NCC,Wayanad, Visited the NCC units of the college and interacted with the Cadets.

Uploaded PEN R on 14/11/2019- Best practice details in the NAAC (naacsda.PDA @Gmail.com) Website.Delegates from Marian College Kuttikkanam interacted with the Final year students of BA Functional English on Higher Education opportunities for English graduates'.

On 15th November a One day national seminar on 'Easy Communication Tips and Meditation'. Sessions were led by Sri Baba Alexander, founder of one world one language movement. The seminar was organized in association with National Child Development Council.

Department of Zoology organized a one day seminar on 'Butterfly migration in the Western Ghats' Resource Person: Mr. Vinayan PA, President, Ferns Nature Conservation Society, Mananthavady.

**Dr Maria Martin Joseph**
Principal

# CEADOM വിദ്യാഭ്യാസ മേഖല

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എച്ച്. എസ്. എസ്., എച്ച്. എസ്., യു. പി., എൽ. പി., സ്ക്കൂളിലെ പ്രധാനാധ്യാപകരുടെ സംയുക്ത യോഗം 2019 ഒക്ടോബർ 23 ന് രാവിലെ 10.30 ന് കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടന്നു. നമ്മുടെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരവും, പഠനാനുബന്ധ പ്രവർത്തനവും വിലയിരുത്തുകയും കൂടുതൽ ഉയർന്ന നിലവാരത്തിലേക്ക് കൈപിടിച്ചുയർത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വിദ്യാലയങ്ങളുടെയും അധ്യാപക, അനധ്യാപകരുടേയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഡിസംബർ മാസം മുതൽ എല്ലാ വിദ്യാലയങ്ങളിലും കോർപ്പറേറ്റ് മാനേജർ സന്ദർശനം നടത്തുന്നതാണ്.

എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കാൻ ചിട്ടയായ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ആരംഭിച്ച് കഴിഞ്ഞു. സന്ദർശന വേളയിൽ മാനേജർ ഇവയെല്ലാം വിലയിരുത്തുന്നതാണ്.

**അഭിവന്ദ്യ പിതാക്കന്മാർ സന്ദർശിച്ചു**

മലബാർ റീജിയണിലെ മെത്രാന്മാരുടെ സമ്മേളനത്തിന് ദ്വാരകയിലെത്തിയ അഭിവന്ദ്യ പിതാക്കന്മാർ മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടത്തോടൊപ്പം കോർപ്പറേറ്റ് ഓഫീസ് സന്ദർശിക്കുകയും, കോർപ്പറേറ്റിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർക്ക് നന്ദി അർപ്പിക്കുന്നു.

**അഭിനന്ദനങ്ങൾ**

സംസ്ഥാന സ്ക്കൂൾ ഐ. ടി. മേളയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നടവയൽ സെന്റ് തോമസ് ഹൈസ്ക്കൂളിന് അഭിന്ദനങ്ങൾ. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ പ്രവർത്തിച്ച പ്രധാനാധ്യാപകനും, അധ്യാപക, അനധ്യാപകർക്കും അനുമോദനങ്ങൾ. ജില്ലാ, ഉപജില്ലാ മേളകളിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കുവാൻ നമ്മുടെ വിദ്യാലയങ്ങൾക്ക് സാധിച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അനുമോദനങ്ങൾ.

**നിർമ്മാണ പ്രവർത്തനങ്ങൾ**

ഇടിവണ്ണ സെന്റ് തോമസ് യു. പി. സ്ക്കൂളിൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സഹകരണത്തോടെ എട്ട് ലക്ഷം രൂപ മുടക്കി നവീന മായ രീതിയിൽ പണികഴിപ്പിച്ച ഉച്ചഭക്ഷണപുരയുടെ ഉദ്ഘാടനം 2019 ഒക്ടോബർ മാസം നടന്നു. പല വിദ്യാലയങ്ങളിലും എം.പി., എം.എൽ.എ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോ ഗിച്ച് ഉച്ചഭക്ഷണപുര, ടോയ്ലറ്റ്, മൂത്രപ്പുര നിർമ്മാണങ്ങൾ നടന്നു വരുന്നു എന്നത് അഭിനന്ദനീയമായ കാര്യമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച പ്രസ്തുത വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകർക്കും അധ്യാപക അനധ്യാപകർക്കും അഭിനന്ദനങ്ങൾ. ഈ വർഷം ഉച്ച ഭക്ഷണത്തിന്റെ ഡയനിംഗ് ഹാൾ നിർമ്മാണത്തിന് എം. പി. ഫണ്ട് ലഭിക്കുന്നുണ്ട് എന്ന് വിവിരം കിട്ടിയതനുസരിച്ച് കോർപ്പറേറ്റ് മാനേജ്മെന്റിലെ പല വിദ്യാലയങ്ങളും അതിനായി അപേക്ഷ നൽകി യിട്ടുണ്ട് എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

**സ്ക്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് ആന്റണീസ് യു. പി. എസ്. കോട്ടത്തറ**

പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി 'സർഗവിദ്യാലയം' എന്ന പദ്ധതിയിലൂടെ അക്കാദമിക മികവ്, വിദ്യാലയ മികവ് എന്ന ലക്ഷ്യത്തോടെ കോട്ടത്തറ സെന്റ് ആന്റണീസ് യു. പി. എസ്. മുന്നേറുകയാണ്. അതിന്റെ ഭാഗമായി നൂതനാശയ പ്രവർത്തന മായ ഭക്ഷ്യകാർഷിക – പുരാവസ്തു പ്രദർശന ശിൽപശാലയും 'ഞാറ്റു വേല' എന്ന പേരിൽ വിദ്യാലയത്തിൽ നടത്തപ്പെട്ടു.

ഒക്ടോബർ 23, 24, 25 തീയതികളിലാണ് പ്രദർശനം നടത്ത പ്പെട്ടത്. പരിപാടികളുടെ മുന്നോടിയായി സ്വാഗതസംഘം രൂപീകരിച്ചു. ചുമതലാവിഭജനം നടത്തുകയും കൺവീനർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. അവരുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ സജ്ജീകരിച്ചു.

23–10–2019 ന് കാർഷിക വിജ്ഞാന വീഡിയോ പ്രദർശനം, കാർഷിക വിജ്ഞാന ക്വിസ് എന്നിവ സംഘടിപ്പിച്ചു. വിവിധ വിദ്യാ ലയങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും പ്രദർശനം കാണു കയും ചെയ്തു. വെങ്ങപ്പള്ളി, കോട്ടത്തറ, തരിയോട് പഞ്ചായത്തിലെ മികച്ച കർഷകരുമായി അഭിമുഖം നടത്തി.

പരിപാടികളുടെ ഔപചാരികമായ ഉദ്ഘാടനം കൽപ്പറ്റ നിയോജക മണ്ഡലം MLA ബഹു. ശ്രീ. സി. കെ. ശശീന്ദ്രൻ നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജോൺ പൊൻപാറക്കൽ പ്രദർശനം കാണാനെത്തുകയും ആശംസകൾ നേരുകയും ചെയ്തു.

ജില്ലാ - ബ്ലോക്ക് - പഞ്ചായത്ത് പ്രതിനിധികൾ എത്തുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

25-10-2019 ന് പ്രദർശനത്തോടനുബന്ധിച്ച് അമ്മമാർ ശേഖരിച്ച ഭക്ഷ്യയോഗ്യമായ ഇലകളുടെ ശേഖരണവും പ്രദർശന മത്സരവും നടത്തി. അതോടൊപ്പം അമ്മമാർക്കുള്ള വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു.

വൈത്തിരി ഉപജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും അധ്യാപകരും വിദ്യാർത്ഥികളും പ്രദർശനം കാണുന്ന തിനായി എത്തിച്ചേർന്നു.

**ഭൗതീക മേഖല**

കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനായി കുറഞ്ഞ ചെലവിൽ മുറ്റത്തൊരു മീൻകുളം നിർമ്മിക്കുകയും, ധാരാളം കൗതുക മത്സ്യങ്ങളെ കുളത്തിൽ വളർത്തുകയും ചെയ്യുന്നു.

**പാഠ്യേതര മേഖല**

വൈത്തിരി ഉപജില്ലാ ശാസ്ത്രമേളയിൽ മികച്ച നേട്ടമാണ് സെന്റ് ആന്റണീസ് യു. പി. സ്കൂൾ കൈവരിച്ചത്. യു. പി. വിഭാഗത്തിന് 7-ാം സ്ഥാനവും എൽ. പി. വിഭാഗത്തിന് 8-ാം സ്ഥാനവും ലഭിച്ചു. വിജയികളെ അനുമോദിക്കുകയും സമ്മാനം നൽകുകയും ചെയ്തു.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ

**ഗ്ലോബൽ പ്രവർത്തക സമിതി തീരുമാനങ്ങൾ**

31-10-2019 മൂവാറ്റുപുഴ നെസ്റ്റിൽ പ്രസിഡണ്ട് ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്രവർക്കിംഗ് കമ്മിറ്റി ബിഷപ് ലെഗേറ്റ് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ മീറ്റിന്റെ തീരുമാനപ്രകാരം കത്തോലിക്കാ കോൺഗ്രസ് ആരംഭിക്കുന്ന ഹെൽപ് ഡെസ്കിന്റെ ഉദ്ഘാടനം കോതമംഗലം രൂപതാ ബിഷപ് അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ നിർവ്വഹിച്ചു. സമ്മേളനത്തിൽ ഷെക്കിന ന്യൂസ് ചാനൽ ചെയർമാൻ ബ്രദർ സന്തോഷ് കരിമത്രയെ ആദരിച്ചു. ഗ്ലോബൽ സെക്രട്ടറി സ്ഥാനം വഹിച്ചു വരവേ അന്തരിച്ച പീറ്റർ ഞരളക്കാട്ടിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും കേന്ദ്ര ഓഫീസിൽ സ്ഥാപിക്കുന്ന അദ്ദേഹത്തിന്റെ ഛായാചിത്രത്തിൽ പുഷ്പമാല അർപ്പിക്കുകയും ചെയ്തു. കഴിഞ്ഞ വർക്കിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് ഗ്ലോബൽ സെക്രട്ടറി ആന്റണി എൽ തൊമ്മാനയും, കണക്ക് ട്രഷറർ പി.ജെ. പാപ്പച്ചനും അവതരിപ്പിച്ചു. യോഗത്തിലെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര, രൂപതാ, ഫൊറോന ഇടവകതലങ്ങളിൽ ഹെൽപ് ഡസ്ക് ആരംഭിക്കുവാൻ തീരുമാനിച്ചു. സർക്കാർ ആനുകൂല്യങ്ങൾ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, വിവിധ NGO യുടെ സഹായങ്ങൾ, വിവിധ ജോലി സാധ്യതകൾ (വിദേശത്തും) ഉന്നത വിദ്യാഭ്യാസ സാധ്യതകൾ എന്നിവ ജനങ്ങളിലേക്ക് എത്തിക്കുന്നതിനാണ് ഹെൽപ് ഡസ്ക് പ്രവർത്തനം. ഇതിനായി കേന്ദ്ര ഓഫീസിൽ ഒരു സ്ഥിരം സ്റ്റാഫിനെ നിയമിക്കുവാൻ തീരുമാനിച്ചു. ഇടവകകളിൽ നിന്നും 10, 11, 12 ക്ലാസ്സുകളിലെ വേദപാഠ വിദ്യാർത്ഥികളുടെയും, വേദപാഠ അദ്ധ്യാപകരുടെയും, ഭക്തസംഘടന പ്രവർത്തകരുടെയും, പാരീഷ് കൗൺസിൽ കുടുംബ കൂട്ടായ്മ അംഗങ്ങളുടെയും അഡ്രസ്സ്, ഫോൺ നമ്പർ, ഇമെയിൽ എന്നിവ ശേഖരിക്കണം. കൂടാതെ യൂണിറ്റ് ഭാരവാഹികളുടെ ഫോട്ടോ സഹിതമുള്ള പൊതുവിവരവും (എ.കെ.സി.സി ഡയറക്ടറി ഉണ്ടാക്കുന്നതിനുവേണ്ടി) രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശേഖരിക്കണം. ഇതിന്റെ ചിലവിലേക്ക് 5000 രൂപ വീതം ഓരോ രൂപതാ കമ്മിറ്റിയ്ക്കും കൊടുക്കുവാൻ തീരുമാനിച്ചു. ശേഖരിക്കുന്ന റിപ്പോർട്ട് നവംബർ 30നകം കോട്ടയം കേന്ദ്ര ഓഫിസിലേക്ക് നൽകേണ്ടതാണ്.

2. ഗ്ലോബൽ മീറ്റിന്റെ തീരുമാനപ്രകാരം “വിഷൻ 20–25” വർക്ക് ഷോപ്പ് എല്ലാ രൂപതകളിലും നടത്തുവാൻ തീരുമാനിച്ചു. “വിഷൻ 20 –25” ൽ നടപ്പാക്കേണ്ടതിനുള്ള രൂപരേഖ ഇതോടൊപ്പം അയക്കുന്നു.

3. “ക്രിസ് മീറ്റ്”: മതസൗഹാർദ്ദം ആഹ്വാനം ചെയ്ത് എല്ലാ രൂപതകളുടെയും പ്രധാന കേന്ദ്രങ്ങളിൽ (മിനിമം മൂന്ന് സ്ഥലങ്ങളിൽ) ആ പ്രദേശത്തെ വിവിധ സമുദായ നേതാക്കൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, വ്യാപാര സംഘടനയുടെ നേതാക്കൾ എന്നിവരെ വിളിച്ചുചേർത്ത് ക്രിസ്തുമസ് സന്ദേശവും സ്നേഹവിരുന്നും നൽകണമെന്നും തീരുമാനിച്ചു.

4. കോട്ടയം ഓഫീസ് നവീകരിക്കുവാൻ തീരുമാനിച്ചു.

5. ഗ്ലോബൽ ഡയറക്ടർ പങ്കെടുക്കുന്ന രൂപതാ കമ്മിറ്റികൾ ഉടൻ പൂർത്തീകരിക്കുവാൻ രൂപതാ പ്രസിഡണ്ടുമാർ മുൻകൈ എടുക്കണം.

6. ഗ്ലോബൽ മീറ്റിൽ ആരംഭം കുറിച്ച ബിസിനസ് പ്രൊമോട്ടേഴ്സ് കൗൺസിലിന്റെ സഹായത്തോടെ മാനന്തവാടിയിൽ 30 കോടി രൂപ മുതൽ മുടക്കി കോഴിഫാം ജനുവരിയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു.

7. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ കമ്മിറ്റികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. ഇതിൽ സഹകരിക്കുവാൻ താൽപര്യമുള്ളവർ പ്രൊഫ. ജോസുകുട്ടി ഒഴുകയിലുമായി ബന്ധപ്പെടുക.

8. മലബാറിൽ നടക്കുന്ന കർഷക പ്രക്ഷോപങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും സജീവമായി പങ്കെടുക്കുവാനും തീരുമാനിച്ചു.

9. 2019 ഡിസംബറിൽ പ്രതിനിധി സമ്മേളനവും ഗ്ലോബൽ സമിതിയുടെ രണ്ടാം വാർഷികവും ഇരിഞ്ഞാലക്കുട രൂപതയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. ഇപ്രാവശ്യത്തെ ബുള്ളറ്റിനിൽ വാർഷിക റിപ്പോർട്ടിനോടൊപ്പം എല്ലാ രൂപതയിലെ പ്രവർത്തന റിപ്പോർട്ടും ചേർക്കുവാനും തീരുമാനിച്ചു. നവംബർ 20 നകം താങ്കളുടെ രൂപതയിലെ പ്രോഗ്രാമുകളുടെ വാർത്ത, ഫോട്ടോകൾ എഡിറ്റ് ചെയ്യാവുന്ന രീതിയിൽ akcc mail2012@gmail.com ലേക്ക് അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

10. സഭാംഗങ്ങൾ സിവിൽ സർവ്വീസ് രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിൽ ബാംഗ്ലൂർ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും , ഡൽഹി എ എൽ എസ്ന്റെയും സഹായത്തോടെ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ആരംഭിക്കുവാൻ തീരുമാനിച്ചു.

11. കത്തോലിക്ക കോൺഗ്രസിന്റെ അഭിമാനകരമായ ചരിത്രം സമുദായ അംഗങ്ങളിൽ എത്തിച്ച് സംഘടനയ്ക്ക് ഉണർവ്വേകുവാൻ കത്തോലിക്ക കോൺഗ്രസിന്റെ ചരിത്രം അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു. വൈദിക വിദ്യാർത്ഥികൾ, സിസ്റ്റേഴ്സ്, മാതൃവേദി, യുവദീപ്തി, മറ്റു സമുദായ അംഗങ്ങളെയും ഈ മത്സരത്തിൽ പങ്കെടുപ്പിക്കണം. മത്സരാർത്ഥികൾക്ക് ആവശ്യമായ ചരിത്ര ലഘുരേഖ തയ്യാറാക്കുവാനും തീരുമാനിച്ചു. ക്വിസ് മത്സരം സംഘടിപ്പിക്കുവാൻ വിദഗ്ധരായ ഓരോ ആളുകളുടെ പേരുവിവരവും രൂപതകളിൽനിന്നും തിരഞ്ഞെടുത്ത് എത്രയും വേഗം സെക്രട്ടറി തോമസ് പീടികയിലിനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12. കേരള സർക്കാർ ഒരു വ്യക്തിക്ക് രണ്ടു സംവരണ ആനുകൂല്യങ്ങൾ ലഭ്യമാകുംവിധം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനെതിരെ പ്രതിഷേധിക്കുവാനും, കോടതിയെ സമീപിക്കുവനും തീരുമാനിച്ചു.

13. ഇടുക്കിയിലെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് ഇടുക്കി രൂപതാ കമ്മിറ്റിയോട് ചേർന്ന് നിരന്തര സമരമുറകൾക്ക് നേതൃത്വം നൽകുവാൻ തീരുമാനിച്ചു.

14. ആർ. സി. ഇ. പി കരാറിൽ ഒപ്പിടാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനെതിരെ രൂപതാ തലത്തിൽ പ്രധിഷേധ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

15. ദീപിക, ഷെക്കീന ചാനൽ എന്നിവയെ വിജയിപ്പിക്കുവാൻ ആത്മാർത്ഥമായി എല്ലാ ഘടകങ്ങളും പരിശ്രമിക്കണമെന്ന് തീരുമാനിച്ചു.

അഭിവന്ദ്യപിതാക്കന്മാരുടെ സമാപന ആശീർവാദത്തോടെ വർക്കിംഗ് കമ്മിറ്റി പര്യവസാനിച്ചു.

**വിഷൻ 2025 വർക്ക്ഷോപ്പ്**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമ്മേളനത്തിലെ തീരുമാനമനുസരിച്ച് എല്ലാ രൂപതകളിലും "വിഷൻ 2025" വർക്കുഷോപ്പുകൾ സംഘടിപ്പിക്കുന്നു. ഗ്ലോബൽ മീറ്റിന്റെ പ്രധാന വിഷയങ്ങളിലൊന്നായിരുന്നു "വിഷൻ 2025" ടോട്ടൽ കെയർ" എന്ന ലക്ഷ്യം മുൻനിർത്തി ഒരു പഞ്ചവത്സരപദ്ധതിയിലൂടെ എങ്ങനെ സമുദായത്തിന്റെ സമഗ്ര മേഖലകളിലും ഉള്ള ഒരു മുന്നേറ്റവും ശാക്തീകരണവും സാദ്ധ്യമാക്കാം എന്നതാണ് "വിഷൻ 2025" പദ്ധതിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.

**"വിഷൻ 2025 വർക്ക് ഷോപ്പിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.**

- ഗ്ലോബൽ മീറ്റിന്റെ ഭാഗമായി രൂപം കൊടുത്ത പ്രൊജക്ട് പ്രൊമോട്ടേഴ്സ് കൗൺസിലിന്റെ ലക്ഷ്യം, പ്രവർത്തനങ്ങൾ (Functioning)
- രൂപതകൾക്ക് പ്രാദേശികതലത്തിൽ തയ്യാറാക്കാവുന്ന പ്രോജക്ടുകളെക്കുറിച്ചുള്ള ചർച്ചകൾ
- കേന്ദ്രതലത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകളോടുള്ള സഹകരണം
- നേതൃത്വത്തിലേക്ക് കൂടുതൽ ആളുകളെ പരിശീലിപ്പിക്കുന്നതിന്റെ ആവശ്യകതയും പ്രധാന്യവും
- സംഘടനയെ ശാക്തീകരിക്കുന്നതിനുതകുന്ന ചർച്ചകൾ
- കാലഘട്ടത്തിനനുസരിച്ചുള്ള പ്രൊഫഷണൽ മാനേജേരിയൽ ലീഡർഷിപ്പ് സംഘടനയിലും, മറ്റെല്ലാം മേഖലകളിലും ഉറപ്പുവരുത്തുക.
- കൃഷി, ബിസിനസ് വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും ആവശ്യമായ നിപുണതയും, കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങളും ഉറപ്പാക്കുക.
- നൂതന സംരംഭകരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സിവിൽ സർവ്വീസ് പരിശീലനം.
- ഗവൺമെന്റ് പ്രൊജക്ടുകൾ സമുദായംഗങ്ങൾക്ക് പ്രാപ്യമാക്കുക
- ബ്യൂറോക്രസി, സിവിൽ അഡ്മിനിസ്ട്രേഷൻ, രാഷ്ട്രീയം, ബിസിനസ്, സംരംഭകത്വം, വിദ്യാഭ്യാസം, ഹോസ്പിറ്റാലിറ്റി & ടൂറിസം തുടങ്ങിയ മേഖലകളിൽ സമുദായത്തിന്റെ ശക്തമായ സാന്നിധ്യം ഉറപ്പുവരുത്തുക.

"TOTAL CARE OF COMMUNITY" ഉറപ്പു വരുത്തുക.

"വിഷൻ 2015" വർക്ക് ഷോപ്പിന്റെ ഭാഗമായി രൂപതകളിൽ നിന്നും തിരഞ്ഞെടുക്കപ്പോടുന്ന, കഴിവും നേതൃത്വപാടവവും ഉള്ള 3 പ്ലസ്ടു കുട്ടികൾക്കും 3 ഡിഗ്രി ഫൈനൽ വർഷ കുട്ടികൾക്കും സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാല്ലൂരിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള "പ്രൊഫഷണൽ മാനേജ്മെന്റ് ലീഡർഷിപ്പ് ട്രെയിനിംഗ്" സൗകര്യം ഒരുക്കുന്നുണ്ട്. ഈ വർക്ക്ഷോപ്പിന്റെ ഭാഗമായി എല്ലാരൂപതകളിൽ നിന്നും വിദഗ്ധരായ കുട്ടികളെ കണ്ടെത്താൻ ശ്രമിക്കണം.

**ബഹു. പീറ്ററുചേട്ടന് ആദരാഞ്ജലികൾ**

കത്തോലിക്ക കോൺഗ്രസ്സ് മാനന്തവാടി രൂപത മുൻ പ്രസിഡന്റും ഗ്ലോബൽ സമിതി സെക്രട്ടറിയുമായിരുന്ന ബഹു. പീറ്റർ ഞറളക്കാട്ടിന്റെ ദേഹവിയോഗത്തിൽ കത്തോലിക്ക കോൺഗ്രസ്സ് അംഗങ്ങളുടെ പ്രാർത്ഥനകളും ആദരാഞ്ജലികളും അർപ്പിക്കുന്നു. ഗ്ലോബൽ ഡയറക്ടർ അടക്കമുള്ള കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതി അംഗങ്ങളും മറ്റ് രൂപതാ ഭാരവാഹികളും അന്തിമോപചാരമർപ്പിക്കാൻ പീറ്ററുചേട്ടന്റെ ഭവനത്തിലും നടവയൽ ദൈവാലയത്തിലും എത്തിയിരുന്നു. പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ഭാരവാഹികൾക്കും മാനന്തവാടി രൂപതാ സമിതിയുടെ പേരിലുള്ള നന്ദി അറീയിക്കുന്നു. നവംബർ 28 ന് 41-ാം ദിന പ്രാർത്ഥന നടവയൽ ഫൊറോന ദൈവാലയത്തിലും തുടർന്ന് അനുസ്മരണ യോഗവും ചേരുന്നതിനു തീരുമാനിച്ചു.

**പുതിയ ഓഫീസ്**

കത്തോലിക്ക കോൺഗ്രസ്സ് മാനന്തവാടി രൂപതയുടെ പുതിയ ഓഫീസ് 2019 നവംബർ 17-ാം തിയതി രൂപത ഡയറക്ടർ ഫാ. ആന്റോ മാമ്പള്ളി വെഞ്ചിരിപ്പ് നടത്തുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. രൂപത മതബോധന ഓഫീസായിരുന്ന സ്ഥലമാണ് ഇപ്പോൾ കത്തോലിക്ക കോൺഗ്രസ്സ് മാനന്തവാടി രൂപത ഓഫീസ്.

**രൂപത സമിതി യോഗം**

രൂപത സമിതി യോഗം നവംബർ 17 ന് പാസ്റ്ററൽ സെന്ററിലെ പുതിയ ഓഫീസിൽ വെച്ചു ചേർന്നു. തലശ്ശേരി അതിരുപതയുടെ നേതൃത്വത്തിൽ നടത്തുന്ന കർഷകപ്രക്ഷോഭ പരിപാടിക്ക് വയനാട് ജില്ലയിൽ തുടക്കം കുറിക്കാനും തീരുമാനിച്ചു.

**അമരക്കുനി ഇടവക യൂണിറ്റ് ആരംഭിച്ചു.**

മുള്ളൻകൊല്ലി ഫൊറോനയിലെ അമരക്കുനി ഇടവകയിൽ യൂണിറ്റ് ആരംഭിച്ചു. ബഹു. ജോയി പിണക്കാട്ടച്ചൻ വിളിച്ചു ചേർത്ത യോഗം ഫൊറോന ഡയറക്ടർ ഫാ. ജെയിസ് പൂതക്കുഴി, വർക്കി നിരപ്പേൽ എന്നിവർ ക്ലാസ് നയിച്ചു.മേഖല അഡ്ഹോക്ക് കമ്മിറ്റി കൺവീനർ ശ്രീ. തോമസ് പാഴുക്കാലായിൽ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ജോണി നെടുങ്കല്ലേൽ |
| വൈസ് പ്രസിഡന്റ് | - | മിനി കൂനാനിക്കൽ |
| സെക്രട്ടറി | - | വിബിൻ തറയിൽ |
| ജോ. സെക്രട്ടറി | - | സോഫി കല്ലുവെട്ടാകുഴി |
| ട്രഷറർ | - | ജോർജ്ജ് തോണക്കര |

**കൊട്ടിയൂർ ഇടവകയിൽ യൂണിറ്റ് രൂപികരിച്ചു**

ചുങ്കക്കുന്ന് ഫൊറോനയിലെ കൊട്ടിയൂർ ഇടവകയിൽ കത്തോലിക്ക കോൺഗ്രസ്സ് യൂണിറ്റ് രൂപികരിച്ചു. ബഹു.ഷാജു മുളകുടിയാങ്കലച്ചന്റെ നേതൃത്വത്തിൽ നടന്ന യോഗം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന കർഷക പ്രക്ഷോഭ പരിപാടിയായ കണ്ണീർ ചങ്ങലയോട് സഹകരിക്കാനും തീരുമാനിച്ചു. രൂപത ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ ക്ലാസിന് നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | – | ജിൽസ് മേക്കൽ |
| വൈസ് പ്രസിഡന്റ് | – | ജോർജ്ജ് കൂട്ടുങ്കൽ |
| സെക്രട്ടറി | – | ജോസഫ് തുമ്പിയിൽ |
| ട്രഷർ | – | എം.എം. ജോസഫ് |
| മേഖല പ്രതിനിധികൾ | – | ജോസഫ് ചെറുപ്ലാവിൽ,<br>കെ.റ്റി. തോമസ് കദളിക്കാട്ടിൽ |

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

# അറിയിപ്പുകൾ

**കരോൾ നൈറ്റ് 2019**

കെ.സി.വൈ.എം. തൃശ്ശിലേരി യൂണിറ്റിന്റെ നേതൃത്വത്തിൽ തൃശ്ശിലേരി ഇടവകയിൽ വെച്ച് ഈ വർഷവും കരോൾ നൈറ്റ് നടത്താൻ ആഗ്രഹിക്കുന്നു. ഈ കരോൾ ഗാനമത്സരത്തിൽ അച്ചന്റെ ഇടവകയിൽ നിന്നും ഒരു ടീമിനെ പങ്കെടുപ്പിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. മത്സരത്തെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കുറിക്കുന്നു.

**മത്സരതീയതി-** 2019 ഡിസംബർ 21 ശനിയാഴ്ച
**സമയം** - 6.30 p.m.
**മത്സരവേദി** - സെന്റ് ജോർജ്ജ് ചർച്ച് ഓഡിറ്റോറിയം തൃശ്ശിലേരി
**സമ്മാനം** - 1-ാം സമ്മാനം 10001 രൂപ
2-ാം സമ്മാനം 5001 രൂപ
3-ാം സമ്മാനം 3001 രൂപ

- മ്യൂസിക് ഉപയോഗിക്കണം (ഇൻസ്ട്രുമെന്റ്/ കരോക്കെ), കരോക്കെയിൽ റിക്കോഡിങ്ങ് കോറസ് ഉണ്ടാവരുത്.
- ഒരു ടീമിന് 250 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.
- പങ്കെടുക്കുന്ന ടീമുകൾ പാടാൻ ഉദ്ദേശിക്കുന്ന പാട്ട് മുൻകൂട്ടി സംഘാടകരെ അറിയിക്കേണ്ടതാണ്. ഒരു പാട്ട് ഒരു ടീമിന് മാത്രമേ പാടാൻ അനുവദിക്കുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ പാടാൻ ഉദ്ദേശിക്കുന്ന പാട്ട് നേരത്തേ രജിസ്റ്റർ ചെയ്യേണ്ടതാണ്. സെലക്ട് ചെയ്യുന്ന പാട്ട് ആദ്യം അറിയിക്കുന്ന ടീമിനാണ് അനുവദിക്കുക.
- ജഡ്ജസ്സിന്റെ തീരുമാനം അന്തിമമാണ്.
- പങ്കെടുക്കുന്ന ടീമുകൾ ഡിസംബർ 5-ാം തീയതിക്ക് മുമ്പ് താഴെ പറയുന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫോൺ : 9446940392, ഫാ. സിജോ എടക്കുടിയിൽ
: 9961181171 ജോയിസ് പുൽപ്പറമ്പിൽ

കരോൾ നൈറ്റിന് എല്ലാവിധ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട്,

**ഫാ. സിജോ എടക്കുടിയിൽ**

## നവാഗത ചെറുകഥാകൃത്തുക്കൾക്കായി കെ.സി.ബി.സി. മീഡിയ യുടെ മത്സരം

മലയാള ചെറുകഥാരംഗത്ത് മൗലീകതയുള്ള പുതിയ പ്രതിഭ കളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി കെസിബിസി മാധ്യമ കമ്മീഷൻ മത്സരം ഏർപ്പെടുത്തുന്നു. നവാഗത ചെറുകഥാകൃത്തു ക്കൾക്കു തങ്ങളുടെ ലഘുജീവചരിത്രകുറിപ്പും ഒരു സ്റ്റാമ്പ് സൈസ് ഫോട്ടോയും സഹിതം കടലാസ്സിന്റെ ഒരു വശത്തു മാത്രമായി എഴു തിയ കഥകൾ മത്സരത്തിനയയ്ക്കാം. പ്രവേശന ഫീസ് ഇല്ല. മത്സര ത്തിനുള്ള കഥകൾ 2019 ഡിസംബർ 31-നകം സെക്രട്ടറി, കെസിബിസി മാധ്യമ കമ്മീഷൻ, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, പാലാരിവട്ടം സിഗ്നൽ ജംഗ്ഷനു സമീപം, കൊച്ചി 682 025 എന്ന വിലാസത്തിൽ അയയ്ക്കണം. പ്രഗത്ഭ സാഹിത്യകാരന്മാരടങ്ങുന്ന ജൂറി പരിശോധിച്ച് ഒന്നും രണ്ടും മൂന്നും സ്ഥാനത്തിനർഹമായി നിർദ്ദേശിക്കുന്ന കഥ കളുടെ കർത്താക്കൾക്ക് യഥാക്രമം 5,000/, 3000, 2,000/- രൂപയുടെ ക്യാഷ് അവാർഡും പ്രശംസാപത്രവും സമ്മാനിക്കുന്നതാണ്. ഇതടക്കം ഏറ്റവും മികച്ച 10 കഥകളുടെ കർത്താക്കൾക്ക് ജനുവരിയിൽ എം.കെ. സാനു മാസ്റ്റർ നയിക്കുന്ന പ്രശസ്ത തിരക്കതാകൃത്ത് ശ്രീ. ജോൺ പോൾ ഏകോപിപ്പിക്കുന്ന ചെറുകഥാ ക്യാമ്പിൽ പങ്കെടുക്കുവാൻ അവ സരം നൽകുന്നതും അവരുടെ കഥകൾ മാധ്യമ കമ്മീഷന്റെ ഓൺലൈൻ ചാനലിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നതുമാണ്. കെ.സി.ബി.സി. മീഡിയ കമ്മീഷന്റെ ഓൺലൈൻ ചാനലായ icon media യ്ക്ക് അങ്ങും അങ്ങയുടെ രൂപതയും നല്കുന്ന സപ്പോർട്ടിന് നന്ദിപറയുകയും ഒപ്പം മീഡിയ കമ്മീഷന്റെ പുതിയ സംരംഭത്തിന് പ്രോത്സാഹനം നല്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ**

സെക്രട്ടറി, കെസിബിസി മാധ്യമ കമ്മീഷൻ

# Pastoral Centre Programme



**December 2019**

| | | |
|---|---|---|
| 01-04 | - | MPC |
| 06 | - | DYM |
| 07 | - | Catechism, Zion, DYM |
| 08 | - | Catechism - Prathibhasangamam |
| 11 | - | Priests' Conference |
| 13 | - | KCYM, DYM |
| 13 | - | KCYM , CML , MATHRUVEDI, LOGOS Prize Distribution |
| 20-23 | - | Zion Retreat |
| 27-28 | - | CML |
| 27-30 | - | MPC |

**Fr. Paul Vazhappilly**
Director Pastoral Centre

# *Bishop's Programme*



## December

| | |
|---|---|
| *2 Monday .............* | *Mananthavady : Mass at Latin Church* |
| *3 Wed - 7 Sat ...........* | *Out of Station* |
| *8 Sunday ..................* | *Puthussery: Parish Jubilee*<br>***Afternoon** - Thavinjal* |
| *11 Wednesday ..........* | *Dwaraka: Priests' Conference* |
| *12 Thu-18 Wed ........* | *Out of Station* |
| *19 Thursday ............* | *Thamarassery* |
| *20 Friday ................* | *Kalpetta: Anniversary - De Paul School* |
| *21 Saturday .............* | *Mount Mary College: Minor orders* |
| *23 Monday .............* | *Visitors' Day* |
| *24 Tuesday .............* | *Visitors' Day* |
| *25 Wednesday .........* | *Cathedral: Christmas* |
| *26 Thursday ...........* | *Yavanarkulam: Ordination – Dn Vinoy Kalapurackal*<br>***Afternoon**: Deepthigiri: Ordination - Dn Nidheesh Thalachira* |
| *27 Friday: ..............* | *Out of Station* |
| *28 Saturday...............* | *Velloonny: Ordination - Dn Ribin Pezhakattil* |
| *29 Sunday ...............* | *Dwaraka: Conclusion of Parish Jubilee* |
| *30 Monday .............* | *Pookkottumpadam: Ordination - Dn Varghese Thekkekkara O.Praem.*<br>***Afternoon:** Elapeedika: Ordination - Dn Nidhin Alackathadathil* |
| *31 Tuesday .............* | *Karimbil: Ordination – Dn Prince Thekkethil* |

***January 2020***

| | |
|---|---|
| *01 Wednesday: .......* | *Chennalode: Ordination - Dn Vipin Kalapurackal, Dn Akhil Kunnath, Dn Jithin Edachilath & Dn Sebastian Puthukattil* |
| *02 Thursday ...........* | *Malome: Ordination - Dn Manu Njondimackal,* |
| *03 Friday ..............* | *Kayyunny: School Anniversary* |
| *04 Saturday ............* | *Thariode: Ordination - Dn Jiffin Muttappallil*<br>***Afternoon:*** *Kottathara - Ordination: Dn Jofin Mulakodiyankal* |
| *05- Sun -16 Thur .....* | *Kakkanad: Synod* |
| *17 Friday ...............* | *Engaged* |
| *18 Saturday .............* | *Payyampally: Ordination - Dn Athul Ulloppillil SJ* |
| *19 Sunday ............* | *Kenichira: Conclusion of Parish Jubilee* |
| *20 Monday: .............* | *Visitors' day* |
| *21 Tuesday ..............* | *Out of Station* |
| *22 Wednesday .........* | *Thavinjal: Laying of Foundation Stone for New Church* |
| *23 Thursday ..........* | *Poroor: Ordination - Dn Arun Madathiparambil & Dn Arun Nattalil OFM* |
| *24 Friday ...............* | *Out of station* |
| *25 Saturday ............* | *Engaged* |
| *27 Monday .............* | *Ambalavayal: Ordination - Dn Jerry Varakukalaputhenpura SDB* |
| *29 Wednesday .........* | *Visitors' Day* |
| *31 Friday .............* | *Out of station* |

• • • • • •